# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

2015 ജൂലൈ 24, വെള്ളി

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--258]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | : 4804 മുതൽ 4916 വരെ |
| ജലവിഭവ വകുപ്പുമന്ത്രി | : 4917 മുതൽ 4987 വരെ |
| തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി | : 4988 മുതൽ 5014 വരെ |
| പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : 5015 മുതൽ 5061 വരെ |

### കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽസ് (കാഷ് )

4804. ഡോ.ടി.എം.തോമസ് ഐസക്
പ്രൊഫ. സി.രവീന്ദ്രനാഥ്
ശ്രീ.കെ.കെ.ജയചന്ദ്രൻ
,, സി.കെ സദാശിവൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശുപത്രികളുടെ നിലവാരം ഉറപ്പാക്കൽ പദ്ധതി പ്രകാരം കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽസ് (കാഷ് ) ലഭിക്കാനായി എന്തൊക്കെ മാനദണ്ഡങ്ങൾ പാലിക്കേണ്ടതുണ്ട്;

(ബി) മിഷൻ 676 സമയ പരിധിയനുസരിച്ച് എത്ര ആശുപത്രികൾക്കാണ് അക്രഡിറ്റേഷൻ ലഭ്യമാക്കേണ്ടിയിരുന്നത് ; ഇതിനോടകം എത്ര ആശുപത്രികൾക്ക് അക്രഡിറ്റേഷൻ ലഭിച്ചു ;

(സി) പ്രസ്തുത ആശുപത്രികൾ ഓരോന്നിലും എന്തൊക്കെ പുതിയ പ്രവർത്തനങ്ങളാണ് നടത്തിയതെന്നും, അതിനായി ചെലവഴിച്ച തുകയെത്രയെന്നും അറിയിക്കുമോ ?

### കാൻസർ, ഡയബറ്റീസ് രോഗങ്ങൾക്കുള്ള ചികിൽസാ ചെലവ്

4805. ശ്രീ.പി.സി. ജോർജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ, ഡയബറ്റീസ് രോഗങ്ങൾക്കുള്ള ചികിൽസാ ചെലവ് വളരെ കൂടുതലാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;എന്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ ;

(ബി) കാൻസർ, ഡയബറ്റീസ് രോഗങ്ങൾക്കുള്ള മരുന്നുകളുടെ വില കമ്പനിക്കാർ നിയന്ത്രണമില്ലാതെ കൂട്ടുന്നതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത മരുന്നുകൾക്ക് സബ് സിഡി നൽകി വില കുറച്ചുകൊടുക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ ?

സേഫ് കേരള പരിപാടിയുടെ ഭാഗമായി നടത്തിയ പരിശോധന

4806. ശ്രീ.എം.ഉമ്മർ

,, എൻ. ഷംസുദ്ദീൻ

,, പി.കെ.ബഷീർ

,, കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ സേഫ് കേരള പരിപാടിയുടെ ഭാഗമായി നടത്തിയ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത അപാകതകൾക്കെതിരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) സേഫ് കേരളയുടെ ഭാഗമായി ഇനിയും എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

മായം കലർന്ന വെളിച്ചെണ്ണ നിരോധിക്കൽ

4807. ശ്രീ.സി.പി.മുഹമ്മദ്

,, എ.പി.അബ്ദുള്ളക്കുട്ടി

,, വി.ഡി.സതീശൻ

,, ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പരിശോധനയിൽ മായം കലർന്നതായി കണ്ടെത്തിയ എത്ര ബ്രാൻഡ് വെളിച്ചെണ്ണകളാണ് കേരളത്തിൽ നിരോധിച്ചിട്ടുള്ളത്;

(ബി) പാരഫിൻ വാക്സിനു പുറമെ എന്തെല്ലാം പദാർത്ഥങ്ങളാണ് വെളിച്ചെണ്ണയിൽ മായം ചേർക്കാൻ ഉപയോഗിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ളത്;

(സി) കേരളത്തിലേയ്ക്ക് ദിനംപ്രതി വരുന്ന നൂറ് കണക്കിന് ലോഡ് പാരഫിൻ വാക്സ് എന്താവശ്യത്തിനാണ് കൊണ്ടുവരുന്നതെന്ന് കണ്ടെത്തുവാൻ നടപടി സ്വീകരിക്കുമോ?

എൻ.ആർ.എച്ച്.എം. ഫണ്ടുപയോഗിച്ചുള്ള ആരോഗ്യ കുടുംബക്ഷേമ പദ്ധതികൾ

4808. ശ്രീ.രാജു എബ്രഹാം

,, വി.ശിവൻകുട്ടി

ശ്രീമതി.കെ.കെ.ലതിക

ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.ആർ.എച്ച്.എം. ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന പരിപാടികൾ ഏതൊക്കെയെന്ന് വിശദീകരിക്കാമോ; സംസ്ഥാന വിഹിതമെത്രയെന്ന് അറിയിക്കുമോ;

(ബി) 2013-14, 2014-15 വർഷങ്ങളിൽ സംസ്ഥാന വിഹിതം കുടിശ്ശികയായത് 2015-16 ലെ കേന്ദ്ര വിഹിതത്തെ എങ്ങനെ ബാധിക്കുമെന്ന് അറിയിക്കാമോ; ഇത് വിവിധ പദ്ധതികളുടെ നടത്തിപ്പിനെ എത്തരത്തിൽ ബാധിക്കുമെന്ന് വിശദമാക്കാമോ;

(സി) ലഭ്യമാക്കിയ കേന്ദ്ര ഫണ്ടുതന്നെ ട്രഷറിയിൽ നിന്നും ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിക്ക് ലഭ്യമാക്കിയിട്ടില്ലെന്ന ആക്ഷേപത്തെക്കുറിച്ച് വ്യക്തമാക്കാമോ; തുക ലഭിച്ച തീയതിയും സൊസൈറ്റിക്ക്

ലഭിച്ച തീയതിയും അറിയിക്കുമോ;

(ഡി) ഇത് ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റി മുഖേന നടപ്പാക്കുന്ന പദ്ധതികളെ പ്രതികൂലമായി ബാധിച്ചത് അവലോകനം ചെയ്തിരുന്നോ; എങ്കിൽ വിശദാംശം നൽകാമോ?

<u>കൗമാര ആരോഗ്യ ക്ലിനിക്കുകൾ.</u>

4809. ശ്രീ.വി.റ്റി.ബൽറാം
,, ആർ . സെൽവരാജ്
,, ലൂഡി ലൂയിസ്
,, എം.പി.വിൻസെൻറ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൗമാര പ്രായക്കാരിലെ ആരോഗ്യ പ്രശ്നങ്ങൾ, മാനസിക സമ്മർദ്ദം എന്നിവ കണ്ടുപിടിക്കുന്നതിനും ഫലപ്രദമായി ചികിത്സിക്കുന്നതിനും സംസ്ഥാനത്ത് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് ;

(ബി) എന്ന് മുതലാണ് കൗമാര ആരോഗ്യ ക്ലിനിക്കുകൾ പ്രവർത്തിച്ചു തുടങ്ങിയത് ;ഏതെല്ലാം ജില്ലകളിൽ ;

(സി) കൗമാര ആരോഗ്യ ക്ലിനിക്കുകൾ പി.എച്ച്.സി. കളിലും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) നിലവിൽ സഞ്ചരിക്കുന്ന കൗമാര ആരോഗ്യ ക്ലിനിക്കുകളുടെ സേവനം ഏതെല്ലാം ജില്ലകളിൽ ലഭ്യമാണ് ?

<u>ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം (എൻ.ആർ.എച്ച്.എം) മുഖാന്തിരമുള്ള പ്രവൃത്തികൾ</u>

4810. ശ്രീമതി.കെ.എസ്.സലീഖ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ ദൗത്യത്തിന് (NRHM) ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും ലഭിച്ച തുക എത്രയെന്നും ഇവയിൽ ഏതെല്ലാം പ്രവൃത്തികൾക്കായി എത്ര തുക വീതം ഓരോ വർഷവും ചെലവാക്കിയെന്നും സംസ്ഥാന സർക്കാർ തുകയിൽ നിന്നും ഓരോ വർഷവും ഏതെല്ലാം പ്രവൃത്തികൾക്കായി എത്ര തുക വീതം ചെലവാക്കിയെന്നും വ്യക്തമാക്കുമോ;

(ബി) NRHM പ്രവൃത്തികളിൽ ഓരോ വർഷവും ചെലവാക്കുന്ന തുകയും പ്രവൃത്തികളും പ്രവർത്തനത്തിന്റെ ഗുണദോഷങ്ങളും പ്രവർത്തനം കൊണ്ടുണ്ടായ നേട്ടങ്ങളും സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) NRHM പ്രവർത്തനങ്ങൾക്കായി നിയോഗിക്കപ്പെട്ട താൽക്കാലിക ജീവനക്കാർ എത്ര (തസ്തിക തിരിച്ച്) എന്നും ഇതിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ആശാ വർക്കർമാർ എത്ര പേരുണ്ട് എന്നും ആശാ വർക്കർമാർക്ക് സ്ഥിരം നിയമനം നൽകാൻ എന്തു നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ;

(ഡി) NRHM നടത്തിവരുന്ന ആരോഗ്യ പ്രവൃത്തികൾ എന്തെല്ലാമെന്നും ഓരോന്നിനും ചുമതലയുള്ള ഉദ്യോഗസ്ഥർ ആരെല്ലാമെന്നും ഇവരുടെ പ്രവൃത്തികൾ സർക്കാർ കാലാകാലങ്ങളിൽ പരിശോധിച്ചിട്ടുണ്ടോയെന്നും, പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയവർ ആരെല്ലാമെന്നും വ്യക്തമാക്കാമോ?

<u>എച്ച്.ഐ.വി ദുരിത ബാധിതർക്ക് പെൻഷൻ</u>

4811. ശ്രീ.വി.എസ്.സുനിൽ കുമാർ
ശ്രീമതി.ഗീതാ ഗോപി
ശ്രീ.ജി.എസ്.ജയലാൽ
,, ഇ.കെ.വിജയൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എച്ച്.ഐ.വി ദുരിത ബാധിതരായി എത്ര പേരുണ്ട് ; ഓരോ ജില്ലയിലും എത്ര വീതം ; വ്യക്തമാക്കുമോ ;

(ബി) എച്ച്.ഐ.വി ദുരിത ബാധിതർക്ക് കേരള സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റി മുഖാന്തിരം നൽകിവരുന്ന ആനുകൂല്യങ്ങൾ വ്യക്തമാക്കുമോ ;

(സി) എച്ച്.ഐ.വി ദുരിത ബാധിതർക്ക് പെൻഷൻ നൽകുന്നുണ്ടോ ; എങ്കിൽ പ്രതിമാസ പെൻഷൻ തുകയെത്ര ; പെൻഷൻ കുടിശ്ശകയുണ്ടോ ; എങ്കിൽ എത്ര മാസത്തെ പെൻഷൻ കുടിശ്ശികയുണ്ടെന്ന് വെളിപ്പെടുത്തുമോ?

<u>ആരോഗ്യ കിരണം പദ്ധതി</u>

4812. ശ്രീ.ഇ.പി.ജയരാജൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ കിരണം പദ്ധതി എന്നു മുതലാണ് സംസ്ഥാനത്തു നടപ്പിലാക്കിയത്;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തായിരുന്നു;

(സി) ഓരോ സാമ്പത്തിക വർഷവും പദ്ധതിക്കായി എന്തു തുകയാണ് സംസ്ഥാന വിഹിതമായി വകയിരുത്തിയത്;

(ഡി) എത്ര ഉണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചു?

<u>സുകൃതം പദ്ധതി</u>

4813. ശ്രീ.കെ.ശിവദാസൻ നായർ

,, അൻവർ സാദത്ത്

,, ഹൈബി ഈഡൻ

,, എം.എ. വാഹീദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുകൃതം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; സുകൃതം

(ബി) പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം ജനവിഭാഗങ്ങളെ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ഒരു സാമ്പത്തിക വർഷം എത്ര രൂപ ചെലവ് വരും;

(ഡി) പ്രസ്തുത പദ്ധതിക്ക് സമാനമായ പദ്ധതി ഏതെങ്കിലും സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സംസ്ഥാനങ്ങളിലാണെന്ന് അറിയുമോ ?

<u>ട്രോമ കെയർ സംവിധാനം</u>

4814. ശ്രീ.വി.ഡി.സതീശൻ

,, പി.സി വിഷ്ണുനാഥ്

,, എ.റ്റി.ജോർജ്

,, കെ.മുരളീധരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ച് വരുന്ന റോഡപകടങ്ങൾ കണക്കിലെടുത്ത് എല്ലാ താലൂക്ക് ആശുപത്രികളിലും അത്യാഹിത വിഭാഗം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) എത്ര ആശുപത്രികളിൽ ട്രോമ കെയർ സംവിധാനം ഇപ്പോൾ ലഭ്യമാണ് ; ഏതെല്ലാം

ആശുപത്രികളിലാണ് പ്രസ്തുത സംവിധാനം ഉള്ളതെന്ന് അറിയിക്കുമോ ;

(സി) എല്ലാ ജില്ലാ, താലൂക്ക് ആശുപത്രികളിലും ട്രോമ കെയർ സംവിധാനം സജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ ?

## ആരോഗ്യ മേഖലയിലെ തസ്തികകൾ

4815. ശ്രീ.എം.പി.വിൻസെൻറ്

,, വർക്കല കഹാർ

,, ടി.എൻ. പ്രതാപൻ

,, സി.പി.മുഹമ്മദ് **:** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-2012 കാലയളവിൽ ആരോഗ്യ വകുപ്പിൽ എത്ര തസ്തികകൾ സൃഷ്ടിക്കുകയുണ്ടായെന്ന് വ്യക്തമാക്കുമോ?

## വയനാട് ജില്ലയിലെ മാനസികാരോഗ്യ പദ്ധതി

4816. ശ്രീ.എം.വി.ശ്രേയാംസ് കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ഇംഹാൻസിൻെറ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന മാനസികാരോഗ്യ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് ആവശ്യമായ തുക എവിടെ നിന്നാണ് സമാഹരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി തടസ്സം കൂടാതെ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

## അണുബാധ നിയന്ത്രണത്തിന് ചിപ്പ്സ് പദ്ധതി

4817. ശ്രീ.ഇ.പി.ജയരാജൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ അണുബാധ നിയന്ത്രണത്തിനും ശുചീകരണത്തിനുമായി പ്രഖ്യാപിച്ച ചിപ്പ്സ് പദ്ധതിക്ക് എത്ര തുക ഇതുവരെ വകയിരുത്തി ; എത്ര തുക ചെലവഴിച്ചു ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം സർക്കാർ ആശുപത്രികളിലാണ് അണുബാധാ നിയന്ത്രണ, ശുചീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയത് ?

## ഭക്ഷ്യ പദാർത്ഥങ്ങളിലെ കീടനാശിനി / രാസ പരിശോധന

T 4818. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും പഴം, പച്ചക്കറി, പാൽ തുടങ്ങിയ ഭക്ഷ്യവസ്തുക്കൾ എത്ര ടൺ വീതം സംസ്ഥാനത്ത് പ്രതിദിനം എത്തുന്നുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഈ ഭക്ഷ്യ പദാർത്ഥങ്ങളിൽ കീടനാശിനികളും രാസവസ്തുക്കളും ഉപയോഗിക്കുന്നത് തടയുന്നതിനും ആയത് പരിശോധിക്കുന്നതിനും എന്തെല്ലാം മാർഗ്ഗങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന മുഴുവൻ ഭക്ഷ്യവസ്തുക്കളും പരിശോധിക്കുന്നതിന് നിലവിൽ സംവിധാനമുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം ഇത്തരത്തിലുള്ള എത്ര പരിശോധനകൾ നടത്തിയിട്ടുണ്ടെന്നും എത്ര കേസുകൾ രജിസ്ററർ ചെയ്തി ട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ?

<u>നാഷണൽ റൂറൽ ഹെൽത്ത് മിഷൻ</u>

4819. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് ആസ്ഥാനമായി നാഷണൽ റൂറൽ ഹെൽത്ത് മിഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചിട്ടുണ്ടോ ;

(ബി) ഇതിനായി കെട്ടിട സൗകര്യമൊരുക്കിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത കെട്ടിടം ഉദ്ഘാടനം ചെയ്തിരിക്കുന്നതെന്ന് എന്നാണെന്ന് വ്യക്തമാക്കാമോ ;

(ഡി) എൻ. ആർ. എച്ച്. എം. ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം നിലവിൽ നടക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ?

<u>ഫീൽഡ് വിഭാഗം ജീവനക്കാർക്ക് സ്പെഷ്യൽ റൂൾസ്</u>

4820. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാർക്ക് സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) സ്പെഷ്യൽ റൂൾസ് ബാധകമല്ലാത്ത തസ്തികകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ ;

(സി) ഇത് സംബന്ധിച്ച സർക്കാർ വിജ്ഞാപനം നിലവിലുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ഫീൽഡ് വിഭാഗം ജീവനക്കാർക്ക് സ്പെഷ്യൽ റൂൾസ് നിലവിലില്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ?

<u>നൂറനാട് ലെപ്രസി സാനറ്റോറിയത്തെ താലൂക്കാശുപത്രിയാക്കുന്നതിന് നടപടി</u>

4821. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നൂറനാട് ലെപ്രസി സാനറ്റോറിയത്തിലെ അന്തേവാസികളെ തൃശ്ശൂർ കൊരട്ടിയിലെ ലെപ്രസി സാനറ്റോറിയത്തിലേക്ക് കൊണ്ടുപോകുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് തൃശ്ശൂർ കളക്ടർ തയ്യാറാക്കി സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; റിപ്പോർട്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) നൂറനാട് ലെപ്രസി സാനറ്റോറിയത്തിലെ അന്തേവാസികളുടെ വിവരങ്ങൾ ആരോഗ്യവകുപ്പ് ശേഖരിച്ചിട്ടുള്ളത് ലഭ്യമാക്കുമോ;

(ഡി) വിവരശേഖരണം എന്തടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ;

(ഇ) ലെപ്രസി സാനറ്റോറിയം നൂറനാട് നിലനിർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(എഫ്) ലെപ്രസി സാനറ്റോറിയത്തെ താലൂക്കാശുപത്രിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ജി) ലെപ്രസി സാനറ്റോറിയത്തെ താലൂക്കാശുപത്രിയാക്കുന്നതിനായി ആരോഗ്യവകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

വിഷാംശം കലർന്ന മത്സ്യം വിപണനത്തിന് .

T 4822. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ എത്തിച്ച് വിതരണം ചെയ്യുന്ന മത്സ്യങ്ങളിൽ വിഷലിപ്തമായ വസ്തുക്കൾ കണ്ടെത്തിയതായ റിപ്പോർട്ടുകളുടെ നിജസ്ഥിതി വെളിപ്പെടുത്തുമോ ;

(ബി) കേരളത്തിൽ വില്പനയ്ക്കെത്തുന്ന മത്സ്യങ്ങളിൽ വിഷാംശം ഉണ്ടോ എന്ന് കണ്ടെത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് ; കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഇത്തരത്തിൽ എത്ര സംഭവങ്ങളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) വിഷാംശമുള്ള മത്സ്യം വിപണനത്തിന് എത്തിച്ചതിനെതിരെ എന്തെങ്കിലും കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; എത്ര കേസ്സുകൾ ;എവിടെയെല്ലാം; വിശദമാക്കാമോ ;

(ഡി) വിഷാംശം കലർന്ന മത്സ്യം ഇവിടെ എത്തുമ്പോൾ ബന്ധപ്പെട്ട സംസ്ഥാനങ്ങളിലെ ഫിഷറീസ് വകുപ്പിനെ വിവരം ധരിപ്പിച്ച് കുറ്റക്കാരായവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനു സർക്കാർ തലത്തിൽ എന്ത് നടപടിയാണ് കൈകൊണ്ടിട്ടുള്ളത് ?

നാഷണൽ അർബൻ ഹെൽത്ത് മിഷൻ പദ്ധതി

T 4823. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ അർബൻ ഹെൽത്ത് മിഷൻ പദ്ധതിയിലേക്ക് നഗരസഭകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ?

പബ്ലിക് ഹെൽത്ത് (വിംഗ്) വിഭാഗത്തിൽ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന ആരോഗ്യ ഉപകേന്ദ്രങ്ങളിലെ തസ്തികകൾ

4824. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ പബ്ലിക് ഹെൽത്ത് (വിംഗ്) വിഭാഗത്തിൽ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന ആരോഗ്യ ഉപകേന്ദ്രങ്ങളിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ 40 വർഷത്തോളം മുമ്പ് നിലവിലുള്ളതാണ് എന്നതും ഇക്കാലമത്രയും സ്റ്റാഫ് പാറ്റേൺ പുതുക്കിയിട്ടില്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജനസംഖ്യാനുപാതികമായി പി.എച്ച്.സി. കളിൽ ജെ. എച്ച്.ഐ., ജെ. പി.എച്ച്.എൻ. തസ്തികകൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പി.എച്ച്.സി.കളിലെ ഇത്തരം തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നിർത്തലായിപ്പോവുന്ന സൂപ്പർന്യൂമററി തസ്തികകളുടെ കുറവ് കാരണമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമായി വ്യക്തമാക്കാമോ ;

(ഡി) കൊയിലാണ്ടി മണ്ഡലത്തിലെ സി.എച്ച്.സി. കളിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് തസ്തിക അനുവദിച്ച് നിയമനം നടത്താൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ആലപ്പുഴ ജില്ലയിലെ എൻ.ആർ.എച്ച്.എം. ഫണ്ട് വിനിയോഗം

4825. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.ആർ.എച്ച്. എം. ഫണ്ട് ഉപയോഗിച്ച് ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികളും പരിപാടികളും ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) 2011-12, 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ ജില്ലയിൽ ഇതിനായി ചെലവഴിക്കപ്പെട്ട തുക പദ്ധതി അടിസ്ഥാനത്തിൽ വർഷം തിരിച്ച് ലഭ്യമാക്കുമോ;

(സി) ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യകേന്ദ്രങ്ങൾക്കും ഉപകേന്ദ്രങ്ങൾക്കും കെട്ടിടവും മറ്റ് ഭൗതിക സാഹചര്യങ്ങളും ഏർപ്പെടുത്തുന്നതിന് പ്രസ്തുത ഫണ്ട് വിനിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആലപ്പുഴ ജില്ലയിലെ വിശദാംശം നൽകാമോ?

<u>ആരോഗ്യ വകുപ്പിലെ ആശ്രിത നിയമനം</u>

4826. **ശ്രീ.എ. പ്രദീപ്കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഗേഷ് .സി.ആർ , S/o. Late R.ചന്ദ്രൻ എന്ന വ്യക്തിക്ക് 17-6-2013-ലെ G.O.(Ms) No.251 / 2013 / H&FWD നമ്പർ പ്രകാരം ഉത്തരവു നൽകി എങ്കിലും ഇതുവരെ ആരോഗ്യ വകുപ്പിൽ ആശ്രിത നിയമനം വഴി ജോലി ലഭിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിയമനം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

<u>മാലിന്യ സംസ്കരണ സംവിധാനമില്ലാത്ത ഭക്ഷണശാലകൾക്കെതിരെ നടപടി</u>

4827. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരസഭാ പ്രദേശങ്ങളിലെ ഹോട്ടലുകൾ, ജ്യൂസ് പാർലറുകൾ എന്നിവയിൽ ആരോഗ്യ വകുപ്പ് നടത്തിയ പരിശോധനയിൽ ഓരോ ജില്ലയിലും കണ്ടെത്തിയ ഫലങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) മാലിന്യ സംസ്കരണ സംവിധാനമില്ലാത്ത എത്ര സ്ഥാപനങ്ങൾ ഈ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) മലപ്പുറം ജില്ലയിൽ മാലിന്യ സംസ്കരണ സംവിധാനമില്ലാത്ത എത്ര സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട് ;

(ഡി) നോട്ടീസ് നൽകിയ ശേഷം എത്ര സ്ഥാപനങ്ങളിൽ വേയ്സ്റ്റ് പിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട് ;

(ഇ) മലപ്പുറം ജില്ലയിലെ നഗരസഭാ പ്രദേശങ്ങളിൽ എത്ര സ്ഥാപനങ്ങളിൽ ഇനിയും വേയ്സ്റ്റ് പിറ്റുകൾ നിർമ്മിച്ചിട്ടില്ലെന്നും ഇവയ്ക്കെതിരെ എടുത്ത നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ ?

<u>ചേലക്കര മണ്ഡലത്തിലെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും</u>

4828. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ എത്ര സാമൂഹികാരോഗ്യ കേന്ദ്രങ്ങളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഉണ്ട്; പ്രസ്തുത കേന്ദ്രങ്ങളിലെ ഒ.പി. വിഭാഗം രോഗികളുടെ എണ്ണവും ഐ.പി. ഉള്ള ആശുപത്രികളിലെ ഐ.പി. വിഭാഗം രോഗികളുടെ എണ്ണവും എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ ഓരോന്നിലും അനുവദിക്കപ്പെട്ട ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ തസ്തികകൾ എത്ര; അവയിൽ നിലവിൽ ജോലിചെയ്യുന്നവർ എത്രയുണ്ടെന്നും എത്ര ഒഴിവുകൾ വീതമുണ്ടെന്നും പറയാമോ;

(സി) ഇതിൽ താലൂക്ക് ആശുപത്രി നിലവാരത്തിൽ ഉയർത്തിയ സാമൂഹികാരോഗ്യ കേന്ദ്രം ഏതാണ്; അതിൽ താലൂക്ക് ആശുപത്രിക്കാവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങളും വ്യക്തമാക്കുമോ;

(ഡി) പാഞ്ഞാൾ, ദേശമംഗലം, വരവൂർ, കൊണ്ടാഴി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഐ.പി. വിഭാഗം സംവിധാനം സജ്ജമാക്കിയിട്ടും അനുവദിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

<u>നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽസ് ആന്റ് ഹെൽത്ത് കെയർ അംഗീകാരം</u>

4829. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
,, ടി.എൻ. പ്രതാപൻ
,, സണ്ണി ജോസഫ്
,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര ആശുപത്രികൾക്ക് 'നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽസ് ആന്റ് ഹെൽത്ത് കെയർ' അംഗീകാരം ലഭിച്ചു; അവ ഏതെല്ലാം;

(ബി) എൻ.എ.ബി.എച്ച് അംഗീകാരം ലഭിക്കുന്നതിന് ആവശ്യമായ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളെയും എൻ.എ.ബി.എച്ച് നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>മൊബൈൽ ക്ലിനിക്കുകൾ ആരംഭിക്കുവാൻ നടപടി</u>

4830. ശ്രീ.കെ.എസ്.ശബരീനാഥൻ
,, ലൂഡി ലൂയിസ്
,, കെ.മുരളീധരൻ
,, എ.പി.അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചികിത്സാ സൗകര്യങ്ങൾ ലഭ്യമല്ലാത്ത വിദൂര പ്രദേശങ്ങളിലുള്ള ജനങ്ങളുടെ ജീവിതശൈലീരോഗപരിശോധനയ്ക്കും നിർണ്ണയത്തിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്;

(ബി) പി.എച്ച്.സി. കൾ ഇല്ലാത്ത വിദൂര പ്രദേശങ്ങളിൽ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) വിദൂര പ്രദേശങ്ങളിൽ വസിക്കുന്ന ജനങ്ങളുടെ ചികിത്സക്കായി മൊബൈൽ ക്ലിനിക്കുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>സ്റ്റാഫ് നഴ്സ് തസ്തികകൾ</u>

4831. ശ്രീ.ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരിധിയിലുള്ള ജില്ല, താലൂക്ക്, സി.എച്ച്.സി, പി.എച്ച്.സി., എന്നീ ആശുപത്രികളിലായി സ്റ്റാഫ് നഴ്സ് ഗ്രേഡ്- III സ്റ്റാഫ് നഴ്സ്-II, ഹെഡ് നഴ്സ് എന്നിവരുടെ എത്ര അനുവദനീയ തസ്തികകളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ ;

(ബി) മേൽസൂചിപ്പിച്ച തസ്തികകളിൽ ജോലി നോക്കുന്ന ജീവനക്കാർക്ക് യഥാക്രമം 2:2:1 എന്ന് അനുപാതത്തിലുള്ള പ്രൊമോഷൻ നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലായെങ്കിൽ വിശദാംശം അറിയിക്കുമോ ;

(സി) ഡി.എച്ച്.എസിന്റെ ES3/76025/10 തീയതി 3.01.2013 ലെ പഴയ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം റാങ്ക് നമ്പർ 3460 മുതൽ 3895 വരെയും പുതിയ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം 1മുതൽ 2000 വരെയും ഉള്ള ലിസ്റ്റിൽ നിന്നും ഗ്രേഡ് -I നഴ്സുമാർ, മറ്റ് 13 ജില്ലകളിൽ നിന്നും ആയി കൊല്ലം ജില്ലയിലേക്ക് എത്ര പേർ സ്ഥലമാറ്റം മുഖാന്തിരം ജോലിനോക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഡി) അന്തർ ജില്ലാ സ്ഥലം മാറ്റത്തിന് ഗ്രേഡ് -I നഴ്സുമാർക്ക് മാനദണ്ഡം എന്തെങ്കിലും നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ ആയത് എന്താണെന്ന് വ്യക്തമാക്കുമോ ?

സാന്ത്വന ചികിത്സ

4832. ശ്രീ.ഷാഫി പറമ്പിൽ
,, എ.പി.അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ
,, ജോസഫ് വാഴയ്ക്കൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാന്ത്വന ചികിത്സാ രംഗത്ത് എന്തെല്ലാം നവീന പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന വ്യക്തമാക്കാമോ;

(ബി) സാന്ത്വന ചികിത്സയ്ക്ക് ആയുർവേദ /ഹോമിയോ മരുന്നുകൾ ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ഹോമിയോ/ ആയുർവേദ ചികിത്സാ രീതികൾ സാന്ത്വന ചികിത്സയ്ക്ക് ഫലപ്രദമായി ഉപയോഗിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

നാദാപുരം താലൂക്ക് ആശുപത്രിയിലെ ഒഴിവുകൾ

4833. ശ്രീ.ഇ.കെ.വിജയൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം താലൂക്ക് ആശുപത്രിയിൽ നിലവിലുള്ള ഒഴിവുകളുടെ തസ്തിക തിരിച്ചുള്ള കണക്ക് നൽകാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ;

(സി) നിലവിലുള്ള ഒഴിവുകൾ നികത്തി ആശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

കട്ടപ്പന താലൂക്ക് ആശുപത്രിയിൽ നിയമനം നടത്തുന്നതിന് നടപടി

4834. ശ്രീ.റോഷി അഗസ്റ്റിൻ **:** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് ആശുപത്രിയായി ഉയർത്തിയ കട്ടപ്പന പ്രൈമറി ഹെൽത്ത് സെന്ററിൽ ആവശ്യമായ ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

മലപ്പുറം കാൻസർ സെന്ററിന്റെ പ്രവർത്തനം

4835. ശ്രീ.പി.ഉബൈദുള്ള **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഇൻകെൽ കേന്ദ്രങ്ങളിൽ ആരംഭിക്കുന്ന കാൻസർ സെന്ററിന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) സ്പെഷ്യൽ ഓഫീസറെ നിയമിച്ചതിനുശേഷം പ്രസ്തുത കേന്ദ്രം ആരംഭിക്കുന്നതിനായി നാളിതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>അരിയിൽ ആർസനിക് രാസപദാർത്ഥം അടങ്ങിയിട്ടുണ്ടെന്ന റിപ്പോർട്ട്</u>

T 4836. ശ്രീ.കെ.എൻ.എ.ഖാദർ

,, കെ.എം.ഷാജി

,, പി.കെ.ബഷീർ

,, പി.ബി. അബ്ദുൾ റസാക് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രധാന ഭക്ഷണമായ അരിയിൽ അനുവദനീയമായതിലധികം ആർസനിക് എന്ന രാസപദാർത്ഥം അടങ്ങിയിട്ടുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതേക്കുറിച്ച് എന്തെങ്കിലും പരിശാധനകൾ നടത്തിയിട്ടുണ്ടോ ; എങ്കിൽ പരിശോധനാഫലം വെളിപ്പെടുത്തുമോ ;

(സി) ഇല്ലെങ്കിൽ അടിയന്തരമായി രാസപരിശോധന നടത്തി ഇതു സംബന്ധിച്ച് ജനങ്ങളുടെ ആശങ്ക നീക്കാൻ നടപടി സ്വീകരിക്കുമോ ?

<u>സ്വകാര്യ മെഡിക്കൽ ലാബുകളിലെ പരിശോധന</u>

4837. ശ്രീ.കെ.എൻ.എ.ഖാദർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മെഡിക്കൽ ലാബുകളിലെ പരിശോധനാഫലങ്ങളെക്കുറിച്ച് പരാതികൾ ഉണ്ടാകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തെറ്റായ പരിശോധനാഫലങ്ങൾ നൽകുന്നതു മൂലം പലപ്പോഴും രോഗികളുടെ ജീവന് തന്നെ അപകടങ്ങൾ ഉണ്ടാകുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കുന്ന ഇത്തരം ലാബുകളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പരിശോധനാതലങ്ങളിൽ പിഴവു വരുത്തുന്ന സ്വകാര്യ മെഡിക്കൽ ലാബുകൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ?

<u>സ്വകാര്യ മെഡിക്കൽ ലബോറട്ടറികൾക്കു വേണ്ട യോഗ്യത</u>

4838. ശ്രീ.പി.കെ.ബഷീർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മെഡിക്കൽ ലബോറട്ടറികൾക്ക് നിയമാനുസൃത പ്രവർത്തനം നടത്തുന്നതിന് ആവശ്യമായ യോഗ്യതകൾ എന്തൊക്കെയാണ്;

(ബി) ഇത് പ്രവർത്തിക്കാൻ ലൈസൻസ് കൊടുക്കുന്നത് ആരാണെന്നും മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) സ്വകാര്യ ലാബുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും, കാര്യക്ഷമമാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;വിശദാംശം ലഭ്യമാക്കുമോ?

എറണാകുളം മെഡിക്കൽ കോളേജിലെ ബി.എസ്.സി. നഴ്സിംഗ് ഹോസ്റ്റലിന്റെ നിർമ്മാണം

4839. ശ്രീ.ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മെഡിക്കൽ കോളേജിലെ ബി.എസ്.സി നഴ്സിംഗ് ഹോസ്റ്റലിന്റെ നിർമ്മാണത്തിന്റെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കാമോ;

(ബി) 90% പണിയും പൂർത്തിയായ കെട്ടിടത്തിന്റെ ബാക്കി പ്രവൃത്തികൾ പൂർത്തിയാക്കുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(സി) ഹോസ്റ്റൽ ഇല്ലാത്തതിനാൽ വിദ്യാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ബാക്കി പണി പൂർത്തിയാക്കി ഹോസ്റ്റൽ അടിയന്തരമായി തുറന്നുകൊടുക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ

4840. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ താലൂക്കാശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനം പൂർണ്ണമായും നടപ്പിലാക്കിയോ എന്ന് അറിയിക്കാമോ ; എന്തുകൊണ്ടാണ് അവ ആരംഭിക്കാത്തതെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം താലൂക്കാശുപത്രികളിലാണ് ഇനിയും ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കാത്തത് എന്നും പ്രസ്തുത യൂണിറ്റ് ആരംഭിക്കണമെങ്കിൽ എന്തെല്ലാം സൗകര്യങ്ങളാണ് വേണ്ടതെന്നും അറിയിക്കാമോ ;

(സി) ചേർത്തല താലൂക്കാശുപത്രിയിൽ പ്രസ്തുത യൂണിറ്റ് ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്നും അവിടെ ആയത് ആരംഭിക്കുന്നതിന് ആശുപത്രി അധികൃതർ എന്നാണ് അപേക്ഷ സമർപ്പിച്ചതെന്നും എന്നത്തേക്ക് പ്രസ്തുത യൂണിറ്റ് ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കുമോ?

കാൻസർ രോഗ നിയന്ത്രണം

4841. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ രോഗം നിയന്ത്രിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ കാൻസർ രോഗ ചികിത്സാ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

കാൻസർ കെയർ സെന്ററുകൾ

4842. ശ്രീ.എസ്.ശർമ്മ

,, സാജു പോൾ

,, എ. പ്രദീപ്കുമാർ

,, എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14 ബജറ്റിൽ പ്രഖ്യാപിച്ച പ്രകാരം തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ കാൻസർ ടെർഷ്യറി കെയർ സംവിധാനമേർപ്പെടുത്തുന്നതിനായി ചെയ്ത കാര്യങ്ങൾ എന്തെല്ലാമെന്ന്

അറിയിക്കുമോ ;

(ബി) കണ്ണൂർ, കോഴിക്കോട്, ആലപ്പുഴ, തൃശ്ശൂർ ജില്ലാ ആശുപത്രികളിൽ കാൻസർ കെയർ സെന്ററുകൾ സ്ഥാപിക്കാനായി സ്വീകരിച്ച നടപടികളും അതിനായി ചെലവഴിച്ച തുകയും എത്രയെന്ന് അറിയിക്കുമോ ;

(സി) കൊച്ചി കാൻസർ കെയർ സെന്റർ യാഥാർത്ഥ്യമാക്കാനായി ഇതുവരെ എന്തൊക്കെ കാര്യങ്ങൾ ചെയ്തെന്നും, സെന്റർ എന്നത്തേക്ക് പ്രവർത്തനക്ഷമമാകുമെന്നും അറിയിക്കാമോ ;

(ഡി) കൊച്ചി കാൻസർ കെയർ ആന്വിറ്റി അടിസ്ഥാനത്തിൽ നിർമ്മിക്കുന്നതാണെന്ന 2015-16 ബജറ്റ് പ്രഖ്യാപനം വഴി എന്താണുദ്ദേശിക്കുന്നതെന്നും അതിന്റെ വിശദമായ രൂപരേഖയും നൽകുമോ ; ഈ സ്ഥാപനം പൂർണ്ണമായും പൊതുമേഖലയിൽതന്നെ സ്ഥാപിക്കാനാണോ ഉദ്ദേശിക്കുന്നത് ?

## ആലത്തൂർ താലൂക്ക് ആശുപത്രിയിലെ എൻഡോസ്കോപ്പി യൂണിറ്റ്

4843. **ശ്രീ.എം.ചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്ക് ഹെഡ്ക്വാർട്ടർ ആശുപത്രിയിലെ എൻഡോസ്കോപ്പി യൂണിറ്റ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ടോ;

(ബി) എൻഡോസ്കോപ്പി മെഷീൻ കൈകാര്യം ചെയ്യുന്നതിനുള്ള വിദഗ്ദ്ധ പരിശീലനം ലഭിച്ച ഡോക്ടർമാർ ആശുപത്രിയിൽ ഉണ്ടോ;

(സി) ഇല്ലെങ്കിൽ താല്പര്യമുള്ള ഡോക്ടർമാരെ പരിശീലനത്തിന് അയയ്ക്കുന്ന കാര്യം പരിഗണിയ്ക്കുമോ?

## ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി

4844. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ പഴയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, എക്സ്-റേ റൂം, വരാന്ത എന്നിവ പൊളിച്ചു മാറ്റുന്നതിന് അനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പുതിയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ച സാഹചര്യത്തിലും, പുതിയ എക്സ്-റേ ക്ലിനിക്കൽ ലാബ് പണിയുന്നതിന് അനുമതി ലഭിച്ച സാഹചര്യത്തിലും, ജീർണ്ണിച്ച അവസ്ഥയിലുള്ള പഴയ കെട്ടിടഭാഗങ്ങൾ പൊളിച്ചുമാറ്റുന്നതിനായി അടിയന്തര അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## ചാലക്കുടി മണ്ഡലത്തിലെ കാട്ടുകുറ്റി-കക്കാട് പി.എച്ച്.സി

4845. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ കാട്ടുകുറ്റി-കക്കാട് പി.എച്ച്.സി. യിലെ കിടത്തി ചികിത്സ പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) കക്കാട് പി.എച്ച്.സി യുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം ഇനിയും പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കക്കാട് പി.എച്ച്.സി കെട്ടിട നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിനും അവിടെ കിടത്തി ചികിത്സ പുനരാരംഭിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ന്യൂബോൺ സ്ക്രീനിംഗ് സംവിധാനം

4846. ശ്രീ.സണ്ണി ജോസഫ്

,, എം.എ. വാഹീദ്

,, ഡൊമിനിക് പ്രസന്റേഷൻ

,, എ.റ്റി.ജോർജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂബോൺ സ്ക്രീനിംഗ് സംവിധാനം എന്ന് മുതലാണ് നടപ്പിലാക്കിത്തുടങ്ങിയത് ;

(ബി) ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാം ;

(സി) ഈ പദ്ധതി എല്ലാ പി.എച്ച്.സി. കളിലും നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ ?

മാവേലിക്കര ജില്ലാ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനം

4847. ശ്രീ.ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2015-16 നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള 33 കോടി രൂപയുടെ പ്രൊപ്പോസൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദാമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ ഫയൽ നമ്പർ ലഭ്യമാക്കുമോ;

(ഡി) പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംങ്ങൾ ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(എഫ്) പ്രസ്തുത പദ്ധതിയ്ക്കുള്ള അംഗീകാരം അടിയന്തരമായി ലഭ്യമാക്കുമോ?

മെഡിക്കൽ റിക്കാർഡ് ലൈബ്രറി

4848. ശ്രീ.കെ. ദാസൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ മെഡിക്കൽ റിക്കാർഡ് ലൈബ്രറി പ്രവർത്തിക്കുന്ന ആശുപത്രികൾ ഏതെല്ലാം; ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) ഈ സർക്കാർപുതുതായി എവിടെയെല്ലാം മെഡിക്കൽ റിക്കാർഡ് ലൈബ്രറിയും അനുബന്ധ തസ്തികയും അനുവദിച്ചിട്ടുണ്ട്; ആയത് ഏതെല്ലാം നിയോജകമണ്ഡലങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്;

(സി) മെഡിക്കൽ റിക്കാർഡ് ലൈബ്രറി/തസ്തിക ഇല്ലാത്ത താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ്/താലൂക്ക് ആശുപത്രികൾ ഏതെല്ലാം;

(ഡി) മെഡിക്കൽ റിക്കാർഡ് ലൈബ്രറി /എം.ആർ.എൽ. തസ്തിക ഇല്ലാത്ത ആശുപത്രികളിൽ ഒന്നാണ് കൊയിലാണ്ടി താലൂക്ക് ഗവ. ആശുപത്രി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇവിടെ എം.ആർ.എൽ. തസ്തിക അനുവദിക്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ. യിൽ നിന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ; നിവേദനത്തിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(എഫ്) ആരോഗ്യ വകുപ്പ് ഡയറക്ടർ പ്രധാന ആശുപത്രികളിൽ എം.ആർ.എൽ. സ്ഥാപിക്കുന്നത് സംബന്ധിച്ച് സമർപ്പിച്ച പ്രൊപ്പോസലിൽ ഏതെല്ലാം ആശുപത്രികളാണ് ഉൾപ്പെട്ടത്; വിശദമാക്കാമോ;

പ്രൊപ്പോസലിന്റെ പൂർണ്ണ രൂപത്തിലുള്ള പകർപ്പ് ലഭ്യമാക്കാമോ; ഈ പ്രൊപ്പോസൽ സർക്കാരിന് എന്ന് ലഭിച്ചു; ആയതിൽ ഇത് വരെ സ്വീകരിച്ച നടപടി വിശദമായി വ്യക്തമാക്കാമോ?

<u>സ്കൂളുകൾ കേന്ദ്രീകരിച്ച് ആരോഗ്യ വകുപ്പ് നടത്തിയ സർവ്വെ റിപ്പോർട്ട്</u>

4849. **ശ്രീ.എം.വി.ശ്രേയാംസ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ സ്കൂളുകളിൽ ആരോഗ്യ വകുപ്പിൻെറ നേതൃത്വത്തിൽ ശുചിത്വവും അടിസ്ഥാന സൗകര്യങ്ങളും സംബന്ധിച്ച് സർവ്വെ നടത്തുകയുണ്ടായോ ; വിശദമാക്കുമോ;

(ബി) പ്രസ്തുത സർവ്വെ റിപ്പോർട്ടിൻെറ പകർപ്പ് ലഭ്യമാക്കുമോ;

<u>റേഡിയേഷൻ ട്രോളിയിൽനിന്ന് വീണ് രോഗി മരിക്കാനിടയായ സംഭവം</u>

4850. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജിലെ ക്യാൻസർ ചികിത്സാ വിഭാഗത്തിൽ റേഡിയേഷൻ ട്രോളിയിൽ നിന്ന് വീണ് രോഗി മരിക്കാനിടയായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) സംഭവത്തെക്കുറിച്ച് എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അന്വേഷണ റിപ്പോർട്ട് ലഭ്യമായോ; വിശദാംശം നൽകുമോ;

(ഡി) മരണപ്പെട്ട രോഗിയുടെ കുടുംബത്തിന്റെ പരാതികൾ ആശുപത്രി അധികൃതർക്കോ, സർക്കാരിനോ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഇ) മരിച്ചയാളിന്റെ കുടുംബത്തിന് സാമ്പത്തിക സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ?

<u>കാഞ്ഞങ്ങാട് മലേറിയ വാഹക ലാർവകൾ</u>

4851. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട്, കാസർകോട് നഗരങ്ങളിൽ മലേറിയ വാഹകരായ കൊതുകുകളുടെ ലാർവകൾ കണ്ടെത്തി എന്ന ആരോഗ്യവകുപ്പിന്റെ റിപ്പോർട്ടിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് പറയാമോ;

<u>മലപ്പുറത്തെ പബ്ലിക്ക് ഹെൽത്ത് ലാബിന്റെ പ്രവർത്തനം</u>

4852. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറത്ത് അനുവദിച്ച പബ്ലിക്ക് ഹെൽത്ത് ലാബിന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത കേന്ദ്രം താൽക്കാലിക കെട്ടിടത്തിൽ ആരംഭിക്കുന്നതിന് ഇനിയും എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഏർപ്പെടുത്തേണ്ടത് ; വിശദാംശം നൽകുമോ ;

(സി) ഇതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന്റെ കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) നടപടിക്രമങ്ങൾ പൂർത്തിയാക്കി ലാബിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് സത്വര നടപടികൾ

സ്വീകരിക്കുമോ ?

<u>നിർബന്ധിത ഗ്രാമീണ സേവനം</u>

4853. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജിൽ നിന്ന് പഠനം പൂർത്തിയാക്കി വരുന്ന ഡോക്ടർമാർക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിർബന്ധിത ഗ്രാമീണ സേവനം വേണമെന്ന ഉത്തരവ് നൽകിയിരുന്നോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) നിർബന്ധിത ഗ്രാമീണ സേവന ഉത്തരവ് ഈ സർക്കാരിന്റെ കാലത്ത് ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ;

(സി) കാസർഗോഡ് പോലെയുള്ള പിന്നോക്ക ജില്ലകൾക്ക് വലിയൊരു അനുഗ്രഹമായിരുന്ന ഗ്രാമീണ സേവന ഉത്തരവ് പിൻവലിച്ചതു മൂലം ഗ്രാമങ്ങളിലെ പി.എച്ച്.സി. കളിൽ ഡോക്ടർമാരുടെ സേവനം കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മെഡിക്കൽ കോളേജുകളിൽ പഠിച്ചിറങ്ങുന്ന ഡോക്ടർമാർക്ക് നിർബന്ധിത ഗ്രാമീണ സേവന ഉത്തരവ് പുന:സ്ഥാപിക്കുന്ന വിഷയം പരിഗണിക്കുമോ?

<u>ഞാറയ്ക്കൽ സർക്കാർ ആശുപത്രിക്ക് പുതിയ കെട്ടിടം</u>

T 4854. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞാറയ്ക്കൽ സർക്കാർ ആശുപത്രിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ജിഡയിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് എന്നാണ് ഭരണാനുമതി നൽകിയതെന്നും, തുടർന്ന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാനാകുമെന്നും, ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടെങ്കിൽ ആയത് എന്തെന്നും വ്യക്തമാക്കാമോ?

<u>സർക്കാർ ആയുർവ്വേദ ഡിസ്പെൻസറികൾ</u>

4855. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആയുർവ്വേദ ഡിസ്പെൻസറികളുടെ സേവനം ലഭ്യമല്ലാത്ത എത്ര പഞ്ചായത്തുകൾ സംസ്ഥാനത്ത് നിലവിലുണ്ട് ;

(ബി) പ്രസ്തുത പഞ്ചായത്തുകളിൽ സർക്കാർ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ഭാരതീയ ചികിത്സാ വകുപ്പിൽ നിന്നും സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന് അംഗീകാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

<u>സർക്കാർ ആശുപത്രികളുടെ എണ്ണം</u>

4856. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രികളിൽ ഉള്ള ഫാർമസിസ്റ്റ് , ലബോറട്ടറി ടെക്നീഷ്യൻ എന്നീ തസ്തികകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(സി) തിരുവനന്തപുരം ദന്തൽ കോളേജിൽ ഫാർമസിസ്റ്റ് തസ്തിക ഉണ്ടോ; നിലവിൽ ഫാർമസിസ്റ്റ് ജോലി ചെയ്യുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കോളേജിൽ മരുന്നുകളുടെ ഇന്റന്റ് തയ്യാർ ചെയ്യുന്നതും സ്റ്റോക്ക് സൂക്ഷിച്ച് വിതരണം ചെയ്യുന്നതും ആരാണ്; വ്യക്തമാക്കുമോ;

(ഇ) സർക്കാർ ആശുപത്രികളിൽ ഫാർമസിസ്റ്റ്, ലബോറട്ടറി ടെക്നീഷ്യൻ എന്നിവരുടെ തസ്തിക വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കും?

<u>സർക്കാർ ആശുപത്രികളിലെ ജീവനക്കാരുടെ സേവനം ഉറപ്പുവരുത്തുന്നതിന് നടപടി</u>

4857. ശ്രീ.മോൻസ് ജോസഫ്

,, റ്റി.യു. കുരുവിള

,, തോമസ് ഉണ്ണിയാടൻ

,, സി.എഫ്.തോമസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മേഖലയിൽ ഉള്ള PHC മുതൽ മെഡിക്കൽ കോളേജ് വരെയുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ ആശുപത്രി കോമ്പൗണ്ടുകളിലെ ക്വാർട്ടേഴ്സുകൾ കൃത്യമായി മെയിന്റനൻസ് നടത്തി ഉപയോഗപ്രദമാക്കുന്നതിനും രോഗികൾക്ക് ജീവനക്കാരുടെ സേവനം ഉറപ്പ് വരുത്തുന്നതിനും എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>സർക്കാർ ആശുപത്രികളിലെ ഡോക്ടർമാരുടെ ഒഴിവുകൾ</u>

4858. ശ്രീ.കോടിയേരി ബാലകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ നിലവിൽ എത്ര ഡോക്ടർമാരുടെ ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തതെന്ന് വിശദമാക്കാമോ;

(ബി) ഡോക്ടർമാർക്ക് നിലവിലുണ്ടായിരുന്ന നിർബന്ധിത ഗ്രാമീണ സേവനം എന്ന വ്യവസ്ഥ ഈ സർക്കാർ നീക്കിയിട്ടുണ്ടോ;

(സി) എങ്കിൽ ഇതുമൂലം ഗ്രാമീണ മേഖലയിൽ ഡോക്ടർമാർ സേവനത്തിനെത്താത്തത് പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിനായി കണ്ടെത്തിയ പ്രതിവിധിയെന്താണെന്ന് വിശദമാക്കാമോ?

<u>കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിലെ ഡോക്ടർ തസ്തികയിലെ ഒഴിവുകൾ</u>

4859. ശ്രീ.എ. പ്രദീപ്കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിൽ നിലവിൽ എത്ര ഡോക്ടർമാരുടെ ഒഴിവുകൾ ഉണ്ടെന്ന് വിശദമാക്കുമോ;

(ബി) ഡോക്ടർ ഇല്ലാത്തതുകാരണം പ്രസ്തുത ആശുപത്രിയിലെ ചർമ്മരോഗ വിഭാഗം ഒ.പി. അടച്ചിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതു പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പൊതുജനാരോഗ്യ ശൃംഖലയിലെ പ്രവർത്തനങ്ങൾ

4860. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുജനാരോഗ്യ ശൃംഖലയിൽ പുതുതായി എത്ര ആശുപത്രികൾ അനുവദിച്ചു; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ;

(ബി) ഈ സ്ഥാപനങ്ങളിൽ പുതുതായി എത്ര തസ്തികകൾ അനുവദിച്ചു; മെഡിക്കൽ കോളേജ്, സി. എച്ച്. സി., പി. എച്ച്. സി., ആയുർവ്വേദ, ഹോമിയോ തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുജനാരോഗ്യ മേഖലയിലെ എത്ര ആശുപത്രികൾ അപ്ഗ്രേഡ് ചെയ്തു; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ;

(ഡി) അപ്ഗ്രേഡ് ചെയ്ത ആശുപത്രികൾക്ക് മാത്രമായി എത്ര പുതിയ തസ്തികകൾ അനുവദിച്ചിട്ടുണ്ട്; തസ്തിക തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ?

പേപ്പട്ടിയുടെ കടി, പാമ്പുകടി എന്നിവയ്ക്ക് സൗജന്യ കുത്തിവയ്പ്

4861. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ സർക്കാർ ആശുപത്രികളിൽ പേപ്പട്ടിയുടെ കടി, പാമ്പുകടി എന്നിവ ഏൽക്കുമ്പോൾ നൽകേണ്ട കുത്തിവയ്പ് എ.പി.എൽ.-ബി.പി.എൽ. ഭേദമന്യേ എല്ലാ രോഗികൾക്കും സൗജന്യമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഭക്ഷ്യസുരക്ഷാ വകുപ്പ് ശേഖരിക്കുന്ന സാമ്പിളുകൾ പരിശോധന

4862. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷാ വകുപ്പ് ശേഖരിക്കുന്ന സാമ്പിളുകൾ പരിശോധിക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ;

(ബി) സാമ്പിളുകൾ പരിശോധിക്കുന്നതിന് സർക്കാർ അക്രഡിറ്റേഷനുള്ള സംവിധാനം നിലവിലുണ്ടോ ; വിശദമാക്കാമോ ?

മാനസികാരോഗ്യ മേഖലയിലെ വെല്ലുവിളികൾ നേരിടാൻ നടപടി

4863. ശ്രീ.സണ്ണി ജോസഫ്

,, വി.റ്റി.ബൽറാം

,, ഹൈബി ഈഡൻ

,, എം.പി.വിൻസെൻറ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസികാരോഗ്യ മേഖലയിലെ വെല്ലുവിളികൾ നേരിടുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

(ബി) മാനസികാരോഗ്യ കേന്ദ്രങ്ങളിലെ അടിസ്ഥാന സംവിധാനങ്ങളിലെ അപര്യാപ്തതകൾ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാം; ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്നു വ്യക്തമാക്കാമോ;

(സി) മാനസിക ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിനായി എന്തെല്ലാം നടപടികൾ ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നു വ്യക്തമാക്കാമോ?

<u>സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി</u>

4864. ശ്രീ.കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പകർച്ചപ്പനി കണക്കിലെടുത്ത് ഡോക്ടർമാരില്ലാത്ത സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിൽ ഒരു ഡോക്ടറെ എങ്കിലും നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഒഴിവുള്ള സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ രേഖാമൂലം എഴുതി നൽകിയാൽ ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>പച്ചക്കറികളിലെ കീടനാശിനി പ്രയോഗം</u>

T 4865. ശ്രീ.കെ.അജിത് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽനിന്ന് കേരളത്തിൽ എത്തുന്നഏതൊക്കെ പച്ചക്കറികളിലാണ് അമിതമായി കീടനാശിനി പ്രയോഗിക്കപ്പെടുന്നതായി കണ്ടെത്തിയിട്ടുള്ളത് ;

(ബി) കീടനാശിനി പ്രയോഗം കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് ഏതെല്ലാം വകുപ്പുകളാണ് നടപടി സ്വീകരിക്കുന്നതെന്നും അമിത വിഷപ്രയോഗം നടത്തിയ പച്ചക്കറികൾ വില്പന നടത്തുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്നും വ്യക്തമാക്കാമോ ;

(സി) അമിത കീടനാശിനിയോ വിഷലിപ്ത പദാർത്ഥങ്ങളോ പഴങ്ങളിൽ പ്രയോഗിക്കുന്നതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഇതിന്റെ തുടർനടപടികൾ എന്തെന്നും വെളിപ്പെടുത്താമോ ;

(ഡി) ഇത്തരം പച്ചക്കറികൾ കടകളിലൂടെ വിതരണം ചെയ്യാതിരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഇ) പച്ചക്കറികളിൽ ജൈവകീടനാശിനി പ്രയോഗം പ്രചരിപ്പിക്കുന്നതിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നു വ്യക്തമാക്കുമോ ?

<u>കുറിപ്പടിയിൽ മരുന്നുകളുടെ ജനറിക് നാമം</u>

4866. ശ്രീ.കെ.കെ.നാരായണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോക്ടർമാർ നൽകുന്ന കുറിപ്പടിയിൽ മരുന്നുകളുടെ ജനറിക് നാമം എഴുതണമെന്ന് സർക്കാർ നിർദ്ദേശം നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

<u>വൃക്കരോഗികളുടെ എണ്ണത്തിലുള്ള വർദ്ധനവ്</u>

4867. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൃക്കരോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(ബി) ഇവ നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

<u>കുറിപ്പടികളിൽ ജനറിക് നാമം എഴുതാത്ത ഡോക്ടർമാർക്കെതിരെ നടപടി</u>

4868. ശ്രീ.കെ.കെ.നാരായണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രോഗികൾക്കു നൽകുന്ന കുറിപ്പടികളിൽ ജനറിക് നാമം എഴുതാത്ത ഡോക്ടർമാരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

<u>തെരുവുനായകളാൽ ആക്രമിക്കപ്പെടുന്നവർക്കുള്ള ചികിത്സയ്ക്കും മരുന്നിനുമായി ധനസഹായം</u>

4869. ശ്രീമതി.കെ.എസ്.സലീഖ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികടിയേറ്റ് സർക്കാർ ആശുപത്രിയിൽ ചികിത്സ തേടുന്നവരുടെ ചികിത്സയ്ക്കും മരുന്നിനുമായി 2011 മുതൽ 2015 വരെ ഓരോ വർഷവും എത്ര തുക ചെലവാകുന്നുവെന്നും, സർക്കാർ ആശുപത്രികളിൽ മരുന്നില്ലാത്തതുമൂലം സ്വകാര്യ മെഡിക്കൽ സ്റ്റോറുകളിൽ നിന്നും മരുന്നു വാങ്ങുന്നവർ എത്ര എന്നും വർഷം തിരിച്ച് വിശദമാക്കുമോ;

(ബി) നീതി മെഡിക്കൽ സ്റ്റോർ, ആരോഗ്യവകുപ്പിനു കീഴിലെ മെഡിക്കൽ സ്റ്റോറുകൾ, കാരുണ്യ മെഡിക്കൽ സ്റ്റോറുകൾ എന്നിവിടങ്ങളിൽ പട്ടികടിയേറ്റവർക്ക് ഭ്യമാക്കുന്ന മരുന്നുകളും അവയുടെ വിലയും എത്ര എന്നും ഇവയ്ക്ക് സ്വകാര്യ മെഡിക്കൽ സ്റ്റോറിലെ വില എത്ര എന്നും വ്യക്തമാക്കുമോ;

(സി) കോടതി വിധി പ്രകാരം ഉത്തരാഖണ്ഡ് സംസ്ഥാനത്ത് പട്ടികടിയേല്ക്കുന്നവർക്ക് രണ്ടുലക്ഷം രൂപ നഷ്ടപരിഹാരം നൽകുന്നത് പരിശോധിച്ച് സംസ്ഥാനത്ത് പട്ടികടിയേല്ക്കുന്നവർക്കും നഷ്ടപരിഹാരം നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഡി) തെരുവുനായകൾ മനുഷ്യജീവന് ഭീഷണിയായാൽ അവയെ കൊല്ലാം എന്ന നിയമസെക്രട്ടറിയുടെ അഭിപ്രായം ആരോഗ്യവകുപ്പും ക്യാബിനറ്റും പരിശോധിച്ച് അതിനായി നടപടിയെടുക്കുമോ; അല്ലെങ്കിൽ ആക്രമണത്തിന് ഇരയാകുന്നവർക്ക് വൈദ്യ സഹായവും നഷ്ടപരിഹാരവും ഉറപ്പുവരുത്താൻ എന്തു നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(ഇ) തെരുവുനായകളാൽ ആക്രമിക്കപ്പെടുന്നവർക്കുള്ള ചികിത്സയ്ക്കും മരുന്നിനും നഷ്ടപരിഹാരത്തിനുമായി നിലവിലെ കേന്ദ്രസർക്കാർ എത്ര സഹായം അനുവദിച്ചു എന്നും ഇല്ല എങ്കിൽ പ്രസ്തുത സഹായം സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടുവോ എന്നും ഇല്ല എങ്കിൽ ആവശ്യപ്പെടാൻ എന്തു നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ?

<u>ഭക്ഷ്യവസ്തുക്കളിലെ വിഷാംശം .</u>

4870. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴം, പച്ചക്കറി, മറ്റ് ഭക്ഷ്യവസ്തുക്കൾ എന്നിവയിലെ വിഷാംശങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള ലാബുകൾ എല്ലാ ജില്ലകളിലും ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

ഭക്ഷ്യവസ്തുക്കളിലെ വിഷാംശം പരിശോധിക്കൽ

T 4871. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാരക കീടനാശിനികൾ ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുള്ള അന്യ സംസ്ഥാനങ്ങളിലെ കാർഷിക മേഖലകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ; ഇവിടെനിന്നുമുള്ള ഭക്ഷ്യ വസ്തുക്കൾ എപ്രകാരമാണ് നിയന്ത്രിക്കപ്പെടുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) കേരളത്തിലേക്ക് കൊണ്ടുവരുന്ന മാലിന്യ മുക്തമായ ഭക്ഷ്യവസ്തുക്കളുടെ സ്രോതസ്സും, മാർക്കറ്റും വെളിപ്പെടുത്തിയാൽ അവ സത്യസന്ധമായിരിക്കുമോ എന്നു പരിശോധിക്കുവാനുള്ള സംവിധാനമുണ്ടോ ;എങ്കിൽ വ്യക്തമാക്കാമോ ;

(സി) ഗുണനിലവാര പരിശോധനയിൽ യോഗ്യതയില്ലാത്തവയാണെന്ന് കണ്ടെത്തിയാൽ അവ അംഗീകൃത മേഖലകളിലെത്തിച്ച് അവിടെ നിന്നും വീണ്ടും സംസ്ഥാനത്തേക്ക് എത്തിക്കുമ്പോൾ ആയത് കണ്ടെത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ ;

(ഡി) ചെക്ക് പോസ്റ്റിലെ ഗുണനിലവാര പരിശോധനാ സംവിധാനങ്ങൾ മറികടന്ന് വിഷം കലർന്നതും ഗുണനിലവാരമില്ലാത്തതുമായ പച്ചക്കറികളും ഭക്ഷ്യവസ്തുക്കളും കേരളത്തിലെത്തുന്നത് തടയുവാൻ വിവിധ ഘട്ടങ്ങളിലായി പരിശോധനകൾ ഏർപ്പെടുത്തുമോ ; പരിശോധനകളിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുമോ?

പകർച്ചവ്യാധികൾ നിയന്ത്രിക്കാൻ നടപടി

4872. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര മേഖലയിൽ ചിക്കൻ ഗുനിയ, ഡെങ്കിപ്പനി ഉൾപ്പടെയുള്ള രോഗങ്ങൾ നിയന്ത്രിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ദന്തഡോക്ടർമാരുടെ തസ്തിക സൃഷ്ടിക്കൽ

4873. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദന്തരോഗങ്ങൾ ബാധിക്കുന്നവരുടെ എണ്ണവും ദന്തരോഗ സംരക്ഷണത്തിന് സർക്കാർ മേഖലയിലുള്ള ചികിത്സയുടെ അപര്യാപ്തതയും കാരണം പൊതുജനങ്ങൾ വർദ്ധിച്ചതോതിൽ സ്വകാര്യമേഖലയെ ആശ്രയിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിൻെറ കീഴിൽ എത്ര ദന്തഡോക്ടർ തസ്തികകളാണ് നിലവിലുള്ളത്;

(സി) ഗ്രാമീണ മേഖലയിൽ ഉൾപ്പെടെ ദന്തരോഗചികിത്സാ സൗകര്യം ഏർപ്പെടുത്തുന്നതിനായി പുതിയ ദന്തഡോക്ടർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിന് സമർപ്പിച്ചുവോ; പ്രസ്തുത പ്രൊപ്പോസലിന് എപ്പോഴേക്ക് അംഗീകാരം നൽകാൻ കഴിയും; വിശദാംശം നൽകുമോ?

ഹൃദയശസ്ത്രക്രിയയ്ക്ക് ഉപയോഗിക്കുന്ന സ്റ്റെന്റുകൾക്ക്പിന്നിലെ തട്ടിപ്പ്

4874. ശ്രീ.എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൃദയശസ്ത്രക്രിയയ്ക്ക് ഉപയോഗിക്കുന്ന സ്റ്റെന്റുകൾക്ക് ചില സ്വകാര്യ ആശുപത്രികൾ കൊള്ളവില ഈടാക്കുന്നതിനെക്കുറിച്ച് അന്വേഷണം നടത്തണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ഉത്തരവിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വൻ റാക്കറ്റുകളാണ് സ്റ്റെന്റ് തട്ടിപ്പിന് പിന്നിൽ പ്രവർത്തിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇവരുടെ പ്രവർത്തനം നിരോധിക്കാനും ഇവരെ നിയമത്തിന് മുമ്പിൽ കൊണ്ടുവന്ന് അർഹമായ ശിക്ഷ നൽകാൻ നടപടി സ്വീകരിക്കുമോ ;

(സി) ഗുണനിലവാരം കുറഞ്ഞ ചൈനീസ് സ്റ്റെന്റുകളും സ്വകാര്യ ആശുപത്രികൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യങ്ങളെല്ലാം നിരോധിക്കുന്നതിനായി പുതുതായി നിയമസഭയിൽ അവതരിപ്പിക്കുമെന്ന് പറയപ്പെടുന്ന മെഡിക്കൽ ബില്ലിൽ ആവശ്യമായ വകുപ്പുകൾ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ ?

## **108** ആംബുലൻസ്

4875. ശ്രീ.ജി.സുധാകരൻ

,, കെ.കെ.ജയചന്ദ്രൻ

,, കെ.കെ.നാരായണൻ

,, പുരുഷൻ കടലുണ്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ-കുടുംബക്ഷേമ വകുപ്പിന്റെ മുൻനിര പദ്ധതിയിലൊന്നായി മിഷൻ 676 പ്രകാരം പ്രഖ്യാപിച്ചിരുന്ന 108 ആംബുലൻസ് സംസ്ഥാന വ്യാപകമാക്കാനുള്ള പദ്ധതി എന്നത്തേക്കാണ് നടപ്പിലാക്കേണ്ടിയിരുന്നത് ;

(ബി) ഇതിനായി സംസ്ഥാന വിഹിതമായി എത്ര തുകയാണ് ചെലവഴിക്കേണ്ടിയിരുന്നതെന്ന് അറിയിക്കാമോ ;

(സി) മുൻസർക്കാരിന്റെ കാലത്താരംഭിച്ച 108 ആംബുലൻസ് പദ്ധതി പ്രകാരം എത്ര ആംബുലൻസുകൾ നിലവിൽ ഓടുന്നുണ്ട് ; പദ്ധതിയുടെ മുൻ ഏജൻസിയെ മാറ്റാനിടയായ കാരണം വ്യക്തമാക്കാമോ ?

## യോഗ പരിശീലനം

4876. ശ്രീ.സി.കെ സദാശിവൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനു പൊതുജനങ്ങൾക്ക് യോഗപരിശീലനം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) യോഗപരിശീലനത്തിനായി ആരോഗ്യ വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാർക്ക് പ്രത്യേക പരിശീലനം നൽകി നോൺ കമ്മ്യൂണിക്കബിൾ ഡിസീസ് ക്ലിനിക്കുകൾ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

## ഉഷസ് പദ്ധതി

4877. ശ്രീ.പി.സി വിഷ്ണുനാഥ്

,, കെ.ശിവദാസൻ നായർ

,, വി.ഡി.സതീശൻ

,, ആർ . സെൽവരാജ് **:** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർബൻ സ്ലം ഹെൽത്ത് അപ് ലിഫ്റ്റ്മെന്റ് സ്കീം (ഉഷസ്) പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയോ; എങ്കിൽ എന്ന് മുതൽ?

അമ്മയും കുഞ്ഞും പദ്ധതി കാര്യക്ഷമമാക്കാൻ നടപടി

4878. ശ്രീ.എം.എ. വാഹീദ്

,, ഷാഫി പറമ്പിൽ

,, തേറമ്പിൽ രാമകൃഷ്ണൻ

,, പി.എ.മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അമ്മയും കുഞ്ഞും പദ്ധതി എന്നു മുതൽ ആരംഭിച്ചുവെന്നും പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്നും വിശദമാക്കുമോ;

(ബി) ഈ പദ്ധതി ആരംഭിച്ചതു മുതൽ എത്ര പേർ പദ്ധതിയുടെ ഗുണഭോക്താക്കളായെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നു വ്യക്തമാക്കുമോ;

രാഷ്ട്രീയ ബാല സ്വാസ്ഥ്യ കാര്യക്രമം പദ്ധതി

4879. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രാഷ്ട്രീയ ബാല സ്വാസ്ഥ്യ കാര്യക്രമം പദ്ധതി ഏതുവർഷം മുതലാണ് നടപ്പിലാക്കിവരുന്നത്;

(ബി) ഓരോ വർഷവും ആർ. ബി. എസ്. കെ. പദ്ധതിയിൽ എത്ര തുകയാണ് ചെലവഴിച്ചത്;

(സി) 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് ഏതെല്ലാം അസുഖങ്ങൾക്കുള്ള ചികിത്സ ചെലവാണ് പ്രസ്തുത പദ്ധതിയിലൂടെ നൽകുന്നത്;

(ഡി) ഏതെല്ലാം ആശുപത്രികളെയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ഇ) ആർ ബി എസ് കെ പദ്ധതിക്കായി ഇതിനോടകം ഓരോ സാമ്പത്തിക വർഷവും എത്ര തുക വീതം കേന്ദ്രധനസഹായമായി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ന്യൂബോൺ സ്ക്രീനിംഗ് പദ്ധതി

4880. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിരവധി കുഞ്ഞുങ്ങൾ വിവിധങ്ങളായ ജനിതകവൈകല്യരോഗങ്ങളോടെ പിറന്നു വീഴുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്തരം ജനിതക വൈകല്യങ്ങൾ കണ്ടെത്തി ചികിത്സിക്കുന്നതിന് ന്യൂബോൺ സ്ക്രീനിംഗ് എന്ന പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; ആദ്യഘട്ടത്തിൽ ഇത് എവിടെയെല്ലാമാണ് ആരംഭിക്കുന്നത് ; വ്യക്തമാക്കുമോ ?

മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രഗ്നൻസി നിയമം ഭേദഗതി

4881. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവ്വേദ, ആയുഷ്, ഹോമിയോപ്പതി ഡോക്ടർമാർക്കും ഈ രംഗത്തെ നഴ്സുമാർക്കും ഗർഭച്ഛിദ്രം നടത്താൻ അനുമതി നൽകിക്കൊണ്ടുള്ള മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രഗ്നൻസി നിയമം ഭേദഗതി ചെയ്യാനുള്ള കേന്ദ്ര സർക്കാരിന്റെ ആലോചനയെക്കുറിച്ച് സംസ്ഥാന സർക്കാരിന് എന്തെങ്കിലും വിവരം ലഭിക്കുകയോ ഇതിനെക്കുറിച്ച് മനസ്സിലാക്കുകയോ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിനെതിരെ സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നീക്കത്തിനെതിരെ നിയമാനുസൃതമായി എന്തൊക്കെ അടിയന്തര നടപടി സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനവും ഭക്ഷ്യസുരക്ഷാ നിയമവും</u>

4882. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ഭക്ഷ്യസുരക്ഷാ നിയമം എന്നു മുതലാണ് നടപ്പാക്കിയത് എന്നും ആയതുവഴി നാളിതുവരെ എന്തു നടപടികൾ സ്വീകരിച്ചു എന്നും ആയതിനായി 2014-15 വർഷം എത്ര തുക ചെലവാക്കി എന്നും വ്യക്തമാക്കുമോ ;

(ബി) ഭക്ഷ്യസാധനങ്ങൾ ഇറക്കുമതി ചെയ്യുന്നവരിൽ രജിസ്ട്രേഷനും ലൈസൻസും ഉള്ളവർ എത്രപേർ എന്ന് അറിയിക്കുമോ ; രജിസ്ട്രേഷനും ലൈസൻസും ഇല്ലാത്തവർ ഭക്ഷ്യസാധനങ്ങൾ കൊണ്ട് വരുമ്പോൾ അതിർത്തിപ്രദേശങ്ങളിൽ തന്നെ തടയുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ഈ സർക്കാർ കാലയളവിൽ ഭക്ഷ്യവിഷബാധയേറ്റ് ആശുപത്രിയിലെത്തിയവരും മരണപ്പെട്ടവരും എത്ര പേർ ; ജില്ല തിരിച്ചും വർഷം തിരിച്ചും വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഭക്ഷ്യസുരക്ഷാ വകുപ്പ് 2011 മുതൽ 2015 വരെ എത്ര റെയ്ഡുകൾ നടത്തി കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ഭക്ഷ്യസുരക്ഷാ വകുപ്പിന് റെയ്ഡുകൾ നടത്തുന്നതിനും ഇതര പ്രവർത്തനങ്ങൾക്കായി ഓരോ ജില്ലയിലും എത്ര ജീവനക്കാരുണ്ട് ; ഇവർ മാത്രം ഇത്തരം പ്രവർത്തനം നടത്തുന്നത് ഫലപ്രദമാകുന്നുണ്ടോ എന്നും പരിശോധിച്ചുവോ ; വിശദാംശം ലഭ്യമാക്കാമോ ;

(ഇ) ഇല്ലെങ്കിൽ ഭക്ഷ്യസുരക്ഷാവകുപ്പും മറ്റു അനുബന്ധ വകുപ്പുകളെയും സംയോജിപ്പിച്ച് ജില്ലകൾതോറും ഫലപ്രദമായ നിരീക്ഷണവും പരിശോധനയും ശക്തമാക്കാൻ എന്തു നടപടികൾ സ്വീകരിക്കും എന്നു വ്യക്തമാക്കുമോ?

<u>ആശാവർക്കർമാരുടെ ഓണറേറിയം കുടിശ്ശിക</u>

4883. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശാവർക്കർമാരുടെ ഓണറേറിയം കുടിശ്ശിക പൂർണ്ണമായി നൽകികഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ബജറ്റിൽ പ്രഖ്യാപിച്ചത് പ്രകാരം ഇവരുടെ ഓണറേറിയം 1000 രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

<u>പുതിയ മെഡിക്കൽ കോളേജുകളുടെ സ്ഥാപനം</u>

4884. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി
,, പി.ബി. അബ്ദുൾ റസാക്

,, സി.മോയിൻ കുട്ടി

,, കെ.എം.ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ പഠന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ നിലവിൽ വന്നശേഷം സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദവിവരം നൽകാമോ;

(ബി) ഇതിനായി എത്ര മെഡിക്കൽ കോളേജുകൾ പുതുതായി സ്ഥാപിക്കാൻ അനുമതി നൽകിയെന്നും, എത്ര സീറ്റുകളുടെ വർദ്ധനയുണ്ടാകുമെന്നും വ്യക്തമാക്കുമോ;

(സി) പുതുതായി അനുവദിച്ചവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി, മെഡിക്കൽ കൗൺസിൽ അംഗീകാരം നേടിയെടുക്കാൻ അടിയന്തരമായി നടപടികൾ സ്വീകരിക്കുമോ?

<u>നഷ്ടമായ എം.ബി.ബി.എസ്. സീറ്റുകൾ</u>

4885. ശ്രീ.സാജു പോൾ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജിൽ ഡോക്ടർമാരും ജീവനക്കാരും ഇല്ലാത്തതിനാൽ എം.ബി.ബി.എസ്. സീറ്റുകൾ നഷ്ടപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എത്ര സീറ്റാണ് നഷ്ടമായത് ; പ്രസ്തുത സീറ്റുകൾ നിലനിർത്താൻ കഴിയാഞ്ഞതിന്റെ കാരണം വിശദമാക്കാമോ ?

<u>ആലപ്പുഴ മെഡിക്കൽ കോളേജ്</u>

4886. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജ് നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ ബഹു.മുഖ്യമന്ത്രി വിളിച്ചു കൂട്ടിയ യോഗത്തിലെ തീരുമാനങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത യോഗ തീരുമാനത്തിന്റെ നടപടിക്കുറിപ്പ് ലഭ്യമാക്കുമോ?

<u>പരിയാരം ആയുർവേദകോളേജ് ആശുപത്രിയിലെ പ്രവൃത്തികൾ</u>

4887. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരധികാരമേറ്റശേഷം കണ്ണൂർ ജില്ലയിലെ പരിയാരം ആയുർവ്വേദകോളേജ് ആശുപത്രിയിൽ ഏതൊക്കെ പ്രവൃത്തികൾക്കും പ്രോജക്ടുകൾക്കുമാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്; ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ പൂർത്തിയായവയും പൂർത്തിയാക്കാൻ ബാക്കിയുള്ളവയുടെയും വിശദാംശം നൽകുമോ;

<u>കാസർഗോഡ് മെഡിക്കൽ കോളേജ്</u>

4888. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മെഡിക്കൽ കോളേജിന്റെ പണികൾക്കുള്ള ടെണ്ടർ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതൊക്കെ പണികൾക്കുള്ള കോൺട്രാക്ട് നൽകിക്കഴിഞ്ഞു എന്നും എന്നത്തേക്ക് പണികൾ ആരംഭിക്കാനാവുമെന്നും വിശദമാക്കുമോ ?

മെഡിക്കൽ കോളേജുകളിലെ സ്റ്റാഫ് നഴ്സുമാരുടെ ഒഴിവുകൾ

4889. ശ്രീ.എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ സ്റ്റാഫ് നഴ്സുമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ; വിശദമാക്കാമോ ;

(ബി) ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; വിശദാംശം നൽകുമോ ;

(സി) റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ നിലവിൽ ഒഴിവുള്ള തസ്തികകൾ നികത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ?

സർക്കാർ ഫാർമസി കോളേജുകളിലെ നിയമനം

4890. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഫാർമസി കോളേജുകളിൽ ആവശ്യമായ ലക്ചറർ / ട്യൂട്ടർമാർ ഇല്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനകം ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) ഇല്ലെങ്കിൽ പി.എസ്.സി. ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് വിജ്ഞാപനം നടത്തുന്നതിനും റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനുമാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ

4891. ശ്രീ.ബെന്നി ബെഹനാൻ

,, വർക്കല കഹാർ

,, വി.ഡി.സതീശൻ

,, പി.സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുഷ് ഹോളിസ്റ്റിക് സെന്ററുകളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(ബി) ജീവിതശൈലീ രോഗങ്ങളെ ഫലപ്രദമായി പ്രതിരോധിക്കുന്നതിൽ ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ എത്രത്തോളം ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(സി) നിലവിൽ എത്ര ഹോളിസ്റ്റിക് സെന്ററുകൾ പ്രവർത്തിക്കുന്നു ; എവിടെയെല്ലാം ; വ്യക്തമാക്കാമോ ;

(ഡി) ആയുഷ് ഹോളിസ്റ്റിക് സെന്ററുകളുടെ സേവനം എല്ലാ ജില്ലയിലും ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

കായത്തൊടി ആയുർവ്വേദ ആശുപത്രിയിൽ കിടത്തി ചികിത്സ

4892. ശ്രീ.ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായത്തൊടി ആയുർവ്വേദ ആശുപത്രിയിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പ്രസ്തുത ആശുപത്രിയിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ശാന്തിപുരം ആയുർവ്വേദ ആശുപത്രി കെട്ടിട നിർമ്മാണം

4893. ശ്രീ.വി.എസ്.സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജക മണ്ഡലത്തിലെ ശാന്തിപുരം ആയുർവ്വേദ ആശുപത്രി കെട്ടിട നിർമ്മാണത്തിനായി എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 1 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി ലഭിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശാന്തിപുരം അലോപ്പതി സബ് സെന്ററിന്റെ സ്ഥലം ആയുർവേദ ആശുപത്രി കെട്ടിട നിർമ്മാണത്തിനായി വിട്ടു നൽകണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഭൂമി വിട്ടു നൽകുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ആയുർവ്വേദ - സിദ്ധ -യുനാനി വിഭാഗങ്ങൾക്കായി പ്രത്യേക ഡ്രഗ്സ് കൺട്രോൾ വകുപ്പ് രൂപീകരണം

4894. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ആയുർവ്വേദ മരുന്നു നിർമ്മാണശാലകളാണ് നിലവിലുള്ളത് ; പ്രസ്തുത മരുന്നുനിർമ്മാണശാലകളിൽ നിർമ്മിക്കുന്ന ആയുർവേദ മരുന്നുകളുടെ ഗുണനിലവാര പരിശോധന നടത്തുന്നത് ആരാണെന്ന് വ്യക്തമാക്കുമോ ;

(ബി) ആയുർവ്വേദ - സിദ്ധ -യുനാനി വിഭാഗങ്ങൾക്കായി പ്രത്യേക ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിലവിലില്ലാത്തത് പ്രസ്തുത മരുന്നുകളുടെ ഗുണനിലവാര പരിശോധനയെ ബാധിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത വിഭാഗങ്ങൾക്കായി പ്രത്യേക ഡ്രഗ്സ് കൺട്രോൾ വകുപ്പ് രൂപീകരിക്കുന്നതിനുള്ള കേന്ദ്ര ഫണ്ട് ലഭിച്ചിട്ടും ആയത് തിരിച്ചടച്ച് വകുപ്പ് രൂപീകരണം നടത്താൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ ;

(ഡി) പ്രസ്തുത ചികിത്സാരംഗത്ത് മരുന്നുകളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും സ്വതന്ത്ര ചുമതലയുള്ള ഡ്രഗ്സ് കൺട്രോൾ വകുപ്പ് രൂപീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

തിരുവനന്തപുരം ആയുർവേദ കോളേജ് ആശുപത്രിയിൽ കൈക്കൂലി വാങ്ങുന്നത്

4895. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആയുർവേദ കോളേജ് ആശുപത്രിയിൽ രോഗികളിൽ നിന്നും അവിടത്തെ ജീവനക്കാർ ഇനം തിരിച്ചു കൈക്കൂലി വാങ്ങുന്നതായി, കൈക്കൂലി പട്ടിക ഉൾപ്പെടെ, മലയാള മനോരമ ദിനപത്രം വാർത്ത പ്രസിദ്ധീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അഴിമതിയെ കുറിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്ക് എതിരെ നടപടി എടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്നു വ്യക്തമാക്കുമോ?

തിരുവിതാംകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലിൽ പുന:സംഘടന

4896. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലിൽ ആയുർവേദ മേഖലയിൽ നിന്ന് ആയുർവേദ വിദ്യാഭ്യാസ ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ എന്നിവരെ ഒഴിവാക്കാനിടയായ സാഹചര്യം വിശദമാക്കാമോ;

(ബി) കൗൺസിൽ പുന:സംഘടിപ്പിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവിൽ ഭേദഗതി വരുത്തി മേൽപറഞ്ഞവരെ ഉൾപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>അവശ്യ മരുന്നുകളുടെ വില</u>

4897. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശ്യ മരുന്നുകളുടെ വില നിയന്ത്രിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും മരുന്നു വില നിയന്ത്രിക്കുന്നതിന് മരുന്നു കമ്പനികളുടെമേൽ എന്തെല്ലാം നിയന്ത്രണാധികാരങ്ങളാണ് സംസ്ഥാന സർക്കാരിനുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) ;

(സി)

<u>ജനറിക് മരുന്നുകൾ</u>

4898. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ ജനറിക് മരുന്നുകൾ സൗജന്യമായി നൽകുന്ന പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ജനറിക് മരുന്നുകൾ ഏതൊക്കെ വിഭാഗങ്ങൾക്കാണ് നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത്തരം മരുന്നുകൾ ഏതെല്ലാം തരം ആശുപത്രികളിലാണ് നൽകുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും വ്യാപിപ്പിക്കാൻ നടപടി എടുക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>മരുന്നു സംഭരണത്തിനായി വെയർഹൗസ് സ്ഥാപിക്കാൻ നടപടി</u>

4899. **ശ്രീ.എ. പ്രദീപ്കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ മരുന്നു സംഭരണത്തിനായി കോളേജ് കാമ്പസിനോട് ചേർന്ന് വെയർ ഹൗസ് സ്ഥാപിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ആയുർവേദ ഔഷധങ്ങളുടെ ഗുണനിലവാര പരിശോധന</u>

4900. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ ഔഷധങ്ങളുടെ ഗുണനിലവാര പരിശോധനയുടെ ഭാഗമായി, 2014-15 വർഷത്തിൽ എത്ര പരിശോധനകളാണ് നടത്തിയത് ; പ്രസ്തുത പരിശോധനയിൽ ഗുണനിലവാരമില്ലാത്ത എത്ര ഔഷധങ്ങളാണ് കണ്ടെത്തിയതെന്ന് അറിയിക്കാമോ ?

### കോഴിക്കോട് മേഖലാ അനലിറ്റിക്കൽ ലാബ്

4901. ശ്രീ.എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മേഖലാ അനലിറ്റിക്കൽ ലാബിൽ നിന്ന് സമയബന്ധിതമായി പരിശോധനാ ഫലം ലഭ്യമാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഓഫീസിൽ ജീവനക്കാരുടെ എത്ര തസ്തികകൾ ഉണ്ടെന്നും എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നും വിശദമാക്കുമോ;

(സി) സ്ഥാപനത്തിലെ യന്ത്രസാമഗ്രികൾ സമയബന്ധിതമായി റിപ്പയർ ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

### മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ

4902. ശ്രീ.സി.ദിവാകരൻ

,, വി.ശശി

,, കെ.രാജു

,, മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരുന്നിന്റെ ഗുണനിലവാരം സർക്കാർ ലാബിൽ പരിശോധിച്ച ശേഷമേ വിപണിയിലെത്തിക്കാവൂ എന്ന നിബന്ധനയുണ്ടോ;

(ബി) സംസ്ഥാനത്ത് പ്രതിവർഷം എത്ര ബ്രാന്റഡ് മരുന്നുകൾ വിപണിയിലെത്തുന്നുണ്ട്;

(സി) സർക്കാർ ലാബുകളിലെല്ലാം കൂടി പ്രതിവർഷം എത്ര സാമ്പിളുകൾ പരിശോധിക്കുന്നതിനുള്ള സൗകര്യമുണ്ട്;

(ഡി) വിപണിയിലെത്തുന്ന മരുന്നുകളുടെ ഗുണനിലവാരം കൃത്യമായി പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

### സദ് ഗമയ അഡോളസന്റ് ഹെൽത്ത് കെയർ പദ്ധതി

4903. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ

,, അൻവർ സാദത്ത്

,, ബെന്നി ബെഹനാൻ

,, ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളുടെയും കൗമാരപ്രായക്കാരുടെയും ശാരീരിക ബൗദ്ധിക മാനസിക വികസനത്തിനായി ഹോമിയോപ്പതി വകുപ്പ് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്;

(ബി) സദ് ഗമയ അഡോളസന്റ് ഹെൽത്ത് കെയർ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഈ പദ്ധതി സംസ്ഥാനത്തെ എല്ലാ ഡിസ്പെൻസറികളിലും ഇപ്പോൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?

### സീതാലയം പദ്ധതി

4904. ശ്രീ.പാലോട് രവി

,, കെ.എസ്.ശബരീനാഥൻ

,, സി.പി.മുഹമ്മദ്

,, ലൂഡി ലൂയിസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സീതാലയം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുതപദ്ധതി എത്ര ആശുപത്രികളിൽ നടപ്പിലാക്കിയിട്ടുണ്ട്;

(സി) സീതാലയം പദ്ധതി എല്ലാ ഹോമിയോ ഡിസ്പെൻസറികളിലും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>മലപ്പുറം മണ്ഡലത്തിലെ കോഡൂർ ഹോമിയോ ഡിസ്പെൻസറി</u>

4905. ശ്രീ.പി.ഉബൈദുള്ള **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ പുതുതായി അനുവദിച്ച കോഡൂർ ഹോമിയോ ഡിസ്പെൻസറി ഇപ്പോഴും പ്രവർത്തനം ആരംഭിക്കാത്തിന്റെ കാരണം വെളിപ്പെടുത്തുമോ ;

(ബി) ഇതു സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(സി) ഡിസ്പെൻസറി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ ?

<u>ആയുർവേദ ഹോമിയോ ഡിസ്പെൻസറികളിലെ താൽക്കാലിക ജീവനക്കാരുടെ വേതനം</u>

4906. ശ്രീ.മോൻസ് ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ ഹോമിയോ ഡിസ്പെൻസറികളിൽ ജോലി ചെയ്യുന്ന പാരാ മെഡിക്കൽ വിഭാഗം താൽക്കാലിക ജീവനക്കാരുടെ വേതനം G.O(P) No.466/2014/Fin 28/10/14 പ്രകാരം വർദ്ധിപ്പിക്കാത്തതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ജി.ഒ. ഇവർക്കു കൂടി ബാധകമാക്കി കൊണ്ടുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള പ്രധാന തടസ്സം എന്താണെന്നു വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജീവനക്കാർക്കു വേതന വർദ്ധനവ് നല്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; പുതിയ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുളള നടപടി സ്വീകരിക്കുമോ?

<u>ആലത്തൂർ പുതിയങ്കം (എരിമയൂർ) ഹോമിയോ ആശുപത്രി</u>

4907. ശ്രീ.എം.ചന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ പുതിയങ്കം (എരിമയൂർ) ഹോമിയോ ആശുപത്രിയിൽ എത്ര ജീവനക്കാരാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം തസ്തികകളിലാണ് ജീവനക്കാരില്ലാത്തതെന്ന് വ്യക്തമാക്കാമോ;

(സി) ജീവനക്കാരുടെ അഭാവം ആശുപത്രിയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഒഴിവുള്ള തസ്തികകളിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഒരുമനയൂരിൽ ഹോമിയോ ഡിസ്പെൻസറി</u>

4908. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ഒരുമനയൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതി പ്രസ്തുത പഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി, പഞ്ചായത്ത് ഭരണ സമിതി തീരുമാനം എന്നിവ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഹർജി പരിഗണിച്ച് സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ;

(സി) പിന്നോക്ക തീരദേശ മേഖലയായ ഒരുമനയൂരിൽ ഹോമിയോ ഡിസ്പെൻസറി അനുവദിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ ?

ദേവസ്വം ബോർഡ് നിയമനങ്ങൾക്കുള്ള സ്പെഷ്യൽ റൂൾസ്

4909. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ച് സെലക്ഷൻ നടത്തുന്നത് അനൗചിത്യമാണെന്ന സർക്കാരിന്റെ വാദം ദേവസ്വം നിയമനങ്ങൾ പി.എസ്.സി.ക്കു വിട്ട മുൻ സർക്കാരിന്റെ തീരുമാനം അട്ടിമറിച്ച് പിൻവാതിൽ നിയമനത്തിനായിരുന്നെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ സർക്കാർ ദേവസ്വം നിയമനങ്ങൾ പി.എസ്.സി.യ്ക്ക് വിട്ട് നിയമനത്തിനായി സ്പെഷ്യൽ റൂൾസ് തയ്യാറാക്കി പി.എസ്.സി യുടെ അംഗീകാരത്തിനായി അയച്ചിരുന്നുവോ; എന്നാണ് സ്പെഷ്യൽ റൂൾസ് പി.എസ്.സി യുടെ അംഗീകാരത്തിനായി സമർപ്പിച്ചത്;പ്രസ്തുത കരട് സ്പെഷ്യൽ റൂൾസിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിൽ ആരെയെല്ലാം അംഗങ്ങളായി നിയമിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

ശബരിമല മാസ്റ്റർ പ്ലാൻ

4910. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ഏതൊക്കെ നിർമ്മാണ പ്രവൃത്തികളാണ് ; ഓരോ പ്രവൃത്തിയ്ക്കും എത്ര രൂപ ചെലവുവരും ; വിശദമാക്കാമോ ;

(ബി) ശബരിമല മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തി പണി പൂർത്തിയായത് ഏതൊക്കെ പദ്ധതികളാണ് ; മറ്റുള്ളവയുടെ പണികൾ ഏതു ഘട്ടംവരെയായി ; വിശദമാക്കാമോ ;

(സി) മാസ്റ്റർ പ്ലാനിന്റെ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തി പണി ആരംഭിക്കാത്ത പദ്ധതികൾ ഉണ്ടോ ; എങ്കിൽ ഏതൊക്കെ; ഇവയുടെ നിർമ്മാണം വൈകാനുള്ള കാരണം വ്യക്തമാക്കാമോ ; മാസ്റ്റർ പ്ലാനിലെ പണികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കും ; വിശദമാക്കാമോ ;

(ഡി) മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയ നിലയ്ക്കൽ ബേസ് മെന്റിന്റെ നിർമ്മാണത്തിനായി എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുത്തിരിക്കുന്നത് ; എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഇവിടെ വിഭാവനം ചെയ്തിരിക്കുന്നത് ; അയ്യപ്പഭക്തർക്ക് ചികിത്സ നൽകാനുള്ള ആശുപത്രിയുടെ നിർമ്മാണവും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ആശുപത്രിയിൽ എന്തൊക്കെ സൗകര്യങ്ങളാണ് വിഭാവനം ചെയ്തിരിക്കുന്നത് ; എത്ര രൂപയാണ് പദ്ധതിക്കായി ചെലവഴിക്കുന്നത് ;

(ഇ) നിലയ്ക്കൽ ബേസ് മെന്റിന്റെ നിർമ്മാണ പ്രവൃത്തികൾ ഏതു ഘട്ടംവരെയായി എന്ന് വിശദമാക്കാമോ ; ഓരോ പ്രവൃത്തിയും ആരംഭിച്ചത് എന്നാണ് ; നിർമ്മാണം വൈകാനുണ്ടായ കാരണം വ്യക്തമാക്കാമോ ; നിർമ്മാണത്തിനുണ്ടായ തടസ്സങ്ങൾ എന്തൊക്കെ ; ഇവ പരിഹരിക്കാൻ സർക്കാർ എന്തൊക്കെ നടപടി സ്വീകരിച് ച്ചു; വ്യക്തമാക്കാമോ ; പദ്ധതി എന്നു പൂർത്തിയാക്കാനാവും എന്ന് അറിയിക്കുമോ ?

## ദേവസ്വം ബോർഡ് നിയമനങ്ങൾ

4911. ശ്രീ.ജി.സുധാകരൻ

,, കെ.സുരേഷ് കുറുപ്പ്

ശ്രീമതി.പി. അയിഷാ പോറ്റി

ശ്രീ.പുരുഷൻ കടലുണ്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത തസ്തികകൾ ഒഴികെയുള്ളവയിലേക്കുള്ള നിയമനം പി.എസ്.സി.ക്കു വിടുന്നതു വഴി ദേവസ്വം സ്ഥാപനങ്ങളുടെ താല്പര്യം ഹനിക്കപ്പെടാൻ എന്ത് സാഹചര്യമാണുണ്ടായിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നിർദ്ദിഷ്ട ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരണ നിയമത്തിൽ ദേവസ്വം ബോർഡുകളിലെ പരമ്പരാഗത തസ്തികകളും ബോർഡിനു കീഴിലുള്ള എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളിലേക്കുള്ള നിയമന അധികാരവും പുതിയ റിക്രൂട്ട്മെന്റ് ബോർഡിന് വിടേണ്ടതില്ലെന്നു തീരുമാനിച്ചതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) മുൻ പ്രസ്താവിച്ച തസ്തികകൾ ഒഴികെയുള്ളവ ഏതൊക്കെയെന്നും എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളിലും പരമ്പരാഗത തസ്തികകളിലും ഏത് തരത്തിൽ നിയമനം നടത്താനാണുദ്ദേശിക്കുന്നതെന്നും അറിയിക്കാമോ?

## ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളുടെ ഭൂമി

4912. ശ്രീ.കെ.രാധാകൃഷ്ണൻ

,, പി.ശ്രീരാമകൃഷ്ണൻ

,, കെ.കുഞ്ഞിരാമൻ **(തൃക്കരിപ്പൂർ)**

,, കെ. ദാസൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളുടെ ഭൂമി അന്യാധീനപ്പെട്ടതിന്റെ കണക്ക് ലഭ്യമാണോ; എങ്കിൽ അറിയിക്കുമോ;

(ബി) അന്യാധീനപ്പെട്ട ദേവസ്വം ഭൂമി തിരിച്ചുപിടിക്കാൻ ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) അന്യാധീനപ്പെട്ട പന്തല്ലൂർ ക്ഷേത്ര ഭൂമി തിരിച്ചെടുക്കുന്നതിന് നിയമതടസ്സമുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; ഇല്ലെങ്കിൽ പ്രസ്തുത ഭൂമി ഏറ്റെടുക്കാൻ നടപടി സ്വീകരിക്കാതിരുന്നതിന്റെ കാരണം അറിയിക്കുമോ?

## കുറ്റ്യാടി മണ്ഡലത്തിലെ ക്ഷേത്രങ്ങൾക്ക് ധനസഹായം

4913. ശ്രീമതി.കെ.കെ.ലതിക **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 വർഷത്തിൽ ദേവസ്വം ബോർഡിന് കീഴിലുള്ളതും അല്ലാത്തതുമായ ക്ഷേത്രങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ കുറ്റ്യാടി മണ്ഡലത്തിലെ ഏതെല്ലാം ക്ഷേത്രങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ദേവസ്വം ബോർഡും സർക്കാരും നൽകുന്ന ധനസഹായത്തിന് ക്ഷേത്രങ്ങൾ അപേക്ഷിക്കേണ്ടതിന്റെയും ധനസഹായം അനുവദിക്കുന്നതിന്റെയും മാനദണ്ഡങ്ങൾ വിശദമാക്കുമോ ?

## ശബരിമലയിൽ റോപ് വേ നിർമ്മാണം

4914. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മണ്ഡലകാലത്ത് ശബരിമല സന്നിധാനത്ത് അപകടത്തിൽപ്പെട്ടും അല്ലാതെയും എത്ര മരണങ്ങൾ സംഭവിച്ചു എന്നു പറയാമോ;അടിയന്തര ശുശ്രൂഷ വേണ്ട അയ്യപ്പഭക്തരെ സന്നിധാനത്തു നിന്നും പമ്പയിലെ ആശുപത്രിയിൽ എത്തിക്കാൻ നിലവിൽ എന്ത് സംവിധാനമാണുള്ളത് ;

(ബി) അടിയന്തര സാഹചര്യത്തിൽ ഉപയോഗിക്കാൻ ശബരിമലയിൽ റോപ് വേ സംവിധാനം ഏർപ്പെടുത്തുന്ന നടപടികൾ ഏതു ഘട്ടം വരെയായി ; ഇതിനായി സാധ്യതാപഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെ നിർദ്ദേശങ്ങളാണ് റിപ്പോർട്ടിൽ പറയുന്നത് എന്ന് വിശദമാക്കാമോ ;

(സി) ശബരിമലയിൽ റോപ് വേ നിർമ്മിക്കാൻ ഹൈപവർ കമ്മറ്റി തീരുമാനം എടുത്തത് എന്നാണ് ; റോപ് വേ നിർമ്മാണത്തിന് ഏതെങ്കിലും കമ്പനിയുമായി കരാർ ഒപ്പു വച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ന് എന്നു പറയാമോ ; എഗ്രിമെന്റ് തീയതിയും വിശദാംശങ്ങളും ലഭ്യമാക്കാമോ ; എഗ്രിമെന്റ് വയ്ക്കാൻ കാലതാമസം നേരിട്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഡി) റോപ് വേയുടെ നിർമ്മാണം എന്ന് ആരംഭിക്കാനാവും എന്ന് പറയാമോ ; ഇതിന്റെ നിർമ്മാണത്തിനായി എത്ര രൂപ ചിലവാകും ?

## കൊട്ടാരക്കരയിലെ സംസ്കാരിക വകുപ്പ് മ്യൂസിയം മാറ്റുന്നത്

4915. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം, സാംസ്കാരിക വകുപ്പുകൾ ഉണ്ടാക്കിയ ധാരണയുടെ അടിസ്ഥാനത്തിൽ കൊട്ടാരക്കരയിലെ ദേവസ്വം ബോർഡിന്റെ അധീനതയിൽ ഉള്ള കൊട്ടാര കെട്ടിടത്തിൽ പ്രവർത്തിച്ചു വന്ന സംസ്കാരിക വകുപ്പിന്റെ മ്യൂസിയം പ്രസ്തുത കെട്ടിടത്തിൽ നിന്നും ഒഴിയണമെന്ന് ദേവസ്വം ബോർഡ് തീരുമാനം എടുക്കാൻ ഇടയായ സാഹചര്യം വെളിപ്പെടുത്തുമോ;

(ബി) കഥകളിയുടെ ഉപജ്ഞാതാവായ കൊട്ടാരക്കര തമ്പുരാന്റെ പേരിലുള്ള മ്യൂസിയം നിലവിൽ പ്രവർത്തിച്ചു വരുന്ന കൊട്ടാര കെട്ടിടത്തിൽ (ദേവസ്വം ബോർഡിന്റെ അധീനതിയിൽ ഉള്ളത്) തുടർന്ന് പ്രവർത്തിപ്പിക്കുന്നതിന് ദേവസ്വം ബോർഡിൽ നിന്നും അനുകൂല നടപടികൾ ഉണ്ടാക്കാൻ നടപടി സ്വീകരിക്കുമോ?

## ക്ഷേത്രവഴിപാടുകളും കാണിക്കയും നിരീക്ഷിക്കാൻ സംവിധാനം

4916. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ വിശ്വാസികൾ സമർപ്പിക്കുന്ന വഴിപാടുകളും കാണിക്കയും നിരീക്ഷിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് പറയാമോ;

(ബി) ബോർഡ് നിശ്ചയിച്ചിരിക്കുന്ന നിരക്കിലുള്ള ഫീസാണോ ക്ഷേത്രങ്ങളിൽ വാങ്ങുന്നതെന്നും നിർദ്ദിഷ്ട ഗുണനിലവാരമുള്ള പ്രസാദമാണോ ഭക്തർക്ക് നൽകുന്നതെന്നും പരിശോധിക്കാറുണ്ടോ; ഇത്തരത്തിൽ പോരായ്മകളോ പരാതികളോ ഭക്തരിൽ നിന്നോ ക്ഷേത്ര സംരക്ഷണ സമിതികളിൽ നിന്നോ ലഭിക്കാറുണ്ടോ; അവ എപ്രകാരം പരിഹരിക്കുന്നുവെന്ന് പറയാമോ;

(സി) ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ വഴിപാടിനായി എഴുതുന്ന രസീതുകളും നൽകുന്ന സേവനങ്ങളും ഒരു നെറ്റ് വർക്കിലൂടെ ഓൺലൈനാക്കുവാനും ഭക്തർ ഒരു തരത്തിലും കബളിപ്പിക്കപ്പെടുന്നില്ലെന്ന്

ഉറപ്പുവരുത്തുംവിധം കർശന നിരീക്ഷണം നടത്തുവാനും നടപടി സ്വീകരിക്കുമോ?

<u>കൈനകരി പട്ടാളം, പ്ലാശ്ശേരി പുറംബണ്ട് കെട്ടിസംരക്ഷിക്കൽ</u>

4917. **ശ്രീ.തോമസ് ചാണ്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈനകരി പഞ്ചായത്തിൽ പട്ടാളം, പ്ലാശ്ശേരി തുരുത്തുകൾ കുട്ടനാട് പാക്കേജിൽ പുറംബണ്ട് കെട്ടുന്നതിന്റെ ബാക്കി ഭാഗം ഇറിഗേഷൻ വകുപ്പ് മുഖാന്തിരം കല്ലുകെട്ടുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പഞ്ചായത്തിൽ അമ്പലം, ഊരാളശ്ശേരി തുരുത്തുകൾ കൂടി പുറംബണ്ട് കെട്ടിസംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

<u>ജല സംരക്ഷണ പദ്ധതികൾ</u>

4918. **ശ്രീ.എം.ചന്ദ്രൻ**

**,, കെ.കെ.ജയചന്ദ്രൻ**

**,, കെ.കുഞ്ഞമ്മത് മാസ്റ്റർ**

**,, കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിട്ടിരുന്ന അതിരൂക്ഷമായ വരൾച്ചയും കാലാവസ്ഥാവ്യതിയാനവും കണക്കിലെടുത്ത് ലഭ്യമായ ജലം പരമാവധി സംരക്ഷിക്കാൻ 505 കോടി രൂപയുടെ വിവിധ പദ്ധതികൾ 2013-14 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ പുരോഗതി അറിയിക്കുമോ; ഇതിനായി ചെലവഴിച്ച തുക എത്രയെന്ന് അറിയിക്കാമോ; നിക്ഷേപ പ്രയോജനം വിലയിരുത്തിയിരുന്നോ; വിശദാംശം നൽകുമോ;

(സി) 400 കോടി രൂപ മുടക്കി 700 തടയണ പണിയാനുള്ള പദ്ധതിയുടെ നിലവിലെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) പദ്ധതി പ്രകാരം എത്ര തടയണകൾ നിർമ്മിച്ചെന്നും അതിനായി ചെലവഴിച്ച തുകയെത്രയെന്നും അറിയിക്കുമോ?

<u>ജല-പരിസ്ഥിതി സംരക്ഷണം</u>

4919. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല-പരിസ്ഥിതി സംരക്ഷണത്തിനും മഴവെള്ള സംഭരണത്തിനും വേണ്ടി ഈ സർക്കാർ 2011 മുതൽ 2015 വരെ ഓരോ വർഷവും എത്ര തുക ചെലവാക്കി ;എന്തൊക്കെ നടപടികൾ ഇതിനായി സ്വീകരിച്ചു ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇതിന്റെ ഭാഗമായി നദികളുടെ സംരക്ഷണം , കയ്യേറ്റം തടയൽ, മണൽ വാരൽ നിയന്ത്രിക്കൽ, തീരസംരക്ഷണം, തോടുകളുടെ സംരക്ഷണവും കയ്യേറ്റം തടയലും, കുളങ്ങളുടെ സംരക്ഷണം, കുളം നികത്തൽ തടയൽ, വീടുകളിൽ മഴക്കുഴികൾ സ്ഥാപിക്കൽ എന്നിവ വഴി മഴവെള്ള സംഭരണത്തിനും ജല-പരിസ്ഥിതി സംരക്ഷണത്തിനുമായി ഈ കാലയളവിൽ ഓരോ വർഷവും എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും,അത്തരം പ്രവൃത്തികൾക്കായി നീക്കിവച്ച തുക , ചെലവാക്കിയ തുക, , ലഭിച്ച കേന്ദ്ര സഹായം , അതിൽ ചെലവാക്കിയ തുക എന്നിവ എത്രയെന്നും വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഈ കാലയളവിൽ കുളങ്ങളുടെ പുനരുദ്ധാരണം, നികത്തപ്പെട്ട കുളങ്ങളെ പുനരുദ്ധരിക്കൽ, കിണർനിറ, നീർത്തടാധിഷ്ഠിത ഗ്രാമവികസനം എന്നിവയ്ക്കായി ജലവിഭവ വകുപ്പും മറ്റു വകുപ്പുകളും സംയുക്തമായി

എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വർഷവും ജില്ലയും തിരിച്ച് വിശദാംശം ലഭ്യമാക്കാമോ ;

(ഡി) ഏതെല്ലാം ജില്ലകളിൽ മഴവെള്ളം പാഴാക്കുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ;ജലദൗർലഭ്യം നേരിടുന്ന ഇടങ്ങളിൽ മഴവെള്ളം നഷ്ടപ്പെടുത്താതെ സംഭരിച്ച് ഉപയോഗപ്രദമാക്കാൻ എന്തൊക്കെ നടപടികൾ ഈ കാലയളവിൽ സ്വീകരിച്ചുവെന്നും ആയതിന് എത്ര തുക ചെലവായെന്നും വർഷവും ജില്ലയും തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ?

<u>ഒരു പഞ്ചായത്തിൽ ഒരു കുളം</u>

4920. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി സംസ്ഥാനത്ത് ഏത് വർഷമാണ് നടപ്പിലാക്കിയതെന്ന് പറയാമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയതെന്ന് പറയാമോ;

(സി) പദ്ധതിയിൽ ഉൾപ്പെട്ട കുളങ്ങളുടെ നിയോജകമണ്ഡലം തിരിച്ചുള്ള പട്ടിക നല്കാമോ;

(ഡി) പദ്ധതി പ്രകാരമുള്ള കുളങ്ങളുടെ പണി പൂർത്തിയായിട്ടുണ്ടോ;

(ഇ) ചേലക്കര നിയോജകമണ്ഡലത്തിൽ ഈ പദ്ധതിയനുസരിച്ച് എം.എൽ.എ. ശുപാർശ ചെയ്ത കുളങ്ങൾ ഏതെല്ലാമാണെന്നും അവയുടെ പണി പൂർത്തിയായിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അവയുടെ നിർമ്മാണപണികൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ?

<u>ജലസേചന വകുപ്പിലും വാട്ടർ അതോറിറ്റിയിലും അധികാരവികേന്ദ്രീകരണം</u>

4921. **ശ്രീ.കെ.എസ്.ശബരീനാഥൻ**

,, കെ.ശിവദാസൻ നായർ

,, വി.റ്റി.ബൽറാം

,, ഹൈബി ഈഡൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിലും വാട്ടർ അതോറിറ്റിയിലും അധികാരവികേന്ദ്രീകരണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;വ്യക്തമാക്കാമോ?

<u>മലമ്പുഴ ജലസേചന പദ്ധതിയുടെ പുറമ്പോക്ക് ഭൂമി പാലക്കാട് മേഴ്സി കേളേജിന് വിട്ടു നൽകൽ</u>

4922. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ ജലസേചന പദ്ധതിയുടെ പുറമ്പോക്ക് ഭൂമി പാലക്കാട് മേഴ്സി കോളേജിന് കൈമാറുന്നത് സംബന്ധിച്ച് ജലസേചന വകുപ്പിന്റെ കൈവശമുള്ള 2689/ഐ. ആർ./2012/ഡബ്ല്യു. ആർ., 3692/ഐ. ആർ./2014/ഡബ്ല്യു. ആർ. എന്നീ ഫയലുകളിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ; പ്രസ്തുത ഫയലുകളിന്മേൽ തീർപ്പു കൽപ്പിച്ചിട്ടുണ്ടോ എന്നറിയിക്കാമോ ;

(ബി) പ്രസ്തുത ഭൂമി മേഴ്സി കോളേജ് അധികാരികൾ ജലസേചന വകുപ്പിന് വിട്ടുതന്നിട്ടുള്ളതും ഇപ്പോൾ പുറമ്പോക്ക് ഭൂമിയായി കിടക്കുന്നതുമാണെന്ന വസ്തുത റവന്യൂ അധികാരികൾ അറിയിച്ചിട്ടുണ്ടോ ; ഈ ഭൂമി കൈമാറുന്നതിനുള്ള പ്രധാന തടസ്സം വ്യക്തമാക്കാമോ ?

<u>പൈപ്പ് പോളിസി</u>

4923. ശ്രീ.ഹൈബി ഈഡൻ
,, വി.റ്റി.ബൽറാം
,, ആർ . സെൽവരാജ്
,, പി.സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സസ്ഥാനത്ത് പൈപ്പ് പോളിസിക്ക് ഉടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;വ്യക്തമാക്കാമോ?

<u>നദികളുടെ ഭൗതിക സ്വഭാവങ്ങളിലെ മാറ്റങ്ങളെക്കുറിച്ചുള്ള പഠനം</u>

4924. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നദികളുടെ ഭൗതിക സ്വഭാവങ്ങളിൽ മാറ്റം വരുന്നതിനെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) നദികളിലെ ഭൂജല നിരപ്പ് താഴുന്നതിനെക്കുറിച്ചും മലിനജലം കലരുന്നതിനെക്കുറിച്ചും പഠിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>കുട്ടനാട് വികസന പാക്കേജ്</u>

4925. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി
,, പി.കെ.ബഷീർ
,, എൻ. ഷംസുദ്ദീൻ
,, എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് വികസന പാക്കേജിൽപ്പെടുന്ന പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ സാമ്പത്തിക ചെലവിലും പദ്ധതി നടത്തിപ്പിലും ഉണ്ടായിട്ടുള്ള പുരോഗതി സംബന്ധിച്ച വിശദവിവരം നൽകാമോ;

(ബി) കാലാവധിയും, പ്രവർത്തനാനുമതിയും ദീർഘിപ്പിച്ചു നൽകിയതുമൂലം ഏതൊക്കെ പദ്ധതികൾക്കാണ് പ്രയോജനം ലഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ ഏതൊക്കെ ഏജൻസികളാണ് നടപ്പാക്കുന്നതെന്നും അവ നിശ്ചിത കാലാവധിക്കകം പൂർത്തിയാക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമെന്തെന്നും മോണിട്ടറിംഗിന് എന്തു ക്രമീകരണം ഏർപ്പെടുത്തി യിട്ടുണ്ടെന്നും വിശദമാക്കുമോ?

<u>ഇറിഗേഷൻ ഡിസൈൻ ആന്റ് റിസർച്ച് ബോർഡിന്റെ വികസനം</u>

4926. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ ഡിസൈൻ ആന്റ് റിസർച്ച് ബോർഡിന്റെ വികസന പ്രക്രിയക്കായി സാങ്കേതിക വിഭാഗം, ലൈബ്രറി, വിവര സാങ്കേതിക സ്ഥിതി വിവരം മുതലായവയുടെ വികസനത്തിനും ആധുനീകരണത്തിനുമായി എത്ര തുക നീക്കിവെച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ബി) ഐ.ഡി.ആർ.ബി. യെ സ്വയംഭരണ സ്ഥാപനമാക്കി മാറ്റൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ ;

(സി) സ്വയംഭരണ സ്ഥാപനമാക്കി മാറ്റാനുദ്ദേശിക്കുന്നുണ്ടെങ്കിൽ സ്ഥാപനത്തിന്റെ സാമ്പത്തിക സ്രോതസ്സുകൾ ഏതൊക്കെയായിരിക്കുമെന്ന് അറിയിക്കാമോ?

<u>കയ്പമംഗലം നിയോജക മണ്ഡലത്തിലെ കടൽഭിത്തി നിർമ്മാണ പ്രവൃത്തികൾ</u>

4927. **ശ്രീ.വി.എസ്.സുനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജക മണ്ഡലത്തിലെ കടൽഭിത്തി നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനായുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(ബി) കടൽഭിത്തി പുനർനിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പ്രവൃത്തികൾക്ക് ആവശ്യമായ പണം വകയിരുത്തി ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഇറിഗേഷൻ വകുപ്പിലെ വിവിധ പദ്ധതികൾ</u>

4928. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇറിഗേഷൻ വകുപ്പിലെ വിവിധ പദ്ധതികളിൽപ്പെടുത്തി (ഒരുകുളം പദ്ധതി ഒഴികെ ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദ വിവരങ്ങൾ സാമ്പത്തിക വർഷം തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥയുടെ വിശദാംശങ്ങൾ നൽകുമോ?

<u>വൈപ്പിൻ എടവനക്കാട് സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടി</u>

4929. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ ഉപഭോക്താക്കളുടെ ബാഹുല്യവും പ്രദേശത്തിന്റെ വ്യാപ്തിയും കണക്കിലെടുത്ത് എടവനക്കാട് കേന്ദ്രീകരിച്ച് പുതുതായി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി വിശദീകരിക്കാമോ;

(സി) അധിക ബാധ്യതയില്ലാതെ നിലവിലുള്ള ഓഫീസുകൾ പുനക്രമീകരിച്ചു കൊണ്ട് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കാനുള്ള തീരുമാനമെടുക്കുന്നതിൽ കാലതാമസമുണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

<u>തടയണകളുടെ നിർമ്മാണം</u>

4930. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ

,, കെ.മുരളീധരൻ

,, ഹൈബി ഈഡൻ

,, എം.എ. വാഹീദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തടയണകളുടെ നിർമ്മാണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്;വ്യക്തമാക്കാമോ?

<u>എലത്തൂര്‍ മണ്ഡലത്തിലെ പ്രവൃത്തികള്‍</u>

4931. **ശ്രീ.എ. കെ. ശശീന്ദ്രന്‍ :** താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാരിന്‍െറ കാലത്ത് മൈനര്‍ ഇറിഗേഷന്‍െറ വിവിധ പദ്ധതികളില്‍ ഉള്‍പ്പെടുത്തി കോഴിക്കോട് ജില്ലയിലെ എലത്തൂര്‍ നിയോജകമണ്ഡലത്തില്‍ നടപ്പിലാക്കിയ പ്രവൃത്തികളുടെ പേരുവിവരം വാര്‍ഷികാടിസ്ഥാനത്തില്‍ പദ്ധതി തിരിച്ച് ലഭ്യമാക്കുമോ?

<u>പേരാമ്പ്ര മണ്ഡലത്തിലെ പ്രവൃത്തികള്‍</u>

4932. **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റര്‍ :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) പേരാമ്പ്ര മണ്ഡലത്തില്‍ ജലവിഭവ വകുപ്പിന് കീഴില്‍ ഏതെല്ലാം പ്രവൃത്തികളാണ് നടന്നുവരുന്നതെന്ന് വിശദമാക്കുമോ ;

(ബി) ഓരോ പ്രവൃത്തിക്കും എത്ര തുക നീക്കിവച്ചെന്നും ഓരോ പ്രവൃത്തിയും ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ?

<u>കടലാക്രമണം തടയാന്‍ നടപടി</u>

4933. **ശ്രീ.എസ്.ശര്‍മ്മ :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) നായരമ്പലം തീരപ്രദേശത്ത് താമസിക്കുന്നവരും പ്രൈമറി ഹെല്‍ത്ത് സെന്ററില്‍ ജോലി ചെയ്യുന്നവരും രൂക്ഷമായ കടലാക്രമണത്തിന്റെയും കടല്‍ വെള്ളക്കയറ്റത്തിന്റെയും ഭീതിയില്‍ കഴിയുന്ന വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രദേശത്തെ കടലാക്രമണം, കടല്‍വെള്ളക്കയറ്റം എന്നിവ ശാശ്വതമായി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദീകരിക്കുമോ;

(സി) പ്രസ്തുത പ്രദേശത്ത് ജലവിഭവ വകുപ്പ് മുഖാന്തിരം നടപ്പാക്കിയ പ്രവൃത്തികള്‍ വ്യക്തമാക്കാമോ?

<u>കാസര്‍ഗോഡ് ജില്ലയിലെ ഒരു പഞ്ചായത്തില്‍ ഒരു കുളം പദ്ധതി</u>

4934. **ശ്രീ.കെ.കുഞ്ഞിരാമന്‍ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ഒരു പഞ്ചായത്തില്‍ ഒരു കുളം പദ്ധതിയില്‍ ഉള്‍പ്പെടുത്തി കാസര്‍ഗോഡ് ജില്ലയില്‍ എത്ര പ്രവൃത്തികള്‍ക്ക് അനുമതി നല്‍കിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പഞ്ചായത്തിന്റെ പേരും അനുവദിച്ച തുകയുമടങ്ങുന്ന ഭരണാനുമതി ഉത്തരവിന്റെ പകര്‍പ്പ് ലഭ്യമാക്കാമോ?

<u>കുറ്റ്യാടി ഇറിഗേഷന്‍ പ്രൊജക്ട്</u>

4935. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) കുറ്റ്യാടി ഇറിഗേഷന്‍ പ്രൊജക്ടിന് വേണ്ടി എത്ര ഹെക്ടര്‍ സ്ഥലം സര്‍ക്കാര്‍ അക്വിസിഷന്‍ നടത്തി; വ്യക്തമാക്കുമോ;

(ബി) അക്വിസിഷൻ നടപടിയിലൂടെ കൈവന്ന ഭൂമിയുടെ പ്രമാണങ്ങൾ മറ്റ് രേഖകൾ ഇവയെല്ലാം ആരാണ് സൂക്ഷിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) ഈ ഭൂമിയിൽ എവിടെയെങ്കിലും സ്വകാര്യ വ്യക്തികൾ കൈയേറ്റം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

### കാഞ്ഞങ്ങാട് ജലവിഭവ പദ്ധതികൾ

4936. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിന് കീഴിൽ നടത്തിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതി വിവരം, തുക, സ്ഥലം എന്നിവ തിരിച്ച കണക്കുകളുടെ പട്ടിക വെളിപ്പെടുത്താമോ?

### കിടങ്ങറയിലെ പാലം പുനർനിർമ്മാണം

4937. **ശ്രീ.തോമസ് ചാണ്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.സി. കനാലിനുകുറുകെ കിടങ്ങറയിൽ ഉള്ള ഇടുങ്ങിയ പാലം പുനർനിർമ്മിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) മനക്കച്ചിറ മുതൽ ഒന്നാംകര വരെ ഉള്ള കനാൽ നിർമ്മാണത്തിന് ഇതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

### നിലയ്ക്കൽ വാട്ടർ സപ്ലൈ സ്കീമിന്റെ നിർമ്മാണം

4938. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടകർക്കുകൂടി പ്രയോജനം ചെയ്യുന്ന നിലയ്ക്കൽ വാട്ടർ സപ്ലൈ പദ്ധതിയിൽ എന്തൊക്കെ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചത് എന്നാണ്; വിശദമാക്കാമോ;

(ബി) നിലയ്ക്കൽ കൂടാതെ ഏതൊക്കെ പ്രദേശത്താണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുകയെന്ന് അറിയിക്കുമോ?

### പുഴകളുടെയും തോടുകളുടെയും സംരക്ഷണം

4939. **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പുഴകളുടെയും തോടുകളുടെയും അതിർത്തി നിശ്ചയിക്കാത്തതു മൂലമുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുഴുവൻ തോടുകളുടെയും പുഴകളുടെയും അതിർത്തി സർവ്വേ നടത്തി നിശ്ചയിക്കുവാനും കല്ലുകൾ സ്ഥാപിച്ച് സംരക്ഷിക്കുവാനും നടപടി സ്വീകരിക്കുമോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് തോടുകളും പുഴകളും നിലനിർത്താൻ പദ്ധതി നടപ്പാക്കുമോ?

### കുന്നുമ്മൽ അനുബന്ധ കുടിവെള്ള പദ്ധതി

4940. **ശ്രീ.ഇ.കെ.വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നമ്മൽ അനുബന്ധ കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികളിൽ കാലതാമസം നേരിടുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പദ്ധതിയുടെ പണി പൂർത്തീകരിച്ച് എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് അറിയിക്കാമോ?

<u>തോട്ടപ്പള്ളി സ്പിൽവേ</u>

4941. ശ്രീ.തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടപ്പള്ളി സ്പിൽവേയുടെ ഷട്ടറുകൾ മാറ്റി സ്റ്റെയിൻലെസ് സ്റ്റീൽ ഷട്ടറുകൾ സ്ഥാപിക്കുന്നതിനുവേണ്ടി 8.35 കോടി രൂപ ചെലവുവരുന്ന പ്രവൃത്തി നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ലീഡിംഗ് ചാനൽ ഡ്രഡ്ജ് ചെയ്യുന്നതിനും കടൽ മുഖത്തുള്ള മണ്ണ് മാറ്റുന്നതിനും മറ്റും ഇതുവരെ സ്വീകരിച്ച നടപടികൾ, ചെലവഴിച്ച തുക സഹിതം വിശദമാക്കാമോ?

<u>ജലാശയങ്ങളുടെ കൈയ്യേറ്റം</u>

4942. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ ജലാശയങ്ങളെ കൈയ്യേറ്റത്തിൽ നിന്ന് സംരക്ഷിക്കുന്നതിന് എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്; ഇവയെ റവന്യൂ രേഖകളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ എല്ലാ ജലാശയങ്ങളെയും കൈയ്യേറ്റത്തിൽ നിന്നും വീണ്ടെടുത്തും റവന്യൂ രേഖകളിൽ ഉൾപ്പെടുത്തിയും സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഭൂജല റീചാർജ് പ്രക്രിയയുടെ സാധ്യതകൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഈ സംരംഭത്തിനായി സർക്കാർ ഏതെല്ലാം തരത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കുമോ?

<u>ചേർത്തലയിലെ പൊതു തോടുകൾ, കനാലുകൾ, കുളങ്ങൾ നവീകരണം</u>

4943. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ജലസേചന വകുപ്പിന്റെ ചുമതലയിൽ ചേർത്തല മണ്ഡലത്തിൽ നവീകരിച്ച പൊതു തോടുകളും കനാലുകളും പൊതുകുളങ്ങളും ഏതെല്ലാമാണെന്നും അതിനായി വിനിയോഗിക്കപ്പെട്ട തുക എത്രയായിരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) ചേർത്തലയിലെ ഏതെല്ലാം പൊതുകുളങ്ങൾ കല്ലുകെട്ടി സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; ഇവയുടെ നവീകരണ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ചേർത്തലയിലെ നഗരഭാഗത്തോട് ചേർന്നുകിടക്കുന്ന എ.എസ്.കനാൽ, റ്റി.ബി.കനാൽ, മിൽസ് കനാൽ തുടങ്ങിയവയും ഫാക്ടറി മാലിന്യങ്ങൾ അടിഞ്ഞുകൂടി പകർച്ചവ്യാധികളും ക്യാൻസറും അടക്കം ഒട്ടേറെ ആരോഗ്യഭീഷണിക്ക് കാരണമാകുന്ന വാരനാട്-പൂത്തോട്ട തോടും വൃത്തിയാക്കി ആഴം കൂട്ടുന്നതിനും നവീകരിക്കുന്നതിനും നിരവധി നിർദ്ദേശങ്ങൾ സമർപ്പിക്കപ്പെട്ടിട്ടും ഇനിയും പരിഗണിച്ചിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

<u>കുട്ടനാട്ടിലെ പൈപ്പ് ലൈനുകളുടെ അറ്റകുറ്റ പണികൾ</u>

4944. ശ്രീ.തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ കാലപ്പഴക്കത്തിൽ തകരുന്ന പൈപ്പ് ലൈനുകളുടെ അറ്റകുറ്റ പണികൾക്ക് കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പഞ്ചായത്ത് തിരിച്ച് മുമ്പ് നിലവിൽ ഉണ്ടായിരുന്നതുപോലെ വാർഷിക പൈപ്പ് ലൈൻ മെയിന്റനൻസ് കോൺട്രാക്ട് പുനസ്ഥാപിക്കണമെന്നാവശ്യപ്പെട്ട് ബഹു. മുഖ്യമന്ത്രിയുടെ യോഗത്തിൽ സമർപ്പിച്ച അപേക്ഷയിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>കല്ല്യാശ്ശേരി മണ്ഡലത്തിലെ നബാർഡ് ആർ ഐ ഡി എഫ് സ്കീമിൽ സമർപ്പിച്ച പ്രവൃത്തികൾ</u>

4945. ശ്രീ.റ്റി.വി.രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവവകുപ്പിന് കീഴിൽ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ നബാർഡ് ആർ ഐ ഡി എഫ് XVII സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച നാല് പ്രോജക്ടുകളിൽ ഇപ്പോൾ ഏതൊക്കെ പ്രവൃത്തികൾക്കാണ് പുതുക്കിയ ഭരണാനുമതി ലഭിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(ബി) നബാർഡിന്റെ ആർ. ഐ. ഡി. എഫ്. 21 സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏതൊക്കെ പ്രോജക്ടുകളുടെ എസ്റ്റിമേറ്റുകളാണ് ജലവിഭവവകുപ്പ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>മുല്ലപ്പെരിയാർ അണക്കെട്ടിന് തീവ്രവാദി ഭീഷണി</u>

4946. ശ്രീ.സി.ദിവാകരൻ
ശ്രീമതി.ഇ.എസ്.ബിജിമോൾ
ശ്രീ.കെ.അജിത്
,, ചിറ്റയം ഗോപകുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ടിന് പാക് ഭീകര സംഘടനകളുടെ ഭീഷണിയുള്ളതായി റിപ്പോർട്ടുകളുണ്ടോ ;

(ബി) മുല്ലപ്പെരിയാർ അണക്കെട്ടിൻെറ സുരക്ഷ കേന്ദ്ര സേനയെ ഏല്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച അഭിപ്രായം വെളിപ്പെടുത്തുമോ?

<u>അച്ചൻകോവിലാറിന് സംരക്ഷണ ഭിത്തി നിർമ്മാണം</u>

4947. ശ്രീ.ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ വഴുവാടിക്കടവിൽ അച്ചൻകോവിലാറിന് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനും കടവ് നവീകരണത്തിനുമായി 20 ലക്ഷം രൂപയും കരിമ്പിൻകാവ് പ്രദേശത്ത് അച്ചൻകോവിലാറിന്റെ തെക്ക് ഭാഗം സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് 15 ലക്ഷം രൂപയും അനുവദിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് എം.എൽ.എ നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത രണ്ടു പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഡി എസ് ആർ-ലേക്ക്മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ഇ) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

എടവണ്ണ റെഗുലേറ്റർ കം ബ്രിഡ്ജ്

4948. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ എടവണ്ണ പള്ളപ്പാറ പന്നിമുക്ക് എന്ന സ്ഥലത്ത് ചാലിയാറിന് കുറുകെ ഒരു റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം സംബന്ധിച്ച് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇല്ലെങ്കിൽ ഭരണാനുമതി അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിയ്ക്കുമോ ?

കാസർഗോഡ് ജില്ലയിലെ കടലാക്രമണ ഭീഷണി

4949. ശ്രീ.കെ.കുഞ്ഞിരാമൻ **(തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കടലാക്രമണ ഭീഷണി നേരിടുന്ന വലിയ പറമ്പ് ബീച്ച് പഞ്ചായത്തിൽ കരകെട്ടി സംരക്ഷിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

വെണ്ടാട്ട്- മയിച്ചയിൽ വി.സി.ബി. കം ബ്രിഡ്ജിന്റെ നിർമ്മാണം

4950. ശ്രീ.കെ.കുഞ്ഞിരാമൻ **(തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വെണ്ടാട്ട്- മയിച്ചയിൽ നിർമ്മിക്കുന്ന വി. സി.ബി. കം ബ്രിഡ്ജിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ എന്ന് വ്യക്തമാക്കാമോ ?

തൃക്കരിപ്പൂർ പഞ്ചായത്തിലെ പാടിയിൽ പുഴയ്ക്ക് കുറുകെയുള്ള തടയണ നിർമ്മാണം

4951. ശ്രീ.കെ.കുഞ്ഞിരാമൻ **(തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ പഞ്ചായത്തിലെ പാടിയിൽ പുഴയ്ക്ക് കുറുകെ തടയണ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി

4952. ശ്രീ.എം.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി പ്രകാരം പാലക്കാട് ജില്ലയിലെ എത്ര കുളങ്ങളാണ് നവീകരിക്കുന്നത്; നിയമസഭാ മണ്ഡലം തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ബി) ആലത്തൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം കുളങ്ങളാണ് നവീകരിക്കുന്നത്;

(സി) മണ്ഡലത്തിൽ നിന്നും നവീകരണത്തിന് അനുമതി ലഭിച്ച ഏതെങ്കിലും കുളത്തിന്റെ നവീകരണം ആരംഭിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ വൈകുവാനുള്ള കാരണം വ്യക്തമാക്കുമോ?

പൊതു കുളങ്ങളുടെ നിർമ്മാണം

4953. ശ്രീ.പി.എ.മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു പൊതുകുളം പുനർനിർമ്മിക്കുന്ന പദ്ധതി പ്രകാരം മണലൂർ നിയോജകമണ്ഡലത്തിൽ എത്ര പൊതു കുളങ്ങൾ നിർമ്മിക്കുന്നതിനാണ് അനുമതി നൽകിയിരുന്നതെന്ന് അറിയിക്കാമോ;

(ബി) ഓരോ പദ്ധതിയും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

കുഴൽ കിണർ നിർമ്മാണം

4954. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുഴൽ കിണർ കുഴിക്കുന്നതിന് എന്തെല്ലാം വ്യവസ്ഥകൾ പാലിക്കണമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വ്യവസ്ഥകൾ അടങ്ങുന്ന ഉത്തരവിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ?

പേരാമ്പ്ര മണ്ഡലത്തിൽ ഉൾപ്പെട്ട കുളങ്ങളുടെ നവീകരണം

4955. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15, 2015-16 വർഷങ്ങളിൽ പേരാമ്പ്ര മണ്ഡലത്തിൽ ഉൾപ്പെട്ട ഏതെല്ലാം കുളങ്ങൾ നവീകരിക്കാനാണ് ഇറിഗേഷൻ വകുപ്പിൽ നിന്നും ഭരണാനുമതി ലഭ്യമായിട്ടുള്ളതെന്നും ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ?

കുളങ്ങളുടെ പുനരുദ്ധാരണം

4956. ശ്രീ.ബെന്നി ബെഹനാൻ

,, എ.റ്റി.ജോർജ്

,, പാലോട് രവി

,, സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുളങ്ങളുടെ പുനരുദ്ധാരത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കുടിവെള്ളത്തിന്റെ പരിശുദ്ധി പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ

4957. ശ്രീ.എ.കെ.ബാലൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കിണർ, കുളം, കുഴൽ കിണർ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന ഭൂഗർഭ ജലത്തിൽ രാസമാലിന്യങ്ങൾ കലർന്നിട്ടുണ്ടെന്ന കേന്ദ്ര ഭൂഗർഭ ബോർഡിന്റെ പഠനറിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) ഇത് സംബന്ധിച്ച് ജനങ്ങളുടെ ആശങ്കയകറ്റാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ കുടിവെള്ളത്തിന്റെ പരിശുദ്ധി പരിശോധിക്കുന്നതിന് കെ. ഡബ്ള്യു. എ. യ്ക്ക് എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളത്; ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ ആലപ്പുഴ ജില്ലാ ഓഫീസ് കെട്ടിടത്തിന് ഭൂമി

T 4958. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ ആലപ്പുഴ ജില്ലാ ഓഫീസിന്, ആലിശ്ശേരി റോഡിൽ വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ള ബ്ലോക്ക് 75-ൽ റീസർവ്വേ നമ്പർ 78 (സർവ്വേ നമ്പർ 530/17, 530/18, 530/19) ഏകദേശം ഒന്നര ഏക്കർ വരുന്ന പുറമ്പോക്ക് ഭൂമിയിൽ നിന്നും 40 സെന്റ് സ്ഥലം കേരള പബ്ളിക് സർവ്വീസ് കമ്മീഷന് അനുവദിച്ചു നൽകുന്നതിന് കമ്മീഷൻ നൽകിയ അപേക്ഷയിൻമേൽ എന്തു നടപടി സ്വീകരിച്ചു, വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥലം കേരള പബ്ളിക് സർവ്വീസ് കമ്മീഷന് അനുവദിച്ചു നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

നേമം മണ്ഡലത്തിലെ കുടിവെള്ളക്ഷാമം

4959. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം മണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി 09.07.2015ൽ ബഹു. ജലവിഭവ വകുപ്പു മന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ ആരൊക്കെ പങ്കെടുത്തുവെന്നും യോഗത്തിന്റെ തീരുമാനങ്ങൾ എന്തൊക്കയാണെന്നും പ്രസ്തുത തീരുമനങ്ങളിൽ നടപ്പിലാക്കപ്പെട്ടത് ഏതൊക്കെയാണെന്നും വിശദമാക്കമോ?

നേമം നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം

4960. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിൽ അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന നേമം, എസ്റ്റേറ്റ്, പൊന്നുമംഗലം, മേലാങ്കോട്, പാപ്പനംകോട്, പുഞ്ചക്കരി, പൂങ്കുളം, വെള്ളാർ, തിരുവല്ലം, കരമന, നെടുങ്കാട്, പുന്നക്കാമുഗൾ എന്നീ വാർഡുകളിലെ ഇടവഴികളിൽ പ്രവേശിക്കുവാൻ കഴിയുന്ന ചെറിയ ടാങ്കർ ലോറികളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

പേട്ട മൂന്നാംമനയ്ക്കൽ -പുള്ളി ലൈൻ ഡ്രെയിനേജ്

4961. ശ്രീ.എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പേട്ട മൂന്നാംമനയ്ക്കൽ നിന്നും പുള്ളി ലൈൻ വരെയുള്ള ഡ്രെയിനേജ് സംവിധാനം നടപ്പിൽ വരുത്തുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) 1985-ൽ ഡ്രെയിനേജ് പൈപ്പിടാൻ കുഴിച്ചിട്ടും ഇതുവരെയും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഇത് ഏത് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടപടികൾ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പ്രദേശത്ത് ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് റസിഡന്റ്സ് അസോസിയേഷൻ നിവേദനം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

വൈക്കം വെള്ളൂർ ജലവിതരണ പ്ലാന്റ്

4962. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജകമണ്ഡലത്തിലെ വെള്ളൂർ ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ചിരിക്കുന്ന ജലവിതരണ പ്ലാന്റിൽ നിന്നും ഏതൊക്കെ പദ്ധതികളിലൂടെ ഏതൊക്കെ പഞ്ചായത്ത്, മുൻസിപ്പൽ പ്രദേശങ്ങളിലേക്കാണ് ജലവിതരണം നടത്തുന്നതെന്നും ഓരോ പദ്ധതികളിലും ഉൾപ്പെടുന്ന പ്രദേശങ്ങളിലേക്ക് എത്ര അളവ് ജലമാണ് വിതരണം ചെയ്യേണ്ടതെന്നും കഴിഞ്ഞ രണ്ടു മാസത്തിനുള്ളിൽ അനുവദിക്കപ്പെട്ട അളവുകളിൽ ജലവിതരണം നടത്താൻ കഴിഞ്ഞിട്ടുണ്ടോ എന്നും വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത പ്ലാന്റിൽ ഏതൊക്കെ തസ്തികയിൽ എത്ര ജീവനക്കാരാണ് ജോലി ചെയ്യുന്നതെന്നും ഇതിൽ എത്ര താല്ക്കാലിക ജീവനക്കാർ ഉൾപ്പെട്ടിട്ടുണ്ടെന്നും അവർ ആരൊക്കെയെന്നും അറിയിക്കുമോ ;

(സി) പ്രസ്തുത പ്ലാന്റിൽ നിന്നും വിവിധ ടാങ്കുകളിലേക്ക് വെള്ളം എത്തിക്കുന്നതിന് എത്ര മോട്ടോറുകളാണ് പ്രവർത്തിപ്പിക്കുന്നതെന്നും ഇത് ഏതൊക്കെ പ്രദേശങ്ങളിലേക്ക് വെള്ളം പമ്പ് ചെയ്യുന്നതിന് ഉപയോഗിക്കുന്നതാണെന്നും പമ്പിംഗ് മുടങ്ങാതിരിക്കുവാൻ പകരം മോട്ടോറുകൾ ഉറപ്പുവരുത്തിയിട്ടുണ്ടോ എന്നും ഈ മോട്ടോറുകൾ എല്ലാം പ്രവർത്തനക്ഷമമാണോ എന്നും വ്യക്തമാക്കുമോ ?

<u>ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ</u>

4963. ശ്രീ.ജോസഫ് വാഴയ്ക്കൻ

,, ഡൊമിനിക് പ്രസന്റേഷൻ

,, വർക്കല കഹാർ

,, വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) ഇതിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

<u>കൊല്ലം ജില്ലയിലെ ജപ്പാൻ കുടിവെള്ള പദ്ധതി</u>

4964. ശ്രീ.ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരം വാട്ടർ കണക്ഷൻ എടുക്കുന്നതിലേയ്ക്ക് കൊല്ലം ജില്ലയിൽ നിന്നും എത്ര അപേക്ഷകളാണ് ലഭിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ നാളിതുവരെ എത്രപേർക്ക് കണക്ഷൻ നൽകിയിട്ടുണ്ട്;

(സി) ഈ പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്ക് കുടിവെള്ളം നൽകുവാനാണ് ഉദ്ദേശിച്ചിരുന്നത്;ഇതിൽ എത്ര ശതമാനം കുടുംബങ്ങൾക്ക് കണക്ഷൻ നൽകിയെന്ന് അറിയിക്കാമോ;

(ഡി) ശേഷിക്കുന്ന കുടുംബങ്ങൾക്ക് എന്നത്തേയ്ക്ക് കണക്ഷൻ ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ?

<u>കൊച്ചി നഗരത്തിലെ കുടിവെള്ളക്ഷാമം</u>

4965. ശ്രീ.എസ്.ശർമ്മ

,, സാജു പോൾ

,, ബി.ഡി. ദേവസ്സി

പ്രൊഫ. സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കാനായി 2013-14 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച ജെ.ഐ.സി.എ. സഹായത്തോടെയുള്ള 1000 കോടി രൂപയുടെ ശുദ്ധജല വിതരണ പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ;

(ബി) പദ്ധതി എപ്പോൾ പൂർത്തീകരിക്കുമെന്ന് പറയാമോ;

(സി) കൊച്ചിയിലെ സമഗ്ര കുടിവെള്ള പദ്ധതിക്കായി കഴിഞ്ഞ വർഷം ബജറ്റിൽ നീക്കിവച്ചിരുന്ന തുകയും ചെലവഴിച്ച തുകയും അറിയിക്കാമോ?

മീനാട് ശുദ്ധജലപദ്ധതി

4966. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീനാട് ശുദ്ധജലപദ്ധതി (ജപ്പാൻ കുടിവെള്ള പദ്ധതി) യിൻ കീഴിൽ ഡിസ്ട്രീബ്യൂഷൻ വിഭാഗത്തിൽ സ്ഥാപിക്കാൻ ശേഷിക്കുന്ന പൈപ്പ് ലൈനുകൾ ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലാണ് സ്ഥാപിക്കുവാനുള്ളതെന്നും ആയത് ഓരോ സ്ഥാപനങ്ങളുടെ പരിധിയിലും എത്ര ദൂരം വീതം സ്ഥാപിക്കുവാൻ ഉണ്ടെന്നും അറിയിക്കുമോ ;

(ബി) പ്രസ്തുത ലൈനുകൾ സ്ഥാപിക്കുന്നതിലേക്ക് ആരെയും ചുമതലപ്പെടുത്തിയില്ലായെങ്കിൽ എന്താണ് കാരണമെന്നും വ്യക്തമാക്കുമോ;

(സി) പദ്ധതി വിഭാവന ചെയ്ത സമയത്ത് ഡിസ്ട്രിബ്യൂഷൻ ലൈനുകൾ സ്ഥാപിച്ച് പൂർത്തീകരിക്കുന്നതിലേയ്ക്ക് നിശ്ചയിച്ചിരുന്ന സമയപരിധി എന്നായിരുന്നുവെന്ന് അറിയിക്കുമോ ?

നഗരൂർ, കരവാരം, പുളിമാത്ത് പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതി

4967. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരൂർ, കരവാരം, പുളിമാത്ത് പഞ്ചായത്തുകൾക്കായി കേരള വാട്ടർ അതോറിറ്റി പ്രോജക്ട് വിഭാഗം പുതിയതായി തയ്യാറാക്കിയ കുടിവെള്ള പദ്ധതിയെ സംബന്ധിച്ചുള്ള വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിനു ആവശ്യമുള്ള സ്ഥലങ്ങൾ പ്രസ്തുത പഞ്ചായത്തുകൾ വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

നാട്ടുകാണി ജലനിധി പദ്ധതി

4968. **ശ്രീ.ഇ.കെ.വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരുതോങ്കര ഗ്രാമപഞ്ചായത്തിലെ നാട്ടുകാണി ജലനിധി പദ്ധതിക്ക് ഫണ്ട് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്ത് നടപടിയാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

ഹെലിബറിയ കുടിവെള്ള പദ്ധതി

4969. **ശ്രീമതി.ഇ.എസ്.ബിജിമോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹെലിബറിയ കുടിവെള്ള പദ്ധതി അനുവദിച്ചത് ഏത് വർഷമാണെന്ന് വ്യക്തമാക്കാമോ; നാളിതുവരെയുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഇനി പൂർത്തീകരിക്കുവാനുള്ള വർക്കുകൾ എന്തൊക്കെയാണ് ;

(ബി) പദ്ധതിയിൽ വിഭാവനം ചെയ്ത വർക്കുകൾ പൂർത്തീകരിച്ച് എത്ര സമയത്തിനുള്ളിൽ കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതിക്കുവേണ്ടി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്?

## വാട്ടർ അതോറിറ്റിയുടെ മാവേലിക്കര സബ്ഡിവിഷൻ

4970. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ മാവേലിക്കര സബ്ഡിവിഷനിൽ പമ്പ് സെറ്റ് ഉൾപ്പെടെയുള്ള ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കുന്നതിന് 37 ലക്ഷം രൂപ അനുവദിച്ചിട്ടും നാളിതുവരെ പ്രവൃത്തി ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടും പ്രവർത്തനാനുമതി ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രവർത്തനാനുമതി ലഭ്യമാക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(ഡി) തടസ്സങ്ങൾ ഒഴിവാക്കി പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) ഇതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(എഫ്) 2015 ജൂലൈ 31-ന് മുൻപായി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

## നബാർഡ് സഹായത്തോടെയുള്ള ഗ്രാമീണ കുടിവെള്ള പദ്ധതി

4971. **ശ്രീ.എം.എ.ബേബി**

**,,** രാജു എബ്രഹാം

**,,** എം.ചന്ദ്രൻ

**,,** കെ.കുഞ്ഞമ്മത് മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് സഹായത്തോടെയുള്ള ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ ;

(ബി) ഈ പദ്ധതികൾ എന്നത്തേക്കാണ് പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിരുന്നതെന്നും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കുമോ ;

(സി) ഈ പദ്ധതിക്കായി ഇതുവരെ എത്ര തുക ചെലവഴിച്ചെന്നും എത്ര തുക നീക്കിവെച്ചിട്ടുണ്ടെന്നും അവ പൂർത്തീകരിക്കാൻ കണക്കാക്കിയിരിക്കുന്ന തുക എത്രയെന്നും വിശദമാക്കാമോ ?

## ചേർത്തല താലൂക്കിൽ നബാർഡ് സഹായത്തോടെയുള്ള ശുദ്ധജല വിതരണം

4972. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല താലൂക്കിൽ ശുദ്ധജലവിതരണം നടത്തുന്നതിനായി നബാർഡ് എത്രകോടി രൂപ അനുവദിച്ചുവെന്നും ആയതിന്റെ വിനിയോഗം എപ്രകാരമായിരിക്കുമെന്നും വ്യക്തമാക്കുമോ ; പ്രസ്തുത തുക വിനിയോഗിച്ച് ചേർത്തലയിലെ ഏതെല്ലാം മേഖലകളിൽ കുടിവെള്ളമെത്തിക്കാൻ സാധിക്കുമെന്നും എത്ര പേർക്ക് പുതുതായി കുടിവെള്ളം നൽകാൻ കഴിയുമെന്നും വ്യക്തമാക്കുമോ ;

(ബി) ചേർത്തല നഗരസഭാ പ്രദേശങ്ങളിലെ പിന്നാക്ക മേഖലകളിൽ കുടിവെള്ളമെത്തിക്കുന്നതിന് പ്രസ്തുത തുക

വിനിയോഗിക്കപ്പെട്ടുമോ എന്ന് വെളിപ്പെടുത്താമോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത തുക വിനിയോഗിച്ച് നഗരസഭാ പ്രദേശങ്ങളിലെ പട്ടികജാതി-പട്ടികവർഗ്ഗക്കാരും മറ്റ് പിന്നാക്ക വിഭാഗങ്ങളും താമസിക്കുന്ന മേഖലകളിൽ കുടിവെള്ളം എത്തിക്കുന്നതിന് പ്രത്യേക അനുമതി ലഭ്യമാക്കുമോ?

## കുടിവെള്ള പദ്ധതിക്കായുള്ള വികസന പ്രവർത്തനങ്ങൾ

4973. **ശ്രീ.പി.സി. ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ കുടിവെള്ള പദ്ധതിക്കായി എന്തൊക്കെ വികസന പ്രവർത്തനങ്ങൾ എവിടെയൊക്കെ നടപ്പാക്കിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ എത്ര ഡൊമസ്റ്റിക് കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

## മല്ലപ്പള്ളി - ആനിക്കാട് ശുദ്ധജലവിതരണ പദ്ധതി

4974. **ശ്രീ.മാത്യു റ്റി.തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മല്ലപ്പള്ളി - ആനിക്കാട് ശുദ്ധജലവിതരണ പദ്ധതിയുടെ അടങ്കൽ തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയുടെ പണി എന്നത്തേക്ക് പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ പറ്റുമെന്ന് വിശദമാക്കാമോ?

## കൽപ്പറ്റ നിയോജക മണ്ഡലത്തിലെ ശുദ്ധജല വിതരണ പദ്ധതി

4975. **ശ്രീ.എം.വി.ശ്രേയാംസ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ തരിയോട്, പൊഴുതന, കോട്ടത്തറ, വെങ്ങപ്പള്ളി, പടിഞ്ഞാറേത്തറ പഞ്ചായത്തുകളിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ ഒന്നാംഘട്ടം എസ്. എൽ എസ്. കമ്മിറ്റി അംഗീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് നൽകുമോ ?

## എടവനക്കാട് ശുദ്ധജല സംഭരണി

4976. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഡ ഫണ്ട് ഉപയോഗിച്ച് നിർമ്മാണം പൂർത്തിയായി വരുന്ന എടവനക്കാട് ശുദ്ധജല സംഭരണി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ശുദ്ധജല സംഭരണിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത ശുദ്ധജല സംഭരണി പ്രവർത്തനക്ഷമമാകുന്നതോടെ ഏതെല്ലാം പ്രദേശങ്ങളിലെ ജനവിഭാഗത്തിനാണ് ഉപയോഗപ്പെടുകയെന്ന് വിശദമാക്കാമോ?

കാസർഗോഡ് നഗരത്തിലെ ജല വിതരണം

4977. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നഗരത്തിൽ ജല വിതരണത്തിന് സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾക്ക് എത്ര കൊല്ലത്തെ കാലപ്പഴക്കം ഉണ്ട്;

(ബി) കാലപ്പഴക്കം ചെന്ന പൈപ്പുകൾ അടിക്കടി പൊട്ടുന്നത് കൊണ്ട് കുടിവെള്ളം പാഴായി പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പൈപ്പുകൾ കേടായി വെള്ളം പാഴായി പോകുന്നത് ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തിയാൽ അത് നന്നാക്കാൻ കാലതാമസം വരുന്ന സ്ഥിതിക്ക് പരിഹാരമുണ്ടാക്കാൻ പരാതികൾ രജിസ്റ്റർ ചെയ്യാനും സത്വര പരിഹാര നടപടികൾ സ്വീകരിക്കാനും തലസ്ഥാന നഗരത്തിലേതു പോലെ സ്ഥിരം സംവിധാനം ഏർപ്പെടുത്തുമോ?

കാസർഗോഡ് ജില്ലയിലെ കുടിവെള്ള പദ്ധതി

4978. ശ്രീ.കെ.കുഞ്ഞിരാമൻ **(ഉദുമ)** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മുന്നാട്-ബേഡഡുക്ക വില്ലേജുകളിൽ കുടിവെള്ളം നൽകുന്നതിനുള്ള പദ്ധതിക്ക് (ARWSS to Munnad -Bedodukka Village) എന്നാണ് ഭരണാനുമതി നൽകിയിട്ടുള്ളത് ;

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരിച്ച് ജനങ്ങൾക്ക് കുടിവെള്ളം നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത് ; വിശദാംശങ്ങൾ അറിയിക്കാമോ ?

കൊയിലാണ്ടി മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

4979. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ വാട്ടർ അതോറിറ്റി നേരിട്ടും മറ്റ് സ്കീമുകൾ മുഖേനയുമായി നിലവിൽ പ്രവർത്തിക്കുന്ന കുടിവെള്ള പദ്ധതികൾ ഏതെല്ലാം; ഈ പദ്ധതികൾ എവിടെയെല്ലാം; ഏതെല്ലാം പഞ്ചായത്തിൽ; വിശദമായി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ, ജലലഭ്യത അനുസരിച്ച് പൈപ്പ് ലൈനും വിതരണ സംവിധാനങ്ങളും വികസിപ്പിച്ച് കൂടുതൽ പേർക്ക് ജല ലഭ്യത ഉറപ്പാക്കാൻ സാധിക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്; ഇതിനായി എത്ര ചെലവ് പ്രതീക്ഷിയ്ക്കുന്നുണ്ട്; വിശദമാക്കാമോ;

(സി) തീരപ്രദേശങ്ങളിൽ ശുദ്ധജല വിതരണത്തിന് പുതുതായി എന്തെങ്കിലും പദ്ധതി കൊയിലാണ്ടിയിൽ വാട്ടർ അതോറിറ്റിക്ക് നിർദ്ദേശിക്കാൻ കഴിയുമോ; എങ്കിൽ എത്ര സമയം കൊണ്ട് പുതിയ പദ്ധതി രേഖ തയ്യാറാക്കി വാട്ടർ അതോറിറ്റി സമർപ്പിക്കുമെന്ന് വ്യക്തമാക്കാമോ?

ചേർത്തലയിലെ കുടിവെള്ളവിതരണം

4980. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല താലൂക്കിലേയ്ക്ക് കുടിവെള്ളമെത്തിക്കുന്ന പൈപ്പ് ലൈനിൽ മറവൻതുരുത്ത് മേഖലയിലുള്ള ഏകദേശം നാലര കിലോമീറ്റർ ദൂരം ജി.ആർ.പി. പൈപ്പുകൾ മാറ്റി എം.എസ്. പൈപ്പുകൾ സ്ഥാപിക്കുന്നതിന് ആറ് മാസങ്ങൾക്ക് മുമ്പ് മുഖ്യമന്ത്രിയുടെ ചുമതലയിൽ വിളിച്ചുചേർത്ത യോഗത്തിൽ

കൈക്കൊണ്ട തീരുമാനം നടപ്പിലായോ; അതിന്റെ പുരോഗതി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നതിന് എന്ത് തടസ്സമാണുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പമ്പിംഗ് ശരിയായ തോതിൽ നടക്കാത്തതുമൂലം ചേർത്തലയിൽ പലയിടങ്ങളിലും നാല് ദിവസം കൂടുമ്പോഴാണ് കുടിവെള്ളമെത്തുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രശ്നം അടിയന്തിരമായി പരിഹരിക്കുവാൻ എന്ത് നടപടിയാണ് കൈക്കൊണ്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ഡി) ജപ്പാൻകുടിവെള്ള പദ്ധതി പൂർണ്ണമായ അർത്ഥത്തിൽ നടപ്പിലാക്കുവാനും ചേർത്തലയിലെ മുഴുവൻ ജനങ്ങൾക്കും നിത്യവും കുടിവെള്ളം എത്തിക്കുവാനും എന്തൊക്കെ നടപടി കൈക്കൊള്ളുമെന്നും എന്നത്തേക്ക് പൂർണ്ണമായ അർത്ഥത്തിൽ ജലവിതരണം സാധ്യമാക്കുമെന്നും വ്യക്തമാക്കുമോ?

## ജലഗുണനിലവാര പരിശോധനയ്ക്കായി ലാബുകൾ

4981. ശ്രീ.എ.റ്റി.ജോർജ്

,, എ.പി.അബ്ദുള്ളക്കുട്ടി

,, ഷാഫി പറമ്പിൽ

,, എം.പി.വിൻസെൻറ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽ ജലഗുണനിലവാര പരിശോധനയ്ക്കായുള്ള ലാബുകളുടെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

## കൊട്ടാരക്കര ശുദ്ധജല വിതരണ പദ്ധതികൾ

4982. ശ്രീമതി.പി. അയിഷാ പോറ്റി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള ശുദ്ധജല വിതരണ പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലുള്ള സ്ഥിതി എന്താണ്;

(സി) ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് മണ്ഡലത്തിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## ചെങ്കള്ളൂർ സ്വീവറേജ് പമ്പ് ഹൗസ് പ്രവർത്തനക്ഷമമാക്കാൻ നടപടി.

4983. ശ്രീ.വി.ശിവൻകുട്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിലെ ചെങ്കള്ളൂരിൽ സ്ഥിതി ചെയ്യുന്ന സ്വീവറേജ് പമ്പ് ഹൗസ് പ്രവർത്തനക്ഷമമല്ലാത്തതു കാരണം കക്കൂസ് മാലിന്യം നിരത്തിലൂടെ ഒഴുകുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുവരെ പ്രസ്തുത പ്രശ്നം പരിഹരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രശ്നം എന്നത്തേക്ക് പരിഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

## വെള്ളക്കരത്തിന്റെ വർദ്ധനവ്

4984. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തെ ഗാർഹിക കണക്ഷനുകൾക്ക് വെള്ളക്കരം എത്രയായിരുന്നു എന്ന് യൂണിറ്റ് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; ഗാർഹിക കണക്ഷനുകൾക്ക് ഇപ്പോൾ വെള്ളക്കരം എത്ര രൂപയാണെന്ന് യൂണിറ്റ് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വെള്ളക്കരം എത്ര തവണ ഉയർത്തി ; ഓരോ തവണയും യൂണിറ്റിന് എത്ര രൂപ വീതം ഉയർത്തി എന്ന് വിശദമാക്കാമോ ;

(സി) വെള്ളക്കരം ഉയർത്താനുണ്ടായ സാഹചര്യം എന്താണെന്ന വിശദമാക്കാമോ ?

ജലസ്രോതസ്സുകളിൽ കോളിഫോം ബാക്ടീരിയയുടെ അളവ്

4985. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലസ്രോതസ്സുകളിൽ കോളിഫോം ബാക്ടീരിയയുടെ അളവ് ക്രമാതീതമായി വർദ്ധിട്ടുണ്ടെന്ന പഠനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ കാരണങ്ങളും പരിഹാര മാർഗ്ഗങ്ങളും കണ്ടെത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ശുദ്ധജല സംരക്ഷണത്തിന് ആവശ്യമായ ബോധവത്ക്കരണം നടത്തുന്നതിന് മുൻകൈ എടുക്കുമോ ;

(ഡി) ഉപയോഗയോഗ്യമല്ലാത്ത പൊതുകിണറുകളും പൊതുജലാശയങ്ങളും ശുചീകരണം നടത്തി ശുദ്ധജല സ്രോതസ്സുകളെ പുനരുജ്ജീവിപ്പിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുമോ ?

കാനോലി കനാലിന് തീരത്ത് പവലിയൻ നിർമ്മിക്കുന്നതിന് അനുമതി

4986. ശ്രീ.പി.എ.മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ കണ്ടശ്ശാംകടവിൽ ചീഫ് മിനിസ്റ്റേഴ്സ് ട്രോഫിയ്ക്കായി എല്ലാവർഷവും നടത്തുന്ന വള്ളംകളി മത്സരങ്ങൾക്കായി കാനോലി കനാലിന് തീരത്ത് ഒരു പവലിയൻ നിർമ്മിക്കുന്നതിന് അനുമതിയ്ക്കായി എം.എൽ.എ. നൽകിയ നിവേദനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(ബി) ടൂറിസം വകുപ്പ് ഇതിലേയ്ക്ക് ആവശ്യമായ തുക അനുവദിച്ച സാഹചര്യത്തിൽ ബഹു. ജലവിഭവ വകുപ്പ മന്ത്രിക്ക് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിലുള്ള ഫയലിൽ (File No. 6652/W4/14/dated 24/2/2014 ) ചീഫ് എഞ്ചിനീയർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) ഇതു സംബന്ധിച്ച് തൃശ്ശൂർ സ്പെഷ്യൽ ഇറിഗേഷൻ വകുപ്പ് ഓഫീസിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നോ;

(ഡി) പവലിയന്റെ നിർമ്മാണത്തിന് കരാർ വെച്ചിരിക്കുന്ന സാഹചര്യത്തിൽ അടിയന്തിരമായി എൻ.ഒ.സി. നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

കായംകുളം കരിപ്പുഴ കനാലിലെ മണ്ണ്

4987. ശ്രീ.സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി തോടുകളുടേയും പാടശേഖരങ്ങളുടേയും സംരക്ഷണത്തിന്റെ ഭാഗമായി കായംകുളം കരിപ്പുഴ കനാലിനെ ആഴം കൂട്ടിയപ്പോൾ ലഭിച്ച മണ്ണ് കനാലിന്റെ ഇരുവശങ്ങളിലും കൂട്ടിയിട്ടിരിക്കുന്നതുമൂലം ശക്തമായ മഴയിൽ ഇവ വീണ്ടും കനാലിലേക്ക് തന്നെ ഒലിച്ചിറങ്ങുന്നത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ മണ്ണ് ലേലം ചെയ്ത് നൽകുന്നതിനോ അല്ലെങ്കിൽ മറ്റ് സ്ഥലങ്ങളിലേക്ക് മാറ്റുന്നതിനോ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ആനുകൂല്യങ്ങൾ സംബന്ധിച്ച്</u>

4988. **ശ്രീ.കെ.മുരളീധരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും റിട്ടയർ ചെയ്യുന്ന തൊഴിലാളികൾക്ക് ക്ഷേമനിധി നിക്ഷേപം തിരികെ നൽകാതിരിക്കുന്നതിനുള്ള കാരണം വെളിപ്പെടുത്തുമോ;

(ബി) മറ്റ് ക്ഷേമ നിധികളിൽ നിലവിലുള്ളത് പോലെ ക്ഷേമനിധി നിക്ഷേപം തിരികെ നൽകുന്നതിന് ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് ബോർഡ് സമർപ്പിച്ച ശിപാർശകളിൽ എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ക്ഷേമനിധി ഫണ്ടിൽ നിന്നും റിട്ടയർ ചെയ്യുന്ന തൊഴിലാളികൾക്ക് ക്ഷേമനിധി നിക്ഷേപം തിരികെ നൽകുന്നതിന് അടിയന്തര നടപടി സ്വീകരിയ്ക്കുമോ?

<u>അന്യ സംസ്ഥാന തൊഴിലാളികൾ</u>

4989. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ സംബന്ധിച്ച കഴിഞ്ഞ 5 വർഷത്തെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) അന്യസംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്ത് പണിയെടുക്കുന്നതിന് തൊഴിൽ വകുപ്പ് മുഖേന നടപ്പാക്കിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) അന്യ സംസ്ഥാന തൊഴിലാളികൾക്ക് സംസ്ഥാനത്ത് ലഭ്യമായ തൊഴിൽ പരമായ സുരക്ഷിതത്വ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) അന്യസംസ്ഥാന തൊഴിലാളികളെ ജോലിക്ക് നിയമിക്കുന്ന കരാറുകാരും വ്യക്തികളും പാലിക്കേണ്ട മുൻകരുതലുകളെക്കുറിച്ച് മുന്നറിയിപ്പോ നിർദ്ദേശങ്ങളോ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ?

<u>അന്യ സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ</u>

4990. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്യ സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ടോ;

(ബി) എങ്കിൽ രജിസ്ട്രേഷൻ ചെയ്ത എത്ര അന്യ സംസ്ഥാന തൊഴിലാളികളുണ്ടെന്ന് ജില്ല തിരിച്ച കണക്കുകൾ നല്കാമോ ;

(സി) ഇവർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ഡി) അന്യ സംസ്ഥാനതൊഴിലാളികൾക്ക് ശുചിത്വമുള്ള താമസസൗകര്യം, കൃത്യമായ വൈദ്യ പരിശോധന നടത്തി ആരോഗ്യ സംരക്ഷണം എന്നിവ ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ഇ) ഇടനിലക്കാരുടെ ചൂഷണത്തിന് പ്രസ്തുത വിഭാഗം ഇരയാകുന്നു എന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ?

ഖാദി തൊഴിലാളികളുടെ മിനിമം കൂലി

4991. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി തൊഴിലാളികളുടെ നിലവിലുള്ള മിനിമം കൂലി ഏതുവർഷം മുതലാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) മിനിമം കൂലി പുതുക്കി നിശ്ചയിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഈ കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ശരണ്യ സ്വയം തൊഴിൽ പദ്ധതി

4992. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശരണ്യ സ്വയം തൊഴിൽ പദ്ധതി എന്ന പേരിൽ ഒരു പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഈ പദ്ധതി പ്രകാരം എത്ര പേർക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്; വർഷം, ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ബി) എത്ര രൂപയുടെ സാമ്പത്തിക സഹായമാണ് ഒരാൾക്ക് നിലവിൽ നൽകുന്നത്; ഇത് വർദ്ധിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ;

(സി) പദ്ധതിക്കായി തെരഞ്ഞെടുക്കുന്നവർക്ക് പരിശീലനം നൽകാറുണ്ടോ; എങ്കിൽ കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ എത്ര പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്; വർഷം, ജില്ല തിരിച്ചുള്ള എണ്ണം വ്യക്തമാക്കുമോ?

കർഷക തൊഴിലാളി പെൻഷൻ

4993. ശ്രീ.എ.കെ.ബാലൻ
,, കെ.വി.അബ്ദുൾ ഖാദർ
,, എസ്.രാജേന്ദ്രൻ
,, ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക തൊഴിലാളി പെൻഷനുള്ള വാർഷിക വരുമാന പരിധി നിലവിലെ 11,000 രൂപയിൽ നിന്ന് ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമെന്ന് കർഷക തൊഴിലാളി യൂണിയനു നൽകിയ ഉറപ്പ് പാലിക്കാൻ ഇതുവരെ നടപടി സ്വീകരിക്കാത്തതിന്റെ കാരണം അറിയിക്കാമോ?

(ബി) നിലവിലുള്ള പെൻഷൻ കുടിശ്ശിക വിതരണം ചെയ്യാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് നൽകേണ്ട മാച്ചിംഗ് ഗ്രാന്റ് നൽകാത്തതിനാൽ അംഗങ്ങൾക്കുള്ള ആനുകൂല്യ വിതരണം മുടങ്ങിയിരിക്കുന്നത് പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കുമോ;

(ഡി) 2014 -15 വർഷത്തെ മാച്ചിംഗ് ഗ്രാന്റിനത്തിൽ എത്ര രൂപ നല്കാനുണ്ടെന്നും മുൻ വർഷത്തെയും ഈ വർഷത്തെയും മാച്ചിംഗ് ഗ്രാന്റ് നൽകാനായി ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും അറിയിക്കുമോ ?

## വയനാട് ജില്ലയിലെ എസ്റ്റേറ്റ് പാടികൾ വാസയോഗ്യമാക്കൽ

4994. ശ്രീ.എം.വി.ശ്രേയാംസ് കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ തോട്ടം മേഖലയിലെ എസ്റ്റേറ്റ് പാടികളുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ബി) വർഷങ്ങളായി പ്രസ്തുത പാടികളിൽ അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം അവ വാസയോഗ്യമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പാടികൾ വാസയോഗ്യമാക്കുന്നതിന് സർക്കാർ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

## പൂട്ടിയ ബാർ / ബീവറേജ് തൊഴിലാളികളുടെ പുനരധിവാസം

4995. ശ്രീ.കെ.കെ.നാരായണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാറുകളും ബീവറേജ് ഔട്ട് ലറ്റുകളും പൂട്ടിയതിൻെറ ഭാഗമായി എത്ര തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ തൊഴിൽ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

## കൊരട്ടി വൈഗൈ ത്രഡ്സ് കമ്പനി

4996. ശ്രീ.ബി.ഡി. ദേവസ്സി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി വൈഗൈ ത്രഡ്സ് കമ്പനി അടച്ചു പൂട്ടിയതിനെത്തുടർന്ന് തൊഴിലാളികൾക്കുണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും, വ്യവസായം, തൊഴിൽ, റവന്യൂ വകുപ്പ മന്ത്രിമാരുടെയും സാന്നിദ്ധ്യത്തിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ നടപ്പാക്കുന്നത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണ്;

(സി) തീരുമാനങ്ങൾ നടപ്പാക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## സ്കിൽ ഡെവലപ്മെന്റ് മിഷൻ

4997. ശ്രീ.കെ.അച്ചുതൻ
,, ബെന്നി ബെഹനാൻ
,, ജോസഫ് വാഴയ്ക്കൻ
,, വി.ഡി.സതീശൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കിൽ ഡെവലപ്മെന്റ് മിഷന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

## ബലരാമൻ കമ്മീഷൻ റിപ്പോർട്ടിലെ വ്യവസ്ഥകൾ

4998. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുൾപ്പെടെ മറ്റു ജീവനക്കാരുടെ സേവനവേതനവ്യവസ്ഥകൾ സംബന്ധിച്ച് പഠനം നടത്തിയ ബലരാമൻ കമ്മീഷൻ റിപ്പോർട്ടിലെ ഏതെല്ലാം വ്യവസ്ഥകൾ നാളിതുവരെ നടപ്പാക്കി എന്നും ഇനിയും നടപ്പാക്കാനുള്ള വ്യവസ്ഥകൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്താകമാനം എത്ര സ്വകാര്യ ആശുപത്രികൾ പ്രവർത്തിക്കുന്നു എന്നും ഇവയിലാകെ എത്ര നഴ്സുമാർ ഉൾപ്പെടെ മറ്റു ജീവനക്കാർ പ്രവർത്തിക്കുന്നു എന്നും ജില്ല തിരിച്ചുള്ള വിശദാംശം ഉൾപ്പെടെ വിശദമായ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ;

(സി) ഇവർക്ക് ഇന്നു ലഭിക്കുന്ന വേതന നിരക്കുകൾ എത്രയെന്നും പല സ്വകാര്യ ആശുപത്രികളും സർക്കാർ നിർദ്ദേശിക്കുന്ന തുക നൽകുന്നില്ല എന്നതും വേതന തുക ബാങ്കിൽ നിക്ഷേപിക്കുകയും സ്വകാര്യ ആശുപത്രികൾ തീരുമാനിക്കുന്ന നിരക്ക് കഴിഞ്ഞ് ബാക്കി ഭാഗം തിരികെ വാങ്ങുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കാൻ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുൾപ്പെടെ മറ്റു ജീവനക്കാർ ഇത്തരം വിഷയങ്ങളിൽ പ്രതികരിച്ചാൽ അവർക്ക് ജോലി നഷ്ടപ്പെടുന്നതു തടയുവാൻ എന്തു നടപടി സ്വീകരിക്കും എന്നും അവരുടെ ജോലിസ്ഥിരതയും സർക്കാർ നിർദ്ദേശിച്ച ശമ്പളവും ഉറപ്പുവരുത്താനും എന്തു നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ?

## ജൂനിയർ ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ

4999. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൂനിയർ ഇൻസ്പെക്ടർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുണ്ട്;

(ബി) ഈ തസ്തികയിൽ ഒരു വർഷത്തിലധികം ദൈർഘ്യമുള്ള എത്ര ശൂന്യവേതനാവധികൾ നിലവിലുണ്ട്;

(സി) ഈ തസ്തികയ്ക്കായി പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ; ഈ ലിസ്റ്റിൽ നിന്നും എത്ര നിയമനം നടന്നു ;

(ഡി) ഇനി എത്രപേരെ ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

## പേഴ്സണൽ ആക്സിഡന്റ് ക്ലയിം

5000. ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി

,, വി.റ്റി.ബൽറാം

,, ഹൈബി ഈഡൻ

,, പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ, എസ്. ബി. വൈ പദ്ധതി പ്രകാരം പേഴ്സണൽ ആക്സിഡന്റ് ക്ലയിം നൽകുന്നതിന് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ സ്കിൽ ഡെവലപ്മെന്റ് കേന്ദ്രങ്ങളാക്കൽ

5001. ശ്രീ.എ.കെ.ബാലൻ

,, എ. പ്രദീപ്കുമാർ

,, ബാബു എം. പാലിശ്ശേരി

,, റ്റി.വി.രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ സ്കിൽ ഡെവലപ്മെന്റ് കേന്ദ്രങ്ങളും മികവിന്റെ കേന്ദ്രങ്ങളുമാക്കാൻ പദ്ധതി പ്രഖ്യാപിച്ചിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) പദ്ധതി മുഖേന എത്ര ഉദ്യോഗാർത്ഥികൾക്ക് പ്രയോജനം ലഭിച്ചെന്നും എത്ര പേർക്ക് തൊഴിൽ ലഭിച്ചെന്നും അറിയിക്കാമോ;

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നടപ്പാക്കുമെന്ന് 2012-13 ബഡ്ജറ്റിൽ പ്രഖ്യാപിച്ച അധിക വൈദഗ്ധ്യ വർദ്ധന പദ്ധതി (എ.എസ്.ഇ.പി.) ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

തോട്ടം തൊഴിലാളികൾക്ക് ചുരുങ്ങിയത് **500** രൂപ കൂലി

5002. ശ്രീ.എസ്.രാജേന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം തൊഴിലാളികൾക്ക് നിലവിൽ കിട്ടുന്ന കൂലിഎത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) കൂലി പുതുക്കി നൽകുന്നതിന് പുതിയ തീയതി എന്തെങ്കിലും തീരുമാനിച്ചിട്ടുണ്ടോ;

(സി) തോട്ടം തൊഴിലാളികൾക്ക് ചുരുങ്ങിയത് 500 രൂപ എന്ന കൂലി നൽകുന്നതിന് ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കാൻ സർക്കാർ തയ്യാറാകുമോ;

(ഡി) തൊഴിലാളികൾക്ക് ഭക്ഷ്യധാന്യങ്ങൾ സൗജന്യമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

സംസ്ഥാനത്തെ ഐ.റ്റി.ഐ.കൾ

5003. ശ്രീ.വി.ശശി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷം എത്ര സർക്കാർ ഐ.റ്റി.ഐ. കളിൽ വിദ്യാർത്ഥികൾക്ക് യൂണിഫോം വിതരണം നടത്തിയിട്ടുണ്ട്;

(ബി) നിലവിൽ സ്റ്റേറ്റ് വൊക്കേഷണൽ ട്രെയ്നിംഗ്(എസ്.വി. ടി.) അംഗീകാരമുള്ള ട്രേഡുകൾക്ക്നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയ്നിംഗ്(എൻ.സി.വി.ടി. )അംഗീകാരം നേടുന്നതിന് ഈ അധ്യയന വർഷം എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ പട്ടികജാതി വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.കളെയും വ്യവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള ഐ.റ്റി.ഐ.കളെയും ഏകോപിപ്പിക്കാൻ നിർദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

ശരണ്യ പദ്ധതി

5004. ശ്രീ.ഇ.പി.ജയരാജൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന ശരണ്യ പദ്ധതി പ്രഖ്യാപിച്ചത് എപ്പോഴാണ്;

(ബി) എത്ര തുക പദ്ധതിക്കായി വകയിരുത്തി; എത്ര തുക വിനിയോഗിച്ചു;

(സി) എത്ര ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിച്ചു;

(ഡി) ഓരോ ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ എത്ര വനിതകൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

## നൈപുണ്യ പ്രോത്സാഹന പദ്ധതി

5005. ശ്രീ.പി.ശ്രീരാമകൃഷ്ണൻ

,, റ്റി.വി.രാജേഷ്

,, എം. ഹംസ

,, ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷത്തെ ബജറ്റിൽ നൈപുണ്യ പ്രോത്സാഹനം മുൻഗണനാ പരിപാടിയായി ഉൾപ്പെടുത്തിയിരുന്നോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം നല്കുമോ ;

(സി) ഇതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദ വിവരം നൽകാമോ ;

(ഡി) പ്രസ്തുത പദ്ധതി വിഭാവനം ചെയ്തപ്രകാരം ഏതൊക്കെ വകുപ്പുകൾ തങ്ങളുടെ ബജറ്റ് വിഹിതത്തിന്റെ ഒരു ശതമാനം വീതം ഈ പദ്ധതിക്കായി നീക്കിവച്ചെന്നും, ആകെ എത്ര തുക ഈ പരിപാടിക്കായി ചെലവഴിച്ചെന്നും അറിയിക്കാമോ ;

(ഇ) ഈ പരിപാടിയിൻകീഴിൽ വിവിധ തൊഴിൽദായക പദ്ധതികൾ വഴി എത്രപേർക്ക് പുതുതായി തൊഴിൽ ലഭിച്ചുവെന്ന് അറിയിക്കാമോ?

## മലപ്പുറം മണ്ഡലത്തിലെ മൊറയൂർ ഐ.ടി.ഐ.

5006. ശ്രീ.പി.ഉബൈദുള്ള **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ പുതുതായി അനുവദിച്ച മൊറയൂർ ഐ.ടി.ഐ. സംബന്ധിച്ച തുടർനടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ ; ഇതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) ഐ.ടി.ഐ. എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ?

## ഓൺലൈൻ ഐ.റ്റി.ഐ പ്രവേശനം

5007. ശ്രീ.വി.ശശി **:** താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.റ്റി.ഐ പ്രവേശനം ഓൺലൈൻ ആക്കുന്നതിനായി വ്യാവസായിക പരിശീലന വകുപ്പ് സോഫ്റ്റ് വെയർ രൂപപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ഇതിനായി എത്ര രൂപ ചെലവഴിച്ചുവെന്നും എന്നാണ് ഈ സോഫ്റ്റ് വെയർ വാങ്ങിയതെന്നും എന്നു മുതൽ ഇത് ഉപയോഗിച്ചു തുടങ്ങിയെന്നും ഇപ്പോൾ ഇത്

നിലവിലുണ്ടോയെന്നും വ്യക്തമാക്കുമോ ?

<u>കൊയിലാണ്ടി ഗവ.ഐ.ടി.ഐ.</u>

5008. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കൊയിലാണ്ടി ഗവ. ഐ.ടി.ഐ. വികസനവുമായി ബന്ധപ്പെട്ട് ഇതുവരെ ലഭിച്ച നിവേദനങ്ങൾ എത്ര; ആരിൽ നിന്നെല്ലാം; വിശദമാക്കാമോ;

(ബി) ഗവ. ഐ.ടി.ഐ. അപ്ഗ്രേഡ് ചെയ്ത് കൂടുതൽ കോഴ്സുകളും സംവിധാനങ്ങളും അനുവദിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

<u>മാവേലിക്കര മണ്ഡലത്തിലെ ഉമ്പർനാട് ഐ.ടി.ഐ.</u>

5009. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ ഉമ്പർനാട് പട്ടികജാതി ക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.യിൽ നിലവിലുള്ള കോഴ്സുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇവിടെ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഐ.ടി.ഐ.യിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനുള്ള നിർദ്ദേശം ലഭ്യമായിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ?

<u>സർക്കാർ ഐ.റ്റി.ഐ. കൾ .</u>

5010. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 അധ്യയന വർഷത്തിൽ സംസ്ഥാനത്തെ സർക്കാർ ഐ.റ്റി.ഐ. കളിൽ പഠിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിരുന്നു; എത്ര പേർക്ക് പ്രവേശനം നൽകി; 2015-16 വർഷം എത്ര പേർക്കാണ് പ്രവേശനാവസരം ഉള്ളത്;

(ബി) സി. ഒ. ഇ. സ്കീം, എം. ഐ. ഇ. എം. ആർ. റ്റി. വി. ട്രേഡുകൾ എന്നിവ ഈ അധ്യയന വർഷം നിർത്തലാക്കുമ്പോൾ എത്ര വിദ്യാർത്ഥികൾക്ക് സർക്കാർ ഐ. റ്റി. ഐ. കളിൽ പഠനാവസരം നഷ്ടപ്പെടുമെന്ന് വ്യക്തമാക്കുമോ;

(സി) ഈ അധ്യയന വർഷം പുതുതായി സർക്കാർ ഐ.റ്റി.ഐ. കൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

<u>ആറ്റിങ്ങൽ ഐ.ടി.ഐ</u>

5011. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ഐ.ടി.ഐ സെൻറർ ഓഫ് എക്സലൻറ്സ് ആക്കി ഉയർത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാമോ; ഒഴിവുള്ള അദ്ധ്യാപക തസ്തിക കൂടി നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

### കടുത്തുരുത്തി പെരുവ ഗവ.ഐ.ടി.ഐക്കുള്ള പുതിയ കെട്ടിടം

5012. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ പെരുവ ഗവ.ഐ.ടി.ഐക്ക് മുളക്കുളം പഞ്ചായത്തു വക സ്ഥലം 12/6/2015 ലെ ജി ഒ.(ആർ.ടി) നം:1767/2015/എൽ. എസ്.ജി.ഡി പ്രകാരം അനുവദിച്ചതിനെത്തുടർന്ന് ഇവിടെ കെട്ടിട നിർമ്മാണം നടത്തുന്നതിന് തൊഴിൽ വകുപ്പ് ഡി. പി. ആർ സമർപ്പിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എത്രയും വേഗം ഡി. പി. ആർ സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; ഇത് സംബന്ധിച്ച് ട്രെയിനിംഗ് ഡയറക്ടറേറ്റിൽ ഫയൽ നിലവിലുണ്ടോ ; എങ്കിൽ ആയതിന്റെ നമ്പർ ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത ഐ.ടി.ഐക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച് തൊഴിൽ വകുപ്പിൽ നിലവിലുള്ള നം : 1971/സി3/ലേബർ/15 ഫയലിൽ എത്രയും വേഗം തീരുമാനമെടുത്ത് പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

### നേഴ്സുമാർക്ക് നൈപുണ്യ പരിശീലനം

5013. **ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ**
**,, ഷാഫി പറമ്പിൽ**
**,, ലൂഡി ലൂയിസ്**
**,, എം.പി.വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേഴ്സുമാർക്ക് നൈപുണ്യ പരിശീലനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

### തൊഴിലാളി ക്ഷേമനിധി ബോർഡുകൾ

5014. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡുകളിലെ ഏതെല്ലാം ബോർഡുകളുടെ കീഴിലാണ് തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്ന പദ്ധതി ആരംഭിച്ചിട്ടുള്ളതെന്നും ഇതിന്റെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്തെന്നും ഏതുവിധത്തിലാണ് ഇതിന്റെ അപേക്ഷ നൽകേണ്ടതെന്നും വ്യക്തമാക്കുമോ;

(ബി) മറ്റു ബോർഡുകളിലും തൊഴിലാളികളുടെ മക്കൾക്ക് വിവരസാങ്കേതിക നിലവാരം വർദ്ധിപ്പിക്കുന്നതിന് പഠനോപകരണങ്ങൾ നൽകുന്നത് വ്യാപിപ്പിക്കുമോ?

### ഒ.ഇ.സി ആനുകൂല്യങ്ങൾക്ക് അർഹതയുള്ള ഒ.ബി.സി വിഭാഗങ്ങൾ

5015. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒ.ഇ.സി ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടെന്ന് 2014 മെയ് 23 ന് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള 30 സമുദായങ്ങളുടെ പദവി ഒ.ബി.സിയിലാണോ, ഒ.ഇ.സി യിലാണോ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന്

വ്യക്തമാക്കാമോ;

(ബി) ഓൺലൈൻ അപേക്ഷകൾ നൽകുമ്പോൾ ഈ സമുദായങ്ങളെക്കൂടി രേഖപ്പെടുത്തുവാൻ സംവിധാനമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ ന്യൂനത പരിഹരിച്ചുകൊണ്ട് പ്രസ്തുത 30 സമുദായങ്ങളുടെ പേരു വിവരങ്ങൾ കൂടി ചേർക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഐ.റ്റി.ഐ കളുടെ നിലവാരം ഉയർത്താൻ പദ്ധതി</u>

5016. ശ്രീ.ഐ.സി.ബാലകൃഷ്ണൻ

,, വി.പി.സജീന്ദ്രൻ

,, കെ.മുരളീധരൻ

,, സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഐ.റ്റി.ഐ. കളുടെ നിലവാരം ഉയർത്താനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി നേടിയെടുക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;വ്യക്തമാക്കാമോ?

<u>വീട് മെയിന്റനൻസിന് നൽകുന്ന തുക</u>

5017. ശ്രീ.കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിവിഭാഗക്കാർക്ക് നൽകിയ വീടുകളിൽ ഭാഗികമായി നിർമ്മിച്ച വീടുകളുടെ പണി പൂർത്തീകരിക്കുന്നതിന് എത്ര രൂപ വീതമാണ് നല്കുക ; ഇപ്പോൾ നൽകുന്ന തുക വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) വീട് മെയിന്റനൻസിനു നൽകി വരുന്ന തുക അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമം</u>

5018. ശ്രീ.ബി.സത്യൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതി 2015-16 ൽ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) 2015-16 ൽ പ്രസ്തുത പദ്ധതിയിലേയ്ക്ക് ഓരോ നിയോജകമണ്ഡലത്തിൽ നിന്നും എത്ര കോളനികളെ വീതം തെരഞ്ഞെടുക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും പദ്ധതിക്കുള്ള തുക വർദ്ധിപ്പിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(സി) 2015-16 ൽ പ്രസ്തുത പദ്ധതിയിലേയ്ക്ക് തിരുവനന്തപുരം ജില്ലയിൽ നിന്നും ഏതെല്ലാം പട്ടികജാതി കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ദലിത് ക്രൈസ്തവ വിദ്യാർത്ഥികൾക്കുള്ള സ്റ്റൈഫന്റ് /ലംസംഗ്രാന്റ്</u>

5019. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദലിത് ക്രൈസ്തവ വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപ്പന്റും ലംസംഗ്രാന്റും നൽകുന്നതിലെ അപാകത പരിഹരിച്ച് വ്യക്തമായ ഉത്തരവ് സർക്കാർ പുറപ്പെടുവിക്കുമോ; പ്രസ്തുത ആനുകൂല്യം 'സ്കോളർഷിപ്പ്'അല്ല 'ഗ്രാൻറ്' ആണെന്ന് സർക്കാർ ഉത്തരവിൽ വ്യകതമാക്കി ഈ വിഭാഗത്തിലെ കുട്ടികൾക്ക് ആശ്വാസം നൽകുന്ന കാര്യം പരിശോധിക്കുമോ;

(ബി) സ്റ്റൈപ്പന്റും ലംസംഗ്രാന്റും തുക വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുമോ;

(സി) സ്വാശ്രയ പ്രൊഫഷണൽ കോഴ്സുകളിൽ അഡ്മിഷൻ നേടുന്ന ഒ.ഇ.സി കുട്ടികൾക്ക് ഫീസ് ഇളവ് നൽകുന്ന കാര്യത്തിൽ അനുകൂല തീരുമാനമുണ്ടാകുവാൻ വകുപ്പ് മുൻകൈയെടുത്ത് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

<u>മറ്റ് പിന്നാക്ക വിഭാഗങ്ങൾക്കായുള്ള ക്ഷേമപ്രവർത്തനങ്ങൾ</u>

5020. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി 2014-2015 സാമ്പത്തിക വർഷത്തിൽ ബജറ്റിൽ ആകെ എത്ര തുക വകയിരുത്തുകയുണ്ടായി ;

(ബി) 2014-2015 ൽ മറ്റു പിന്നാക്ക വിഭാഗങ്ങൾക്കായി എന്തെല്ലാം ക്ഷേമപ്രവർത്തനങ്ങളാണ് നടപ്പിലാക്കിയത് ;

(സി) ഓരോ പദ്ധതിക്കുമായി എത്ര തുക വീതം ചെലവഴിച്ചു ;

(ഡി) ഓരോ പദ്ധതി മുഖേനയും എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുകയുണ്ടായി ;

(ഇ) ഓരോ പദ്ധതി മുഖേനയും ഓരോ ജില്ലയിലും എത്ര വ്യക്തികൾക്ക് ആനുകൂല്യങ്ങൾ നൽകി ;

(എഫ്) ഓരോ പദ്ധതി മുഖേനയും ഓരോ ജില്ലയിലും ഏതൊക്കെ സ്ഥാപനങ്ങൾക്ക് എത്ര തുക വീതം ആനുകൂല്യങ്ങൾ നൽകിയെന്ന് വ്യക്തമാക്കുമോ ?

<u>പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടവരുടെ ഭവന നിർമ്മാണം.</u>

5021. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭൂരഹിതരായ പാവപ്പെട്ട എത്ര പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടവർക്ക് 2011-12ൽ ഭവന നിർമ്മാണത്തിനായി ഭൂമി വാങ്ങി നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ;

(ബി) ഇതിൽ എത്ര സെന്റ് ഭൂമിയാണ് വാങ്ങി നൽകുക?

<u>പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള സംവരണതോത്</u>

5022. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പട്ടികജാതി കമ്മീഷൻ നിലവിലുള്ള സംവരണ തോത് വർദ്ധിപ്പിക്കാൻ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടവർക്ക് നിലവിലുള്ള സംവരണതോത് എന്നാണ് നിലവിൽ വന്നതെന്ന് വിശദമാക്കാമോ ;

(സി) സംവരണ തോത് നിശ്ചയിച്ചിരിക്കുന്നത് ജനസംഖ്യാനുപാതികമാണെങ്കിൽ നിരക്ക് ഏത് രീതിയിലെന്ന് വ്യക്തമാക്കാമോ ?

ലംപ്സം ഗ്രാൻറ് വിതരണത്തിലെ കാലതാമസം

5023. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാൻറ് വിതരണം ചെയ്യുന്നതിൽ വലിയ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്ലസ് വൺ, പ്ലസ് ടു, ബിരുദമടക്കമുള്ള കോഴ്സുകളിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 2014-15 വർഷത്തെ ലംപ്സം ഗ്രാൻറ് ഇനിയും വിതരണം ചെയ്യാത്തതുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ഗ്രാൻറ് ഉടൻ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) അതാത് അദ്ധ്യയന വർഷങ്ങളിൽത്തന്നെ ലംപ്സം ഗ്രാൻറ് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

കോട്ടയം ജില്ലയിലെ സ്വയംപര്യാപ്ത ഗ്രാമങ്ങൾ

5024. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി സ്വയംപര്യാപ്തഗ്രാമങ്ങൾ പദ്ധതി പ്രകാരം സംസ്ഥാനത്ത് ഇതുവരെ എത്ര ഗ്രാമങ്ങൾ തിരഞ്ഞെടുത്തിട്ടുണ്ട് ;

(ബി) പദ്ധതി ആരംഭിച്ചതിനുശേഷം കോട്ടയം ജില്ലയിൽ നിന്ന് ഓരോവർഷവും തിരഞ്ഞെടുത്ത പട്ടികജാതി സ്വയംപര്യാപ്തഗ്രാമങ്ങൾ ഏതൊക്കെ എന്നും ഏതൊക്കെ നിയോജക മണ്ഡലങ്ങളിലും പഞ്ചായത്തിലും പെട്ടതാണെന്നും വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയിൽ ഇതുവരെ എത്ര ഗ്രാമങ്ങളുടെ പണി പൂർത്തിയായിട്ടുണ്ടെന്നും പദ്ധതി പൂർത്തിയാക്കാൻ അനുവദിച്ചിട്ടുള്ള കാലയളവ് എത്രയെന്നും വ്യക്തമാക്കുമോ?

പീരുമേട് ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്കൂളിന് അനുവദിച്ച ലാപ് ടോപ്പുകൾ

5025. **ശ്രീമതി.ഇ.എസ്.ബിജിമോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്കൂളിന് 21.1.2014-ൽ 5 ലാപ് ടോപ്പുകൾ അടിയന്തരമായി നല്കുവാൻ വകുപ്പുമന്ത്രി ഉത്തരവ് നല്കിയത് പ്രകാരം പ്രസ്തുത സ്കൂളിന് ലാപ് ടോപ്പ് നല്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് തീയതിയിലാണ് നൽകിയതെന്ന് വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ ഉത്തരവ് നടപ്പാക്കിയില്ലെങ്കിൽ ആയതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്ക് എതിരെ ശിക്ഷാനടപടി സ്വീകരിക്കുമോ?

തൊഴിൽതേടി വിദേശത്തുപോകുന്ന പട്ടികജാതിക്കാർക്ക് ധനസഹായം

5026. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽതേടി വിദേശത്തുപോകുവാൻ ആഗ്രഹിക്കുന്ന പട്ടികജാതിക്കാർക്ക് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ എത്ര രൂപവരെ ധനസഹായമായി അനുവദിക്കുന്നുണ്ട്;

(ബി) പ്രസ്തുത ധനസഹായത്തിന്റെ മാനദണ്ഡങ്ങളും തിരിച്ചടവും എപ്രകാരമാണെന്നും ഏത് ഏജൻസിയാണ്

സഹായം അനുവദിയ്ക്കുന്നതെന്നും വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം എത്ര പേർക്ക് പ്രസ്തുത പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

<u>ആയുർധാര പഞ്ചകർമ്മസെന്ററിന്റെ പ്രവർത്തനങ്ങൾ</u>

5027. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടിക വർഗ്ഗ വികസന ഫെഡറെഷന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിലെ പേരൂർക്കടയിൽ സ്ഥാപിച്ച ആയൂർധാര പഞ്ചകർമ്മസെന്ററിന്റെ ഇപ്പോഴത്തെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പട്ടികജാതി പട്ടിക വർഗ്ഗ വികസന ഫെഡറെഷന്റെ കീഴിലുള്ള തൃശ്ശൂർ അഞ്ചേരിയിലെ ആയൂർധാര ഫാർമസ്യൂട്ടിക്കൽസിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്നും ഈ സ്ഥാപനത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും ഈ സ്ഥാപനത്തെ പുനരുദ്ധരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ;

(സി) അഞ്ചേരിയിലെ ആയൂർധാര ഫാർമസ്യൂട്ടിക്കൽസിൽ ഉത്പാദനം പുനരാരംഭിക്കുന്നതിനും തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുവാനും അവരുടെ കുടിശ്ശിക ശമ്പളം ലഭ്യമാക്കാനും നടപടികൾ സ്വീകരിക്കുമോ?

<u>പട്ടിജാതി /പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനിലെ ജീവനക്കാർക്ക് ശമ്പളം</u>

5028. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരധികാരമേറ്റ ശേഷം പട്ടിജാതി / പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനിൽ എത്ര തവണ തെരഞ്ഞെടുപ്പ് നടത്തിയെന്നും ഭരണ സമിതികളെ എത്ര തവണ പിരിച്ചുവിട്ടുവെന്നും വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഭരണസമിതികളെ പിരിച്ചുവിടാനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനത്തിലെ മാനേജിംഗ് ഡയറക്ടർ, ബിസിനസ് മാനേജർ എന്നിവർക്ക് പ്രതിമാസ ശമ്പളം എത്രയാണ്; ആയത് ഏത് വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് നൽകുന്നത്; വെളിപ്പെടുത്തുമോ;

(ഡി) ഫെഡറേഷനിലെ ജീവനക്കാർക്ക് ശമ്പളം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകാൻ സ്ഥാപനത്തിന് സാമ്പത്തിക സ്ഥിതിയില്ലാത്ത സാഹചര്യത്തിൽ മാനേജിംഗ് ഡയറക്ടർക്കും ബിസിനസ് മാനേജർക്കും ശമ്പളം നൽകുന്ന രീതിയിൽ പ്രസ്തുത ജീവനക്കാർക്കും ശമ്പളം നൽകുവാൻ തയ്യാറാകുമോ;

(ഇ) പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാർക്ക് കൊടുത്തു തീർക്കാൻ കുടിശ്ശികയുള്ള ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്നും ആയത് എന്നത്തേക്ക് കൊടുത്തുതീർക്കാനാകുമെന്നും വെളിപ്പെടുത്തുമോ; പെൻഷനായ ജീവനക്കാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകാൻ കുടിശ്ശികയുള്ളത്; ആയത് എപ്പോൾ കൊടുത്തു തീർക്കാനാകുമെന്നും അറിയിക്കുമോ?

<u>പട്ടികജാതി വികസന വകുപ്പിന്റെ നേതൃത്വത്തിൽ മെഡിക്കൽ കോളേജ്</u>

5029. **ശ്രീ.വി.പി.സജീന്ദ്രൻ**

**,, ഐ.സി.ബാലകൃഷ്ണൻ**

**,, ടി.എൻ. പ്രതാപൻ**

**,, അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും

വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ നേതൃത്വത്തിൽ പുതിയ മെഡിക്കൽ കോളേജിന്റെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

കോർപ്പസ് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക

5030. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോർപ്പസ് ഫണ്ടിൽ നിന്നും പട്ടിക ജാതി പിന്നോക്ക ക്ഷേമ വകുപ്പ്എത്ര കോടി രൂപ വികസന പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; കാസർഗോഡ് ജില്ലയിൽ എന്തൊക്കെ വികസനപ്രവർത്തനങ്ങളാണ് പ്രസ്തുത ഫണ്ട് മുഖേന നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ

5031. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതി വികസന വകുപ്പ് മുഖേന കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വീടുകൾ

5032. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഓരോ വർഷവും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഭവനനിർമ്മാണത്തിനായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഓരോ വർഷവും അനുവദിച്ച വീടുകൾ അതാതു വർഷം തന്നെ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ പറയാമോ;

(സി) അനുവദിക്കപ്പെടുന്ന വീടുകൾ അതാതു വർഷം തന്നെ പൂർത്തിയാക്കുമെന്ന് ഉറപ്പാക്കാൻ ഏന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ;

(ഡി) കഴിഞ്ഞ നാല് വർഷം അനുവദിച്ചതിൽ പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന ആകെ എത്ര വീടുകൾ ഉണ്ടെന്ന് അറിയിക്കുമോ?

കൊട്ടാരക്കര മൈലം നായാടി സമുദായാംഗങ്ങൾ

5033. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്കിൽ മൈലം പ്രദേശത്തെ നായാടി സമുദായാംഗങ്ങളെ സംസ്ഥാനത്തെ പട്ടികജാതി ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത സമുദായക്കാരെ ഇപ്പോൾ ഏതു ജാതി വിഭാഗത്തിൽ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത് ; ആരാണ്

അതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചത് ;

(സി) ഒരു ജാതിയെയോ വർഗ്ഗത്തെയോ പട്ടികജാതിയുടെയോ പട്ടികവർഗ്ഗത്തിന്റെയോ പട്ടികയിൽ ഉൾപ്പെടുത്താനോ ഒഴിവാക്കാനോ ഉള്ള അധികാരം ഉള്ളത് ആർക്കാണ് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

## സർക്കാർ ലിസ്റ്റിൽ ഉൾപ്പെട്ട സമുദായങ്ങൾ

5034. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെങ്കിലും സമുദായത്തെ എസ്. സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനോ, എസ്. സി ലിസ്റ്റിൽ ഉൾപ്പെട്ട ഏതെങ്കിലും സമുദായങ്ങളെ ലിസ്റ്റിൽ നിന്നും നീക്കുന്നതിനോ ഉള്ള അപേക്ഷകൾ ലഭിക്കുകയോ , ആയതിനുള്ള നടപടി ആരംഭിക്കുകയോ ചെയ്തിട്ടുണ്ടോ ;എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഏതെങ്കിലും സമുദായത്തെ പുതുതായി ഒ. ബി. സി. ലിസ്റ്റിൽ ഉൾപ്പെടുത്തുകയോ നിലവിലെ ഏതെങ്കിലും സമുദായങ്ങളെ ഒഴിവാക്കുകയോ ചെയ്തിട്ടുണ്ടോ;എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) ഏതെങ്കിലും സമുദായത്തെ പുതുതായി ഒ .ഇ. സി. ലിസ്റ്റിൽ ഉൾപ്പെടുത്തുകയോ, നിലവിലെ ഏതെങ്കിലും സമുദായങ്ങളെ ഒഴിവാക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

## സ്വയംപര്യാപ്ത ഗ്രാമ പദ്ധതി

5035. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സ്വയം പര്യാപ്ത ഗ്രാമ പദ്ധതിയിൽപ്പെടുത്തി എത്ര പട്ടികജാതി കോളനികൾ നവീകരിച്ച് നൽകിയിട്ടുണ്ട്; നിയോജകമണ്ഡലം തിരിച്ച് വിശദാംശം നൽകാമോ;

(ബി) 2015-16 വർഷം ഉടുമ്പൻചോല നിയോജക മണ്ഡലത്തിലെ എത്ര പട്ടികജാതി കോളനികൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദാംശം നൽകാമോ;

(സി) ഇല്ലെങ്കിൽ മണ്ഡലത്തിൽനിന്നും കൂടുതൽ കോളനികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

## സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

T 5036. **ശ്രീ.സി.ദിവാകരൻ**

**,,** ഇ.കെ.വിജയൻ

**,,** ചിറ്റയം ഗോപകുമാർ

**,,** വി.ശശി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംപര്യാപ്ത ഗ്രാമം എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; എങ്കിൽ ഇതിനായി എത്ര കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ കോളനിയിലും എത്ര രൂപയുടെ വികസന പദ്ധതികൾ വീതമാണ് നടപ്പാക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതിയിൻകീഴിൽ കോളനികളിൽ എന്തെല്ലാം വികസന പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിക്കായി തെരഞ്ഞെടുത്ത കോളനികളിൽ മുൻപ് ഇത്തരം പദ്ധതി നടപ്പാക്കിയവയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

<u>സ്വയംപര്യാപ്ത ഗ്രാമങ്ങൾ</u>

5037. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പല സ്വയംപര്യാപ്ത ഗ്രാമങ്ങളുടെയും നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിച്ചതായുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ആയത് വിലയിരുത്തി നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

<u>കരുനാഗപ്പള്ളി മണ്ഡലത്തിലെ പ്രവൃത്തികൾ</u>

5038. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പട്ടികജാതി ക്ഷേമ വകുപ്പ് മുഖാന്തിരം കരുനാഗപ്പള്ളി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെയും വിതരണം ചെയ്ത വിവിധ സഹായങ്ങളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>നെയ്യാറ്റിൻകരയിലെ എസ്.സി കോർപ്പസ് ഫണ്ട് പ്രവൃത്തികൾ</u>

5039. **ശ്രീ.ആർ . സെൽവരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എസ്.സി കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാം ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) അവയിൽ നാളിതുവരെ പൂർത്തിയായവ ഏതെല്ലാം ; ഇനി പൂർത്തികരിക്കുവാൻ ഉള്ള പ്രവൃത്തികൾ ഏതെല്ലാം ; വിശദമാക്കാമോ ?

<u>പട്ടികജാതിക്കാർക്ക് പലിശരഹിത വായ്പ</u>

5040. **ശ്രീ.ജെയിംസ് മാത്യു**

**,,** എ.എം. ആരിഫ്

**,,** ആർ. രാജേഷ്

**ഡോ.കെ.ടി.ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായമോ മറ്റു തൊഴിലുകളോ ആരംഭിക്കുന്നതിന് പട്ടികജാതിക്കാർക്ക് പലിശരഹിത വായ്പ അനുവദിക്കാൻ പദ്ധതി രൂപീകരിച്ചിരുന്നോ;

(ബി) പദ്ധതി പ്രകാരം എത്ര പേർക്ക് മേൽപ്പറഞ്ഞ വിവിധ ആവശ്യങ്ങൾക്കായി വായ്പ അനുവദിച്ചെന്നും ആകെ നല്കിയ വായ്പാ തുക എത്രയെന്നും അറിയിയ്ക്കുമോ;

(സി) പദ്ധതിയുടെ ഫലമായി എത്ര പേർക്ക് സ്വയം തൊഴിൽ ഉൾപ്പെടെ തൊഴിൽ ലഭിച്ചുവെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ?

വൈക്കം നിയോജക മണ്ഡലത്തിൽ ടൂറിസം

5041. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ വൈക്കം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയെന്നും പ്രസ്തുത പദ്ധതികൾക്ക് എത്ര തുക വീതം വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) ഗ്രാമീണ ടൂറിസം പദ്ധതിക്ക് ഏറ്റവും കൂടുതൽ സാദ്ധ്യതയുള്ള വൈക്കത്ത് ഗ്രാമീണ ടൂറിസവുമായി ബന്ധപ്പെട്ട ഏതെല്ലാം പദ്ധതികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) വൈക്കത്തെ ചില പഞ്ചായത്തുകളിൽ അനുവദിച്ച ഉത്തരവാദിത്വ ടൂറിസം പദ്ധതിയുടെ ഇതുവരെയുള്ള പുരോഗതി വ്യക്തമാക്കുമോ ;

(ഡി) വിനോദസഞ്ചാര മേഖലയിൽ വൈക്കത്ത് ഇനി ഏതൊക്കെ പദ്ധതികൾക്കാണ് സാധ്യതയുള്ളതായി കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ജല വിമാന സർവ്വീസ് പദ്ധതി

5042. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല വിമാന സർവ്വീസ് പദ്ധതി എന്നു മുതലാണ് പുനരാരംഭിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ജല വിമാന സർവ്വീസ് പദ്ധതിയിൽ പങ്കാളിയാകുന്ന സ്ഥാപനത്തിന്റെ വിശദാംശങ്ങൾ ഉൾപ്പെടെ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് മുമ്പ് പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരാണ് പഠനം നടത്തിയത്; പഠന റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) പദ്ധതി പ്രഖ്യാപിച്ച ശേഷം പ്രതിഷേധവുമായി രംഗത്തുവന്ന പരിസരവാസികൾ, മത്സ്യത്തൊഴിലാളികൾ എന്നിവർ ഉന്നയിച്ച ആശങ്കകൾ പരിഹരിച്ചുവോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

കേരള വേസ്റ്റ് ഫ്രീ ഡെസ്റ്റിനേഷൻ സ്കീം

5043. **ശ്രീ.പി.എ.മാധവൻ**

**,, ആർ . സെൽവരാജ്**

**,, സണ്ണി ജോസഫ്**

**,, ലൂഡി ലൂയിസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വകുപ്പിന് കീഴിൽ "കേരള വേസ്റ്റ്ഫ്രീ ഡെസ്റ്റിനേഷൻ സ്കീമിന്" തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;വ്യക്തമാക്കാമോ?

ഹൗസ് ബോട്ടുകൾക്ക് വാടക നിരക്ക് നിശ്ചയിക്കൽ

5044. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിൽ ഹൗസ് ബോട്ടുകളിലെ മഴക്കാലത്തെ വിനോദയാത്ര സുരക്ഷിതമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) രജിസ്ട്രേഷൻ ഇല്ലാതെ സർവീസ് നടത്തുന്ന ഹൗസ് ബോട്ടുകൾക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) വിദേശ, ആഭ്യന്തര ടൂറിസ്റ്റുകളിൽ നിന്നും ഹൗസ് ബോട്ടുകൾ അന്യായമായ തുക ഈടാക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഹൗസ് ബോട്ടുകൾക്ക് വാടക നിരക്കു നിശ്ചയിച്ചു നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ വാടക നിശ്ചയിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ ?

<u>നിളാ ബ്യൂട്ടിഫിക്കേഷൻ</u>

T 5045. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാകവി കുഞ്ചൻനമ്പ്യാരുടെ ജന്മഗേഹം സ്ഥിതിചെയ്യുന്ന പ്രകൃതിരമണീയമായ ലക്കിടി പേരൂരിൽ ഭാരതപ്പുഴയുടെ തീരത്ത് "നിളാ ബ്യൂട്ടിഫിക്കേഷൻ" എന്ന ടൂറിസം പ്രോജക്ട് പരിഗണനയിലുണ്ടോ ;

(ബി) പാലക്കാട് ഡി .റ്റി. പി. സി. ശിപാർശ ചെയ്ത് അയച്ചുതന്ന പ്രോജക്ടിന്റെ കാലികസ്ഥിതി വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തര മലബാർ ജലോത്സവം</u>

5046. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഉത്തര മലബാർ ജലോത്സവത്തിന് കഴിഞ്ഞ വർഷം (2014-ൽ) 2 ലക്ഷം രൂപ അനുവദിച്ചതായി അറിയിച്ചിട്ടും പ്രസ്തുത തുക ലഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

<u>വയനാട് ജില്ലയിലെ ടൂറിസം മേഖലയുടെ വികസനം.</u>

5047. **ശ്രീ.എം.വി.ശ്രേയാംസ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ടൂറിസം മേഖലയുടെ വികസനം സംബന്ധിച്ച് വയനാട് ടൂറിസം ഓർഗനൈസേഷൻ സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ വിശദമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷയിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

<u>ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യവികസനം</u>

5048. **ശ്രീ.മോൻസ് ജോസഫ്**

**,, റ്റി.യു. കുരുവിള**

**,, തോമസ് ഉണ്ണിയാടൻ**

**,, സി.എഫ്.തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ അന്തർദേശീയ നിലവാരത്തിൽ ഉറപ്പ് വരുത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) ടൂറിസം മേഖലയുടെ വികസനത്തിന് പി.പി.പി. പദ്ധതികൾ വ്യാപകമാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ആലപ്പുഴ മെഗാ ടൂറിസം പദ്ധതി

5049. **ശ്രീ.സി.കെ സദാശിവൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഗാടൂറിസം പദ്ധതിയുടെ ഭാഗമായി കായംകുളത്ത് നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തികൾ ഏതൊക്കെയാണെന്നും ഓരോ പ്രവൃത്തികൾക്കും മാറ്റിവച്ചിട്ടുള്ള തുക എത്ര വീതം ആണെന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്നും ഇത് എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും വിശദമാക്കാമോ ?

കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന ടൂറിസം പദ്ധതികളിലെ ക്രമക്കേട്

5050. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന ടൂറിസം പദ്ധതികളിൽ ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് കേന്ദ്രം സംസ്ഥാന ടൂറിസം വകുപ്പിന് കത്ത് നൽകിയിട്ടുണ്ടോയെന്നു വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികളിലാണ് ക്രമക്കേട് കണ്ടെത്തിയതെന്ന് വിശദമാക്കാമോ;

(സി) ഇത്തരം ക്രമക്കേടുകൾ കേന്ദ്രസഹായം നിർത്തലാക്കുന്ന അവസ്ഥയുണ്ടാക്കുന്നതിന് കാരണമാകുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വിസിറ്റ് കേരള പദ്ധതി

5051. **ശ്രീ.സി.പി.മുഹമ്മദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പ്രഖ്യാപിച്ച "വിസിറ്റ് കേരള" പദ്ധതി യുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) മലബാർ മേഖലയിൽ ടൂറിസം വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ബേക്കൽ ടൂറിസം പദ്ധതിയുടെ വികസനം

5052. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബേക്കൽ ടൂറിസം പദ്ധതിയുടെ വികസനത്തിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ പുതിയ പ്രവൃത്തികളാണ് ചെയ്തിട്ടുള്ളതെന്നും ആയതിന് ഓരോന്നിനും എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ ?

ചടയമംഗലം ജഡായുപാറ ടൂറിസം പദ്ധതി

5053. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം ജഡായുപാറ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) ഇതിനായി സമയം നിശ്ചയിച്ച് നൽകിയിട്ടുണ്ടോയെന്നും പദ്ധതിക്ക് ഇതുവരെ എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

കിറ്റ്സ് കോഴ്സുകൾ

5054. ശ്രീ.വി.ശിവൻകുട്ടി

,, ബാബു എം. പാലിശ്ശേരി

,, കെ.വി.വിജയദാസ്

,, എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിറ്റ്സിലെ ഏതെങ്കിലും കോഴ്സുകൾ പ്രൈവറ്റ് ഏജൻസികൾക്ക് ക്ലാസ്സുകൾ നടത്തുന്നതിനായി വിട്ടു നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; പ്രസ്തുത ഏജൻസികളുടെ വിശദവിവരം നൽകുമോ;

(ബി) ഇപ്രകാരം കിറ്റ്സിലെ കോഴ്സുകൾ സർക്കാരിതര ഏജൻസികൾക്ക് നൽകുന്നതിന് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ;

(സി) അത്തരം കോഴ്സുകൾ നടത്തുന്നതിന് കിറ്റ്സ് പ്രസ്തുത ഏജൻസികളുമായി കരാറിലേർപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

തലശ്ശേരി മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

5055. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മണ്ഡലത്തിൽ ടൂറിസം വകുപ്പിന്റെ ഏതെല്ലാം പദ്ധതികളാണ് നിലവിൽ നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി ഓരോ പദ്ധതിക്കും എത്ര തുക നീക്കി വെച്ചെന്ന് വിശദമാക്കാമോ?

ചടയമംഗലം മീൻമുട്ടി വെള്ളച്ചാട്ട വികസനം

5056. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം മണ്ഡലത്തിലെ കുമ്മിൾ മീൻമുട്ടി വെള്ളച്ചാട്ടവുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പ തയ്യാറാക്കിയിട്ടുള്ള പദ്ധതിക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ ?

മൂന്നാർ ടൂറിസം വികസനപദ്ധതികൾ

5057. ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ ടൂറിസം വികസന പദ്ധതികൾ ഏതെങ്കിലും പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്ത് പദ്ധതികൾ ആണെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോ?

<u>വിനോദസഞ്ചാര മേഖലയിലെ പരസ്യ പ്രവർത്തനങ്ങൾ</u>

5058. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിനോദസഞ്ചാര മേഖലയിലെ സാദ്ധ്യതകൾ വിദേശത്തുനിന്നുള്ള ടൂറിസ്റ്റുകൾക്കു ബോധ്യപ്പെടുത്തുന്നതിനായി വിനോദസഞ്ചാരവകുപ്പ് മുഖാന്തിരം എന്തെങ്കിലും പരസ്യ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

<u>കല്യാശ്ശേരി മണ്ഡലത്തിലെ ടൂറിസം പ്രവൃത്തികൾ</u>

5059. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്യാശ്ശേരി മണ്ഡലത്തിൽ ടൂറിസം വകുപ്പ് മുഖേന ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ചെറുതാഴം ഗ്രാമപഞ്ചായത്തിലെ വയലപ്രപരപ്പ് ടൂറിസം പദ്ധതിയുടെയും മാടായി ഗ്രാമപഞ്ചായത്തിലെ ചൂട്ടാട് ടൂറിസം പദ്ധതിയുടെയും നിർമ്മാണ പുരോഗതി അറിയിക്കുമോ; ഇവയുടെ നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ കഴിയും;

(ബി) ഈ വർഷം ടൂറിസം വകുപ്പിനു കീഴിൽ ഭരണാനുമതി ലഭ്യമാക്കുന്നതിന് പുതിയ പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; പ്രസ്തുത പ്രോജക്ടിന് ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>വിനോദസഞ്ചാര സ്ഥാപനങ്ങളുടെ ആധുനികവൽക്കരണം</u>

5060. ശ്രീ.കെ.മുരളീധരൻ
,, അൻവർ സാദത്ത്
,, എം.എ. വാഹിദ്
,, പി.സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര സ്ഥാപനങ്ങളുടെ ആധുനികവൽക്കരണത്തിനും ശക്തിപ്പെടുത്തലിനും വേണ്ടി പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>തിരുവനന്തപുരം ജില്ലയിലെ വിനോദസഞ്ചാര പദ്ധതികൾ</u>

5061. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം ഫണ്ട് ഉപയോഗിച്ച് തിരുവനന്തപുരം ജില്ലയിലെ ഡി.റ്റി.പി.സി കളുടെ നിയന്ത്രണത്തിലുള്ള എത്ര ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വിവിധ ഏജൻസികൾ വഴി ഏതെല്ലാം പ്രോജക്ടുകളാണ് അനുവദിച്ചിട്ടുള്ളത് ; ഓരോ പ്രോജക്ടിന്റെയും പേര് , തുക, നിർമ്മാണ ഏജൻസി എന്നിവ സംബന്ധിച്ച വിവരങ്ങൾ

നൽകാമോ ;

(ബി) പ്രസ്തുത പദ്ധതികൾക്ക് സമയം നിശ്ചയിച്ചിരുന്നോ ; വ്യക്തമാക്കാമോ ;

(സി) ആക്കുളം ടൂറിസ്റ്റ് വില്ലേജിൽ ടൂറിസം വകുപ്പ് സംസ്ഥാന നിർമ്മിതി കേന്ദ്രം വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ ഓരോന്നിന്റെയും തുക, സമയം, നിർമ്മാണമേൽനോട്ടം എന്നിവ സഹിതം വിശദമാക്കാമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം, 16-07-2015

പി.ഡി.ശാരംഗധരൻ, സെക്രട്ടറി.

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].
"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.